

പൂവേ...
പൊലി പൂവേ...
ഓണം സ്പെഷൽ
ബ്രഹ്മശ്രീ
ത്രൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2024 ജൂലൈ–ആഗസ്റ്റ് വാല്യം : 21 – ലക്കം : 4

# ഷഷ്ടിപൂർത്തി

**കുറിച്ചി പുതുമന ഇല്ലത്ത് പി എൻ നാരായണൻ നമ്പൂതിരി**



**ചങ്ങനാശേരി ശാഖാ കുറിച്ചി പുതുമന ഇല്ലത്ത് പി എൻ നാരായണൻ നമ്പൂതിരിയുടെ ഷഷ്ടിപൂർത്തി 2024 ജൂലൈ 7 നു കുടുംബാംഗങ്ങളോടും ബന്ധുജനങ്ങളോടും കൂടി ആഘോഷിച്ചു.**

2024 ജൂലൈ–ആഗസ്റ്റ് : വാല്യം 21 – ലക്കം 4

# ബ്രഹ്മശ്രീ

**മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം**

**ദ്വൈമാസിക**

**ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം**
**ഭർഗ്ഗോദേവസ്യ ധീമഹി**
**ധിയോ യോ നഃ പ്രചോദയാത്**

## പത്രാധിപസമിതി

ഹരിമോഹൻ (ചീഫ് എഡിറ്റർ)
പുതുമന ഇല്ലം, കുറിച്ചി പി ഓ
ചങ്ങനാശേരി 686532 Ph : 9497465517

ടി വി നാരായണശർമ്മ (കേന്ദ്ര പ്രസിഡന്റ്)
താമരശേരി ഇല്ലം, മാലം പി ഓ
കോട്ടയം 686019, Ph : 9562356959

മോഹൻ കുമാർ പി എൻ (കേന്ദ്ര ജനറൽ സെക്രട്ടറി ഇൻ ചാർജ്)
പുതുമന ഇല്ലം, കുറിച്ചി പി ഓ
കോട്ടയം , Ph : 9447401027

ടി എൻ ബാബുകുമാർ (മാനേജിങ് എഡിറ്റർ )
ശ്രീമന, പുലിയന്നൂർ പി ഓ പാലാ 686573
Ph : 9446054154

ചന്ദ്രഗുപ്തൻ ഇളയത് (സബ് എഡിറ്റർ)
ചുള്ളിമംഗലത്ത് ഇല്ലം ചെമ്പ്  പി ഓ
വൈക്കം 686608, Ph :9447869162

ഡോ. കെ എൻ ഹരികൃഷ്ണശർമ്മ
(സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി ഓ
കോട്ടയം 686503, Ph : 9847598896

അമ്പിളി പി താമരശേരി
(സബ് എഡിറ്റർ)
താമരശേരി ഇല്ലം മാലം പി ഓ
കോട്ടയം 686019, Ph : 9847989402

അരുൺ കീച്ചേരിൽ (അഡ്വർടൈസ്മെന്റ് )
കീച്ചേരിൽ ഇല്ലം മുരിക്കുംപുഴ പാലാ പി ഓ
കോട്ടയം 686575, Ph : 9446846461

വി എൻ ടി നമ്പൂതിരി (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി ഓ
തൃപ്പൂണിത്തുറ, എറണാകുളം 682306
Ph : 9447566168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

**സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം**
**അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം**
**ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം**
**നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം**
**ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം**
**സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ**
**ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ**
**വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ**

## പത്രാധിപക്കുറിപ്പ്

സുകൃതികൾക്ക് നമസ്കാരം.

പുതുനൂറ്റാണ്ടിന്റെ (1200–ാം ആണ്ടിന്റെ) പിറവിയിൽ സന്തുഷ്ടരായ സമാജികരേ, കൃഷ്ണജന്മാഷ്ടമിയും വിനായക ചതുർത്ഥിയും കഴിഞ്ഞ് ഓണം കൊണ്ടാടുന്ന നമുക്ക് സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും നന്മ വിളിച്ചോതുന്ന മഹാബലി വാണിരുന്ന കാലത്തെ ഓർത്തെടുക്കാം. പ്രകൃതി തുടച്ചു നീക്കിയ വയനാടിന്റെ ദുരന്ത മേഖലയുടെ പുനരധിവാസം എത്രയും വേഗം സാധ്യമാകട്ടെ എന്നും ദുരന്ത ഭൂമിയിൽ പൊലിഞ്ഞ ജീവനുകൾക്ക് നിത്യത ഉണ്ടാകട്ടെ എന്നുമുള്ള പ്രാർത്ഥനയോടെ ഈ ലക്കം തുടങ്ങാം.

ഓണം എന്ന് കേൾക്കുമ്പോൾ തന്നെ മനസ്സിൽ ഓടി എത്തുന്ന പാട്ടാണ് 'മാവേലി നാടു വാണീടും കാലം' എന്നത്. വാമന ജയന്തി ദിനത്തെ മഹാബലിയുടെ ചരിത്രവുമായി ബന്ധപ്പെടുത്തി പറയുന്ന ഓണത്തിന്റെ ഐതിഹ്യം യഥാർത്ഥത്തിൽ നമ്മുടെ കൊച്ചു കേരളത്തിന്റെ കഥയല്ല. എന്നാൽ അത് ഐതിഹ്യമായി കാണാനും വിശ്വസിക്കാനുമാണ് മലയാളികൾക്ക് എന്നും ഇഷ്ടം. ഈ കഥകളെ തിരുത്താനോ അതിന്റെ പൊളിച്ചെഴുത്തിനോ അല്ല ഞാൻ മുതിരുന്നത്. മലയാളിയുടെ ഓണത്തെക്കുറിച്ച് ഒരു അൽപ്പം ചിന്തിക്കാം എന്നു മാത്രം കരുതുന്നു. പണ്ട് കാലത്ത് വിളവെടുപ്പിനും പുതുവർഷ പുലരിയുടെ വരവേൽപ്പിനും സാക്ഷ്യം വഹിക്കുന്ന കാലമായിരുന്നു ഓണം. അതുകൊണ്ടു തന്നെ ഓണം ആഘോഷത്തിന്റെ കാലമായി. വിവിധ കലാരൂപങ്ങളുടെ പ്രദർശനങ്ങളിലൂടെയും

**ഉപദേശകസമിതി**
**നാരായണ ശർമ്മ, അഡ്വ. വിജി വി. നമ്പൂതിരി**
**വലിയകുന്നം ഹരികുമാരൻ നമ്പൂതിരി**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

കാളകെട്ട് , വള്ളംകളി, അത്തച്ചമയം, പുലികളി, കുമ്മാട്ടി മുതലായ ആഘോഷങ്ങളിലൂടെയും കേരളം ഓണത്തെ വരവേൽക്കുന്നു. പുതുവസ്ത്രങ്ങൾ അണിയുവാനും നല്ല ആഹാരം കഴിക്കുവാനും പണ്ടു കാലത്തെ ജനങ്ങൾ ആശ്രയിച്ചിരുന്നത് ഓണത്തെയാണല്ലോ. അത്തം മുതൽ ഓരോ ദിനത്തിനും ഓരോ തരം തയ്യാറെടുപ്പുകളാണ്. നെല്ലു പുഴുങ്ങൽ, എണ്ണ ആട്ടൽ, വസ്ത്രം വാങ്ങൽ, ഉപ്പേരി വറുക്കൽ, പലചരക്കുകൾ വാങ്ങൽ, പച്ചക്കറികൾ വാങ്ങുകയും പറിച്ചു സൂക്ഷിക്കുകയും ചെയ്യൽ മുതലായവ. ഓരോ ദിവസത്തെയും തയാറെടുപ്പുകളുടെ ഫലമായി വേണം തിരുവോണത്തെ കാണാൻ. ഉത്രാടപ്പാച്ചിൽ എന്ന ഒരു പ്രയോഗം തന്നെ ഇങ്ങനെ ഉണ്ടായതായി നമുക്ക് കാണാം. ഋതുക്കളുടെ മാറ്റക്കാലം കൂടിയാണ് ഓണം. ഋതുഭേദങ്ങൾ മനസ്സിലാക്കാൻ മുൻ തലമുറകൾക്ക് കഴിഞ്ഞിരുന്നു. കരുതലുകൾക്കും അതിലൂടെ സാധിച്ചിരുന്നു. എന്നാൽ ഇന്ന് ഓണത്തിൽ എല്ലാം ഇൻസ്റ്റൻ്റും ഓൺലൈനുമായി മാറിക്കഴിഞ്ഞിരിക്കുന്നു. പൂക്കളങ്ങളിൽ വരവുപൂക്കൾ സ്ഥാനം കയ്യടക്കിക്കഴിഞ്ഞു. വസ്ത്രം ഓൺലൈനിലൂടെ അയച്ചു വരുത്തുന്നു. സദ്യക്ക് സ്വിഗ്ഗിയും സൊമാറ്റോയും മത്സരിക്കുന്നു. കളികൾ ടീവിയിൽ ഒതുങ്ങി. ഇങ്ങനെ തനിമ നഷ്ടപ്പെട്ട് ഓണ ത്തിന്റെ പ്രൗഢി നഷ്ടപ്പെട്ടു എന്ന് വേണം മനസ്സിലാക്കാൻ. പഴമ പൂർണ്ണമായും ഒഴിവാക്കാതെ തനിമ നഷ്ടപ്പെടുത്താതെ നമുക്ക് ഈ ഓണം കൊണ്ടാടാം. ദുരിത ബാധിതരുടെ സുഖജീവിതത്തിനായി പ്രാർത്ഥി ക്കാം. ഇത്രയും പറഞ്ഞു കൊണ്ട് പുതിയ ലക്കം ബ്രഹ്മശ്രീ നിങ്ങൾക്ക് സമർപ്പിക്കുന്നു.

**നാരായണൻ (ഹരി മോഹൻ)**
**പത്രാധിപർ**

## ആദരവ്




മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതി അംഗം എം മുകുന്ദന്റെ ഷഷ്ടിപൂർത്തിയോട് അനുബന്ധിച്ച് കേന്ദ്ര ജനറൽ സെക്രട്ടറി മോഹൻകുമാർ, കേന്ദ്ര ട്രഷറർ ത്രിവിക്രമൻ നമ്പൂതിരി എന്നിവർ ചേർന്നു മെമെന്റോ നൽകി ആദരിച്ചു

അവലോകനം

# MBS പ്രവർത്തന അവലോകനം

**ടി വി നാരായണശർമ്മ**
കേന്ദ്ര പ്രസിഡന്റ്

മലയാള ബ്രാഹ്മണ സമാജത്തിന്റെ പ്രവർത്തനങ്ങളിലെ ഒരു സുവർണ കാലഘട്ടമായിരുന്നു 2023-2024. MBS നു ദാനമായി ലഭിച്ച സ്ഥലത്ത് കുടികൊള്ളുന്ന പുരാതനമായ നാഗമംഗലം അയ്യപ്പ ക്ഷേത്രത്തിനു പുതിയ ശ്രീകോവിലിന്റെ പണികൾ 90 ശതമാനവും 2023-2024 കാലഘട്ടത്തിൽ പൂർത്തിയാക്കി ഈ സാമ്പത്തിക വർഷമാദ്യം യഥാവിധി അതിന്റെ പുനഃപ്രതിഷ്ഠ നടത്തുവാൻ കഴിഞ്ഞത് നമ്മുടെ ഭാഗ്യമായി കരുതുന്നു. സമാജത്തിന്റെ അങ്ങോളമിങ്ങോളമുള്ള ശാഖകളിൽ നിന്നായി 450 ഓളം അംഗങ്ങൾ എത്തി ചേർന്ന് പ്രതിഷ്ഠാ ചടങ്ങുകളിൽ പങ്കാളികളായി. നമ്മുടെ തന്ത്രിമാർ ഉൾപ്പടെ ഉള്ളവരുടെയും, ക്ഷേത്ര ഭരണസമിതി, സമഗ്രവികസന സമിതി അംഗങ്ങളുടെയും നിസ്വാർത്ഥമായ സേവനം മൂലമാണ് പുനഃപ്രതിഷ്ഠ ചടങ്ങു മംഗളകരമാക്കുവാനും കഴിഞ്ഞത്. ഇവരോട് ഓരോരുത്തരോടുമുള്ള സ്നേഹവും ആദരവും അറിയിക്കട്ടെ.

ഈ വർഷത്തെ പൂജാപഠന ക്യാമ്പ് കോട്ടയം ജില്ലയിലെ പേരൂർ മഞ്ഞപ്പള്ളി ഇല്ലത്ത് വച്ച് മുതിർന്നവർ ഉൾപ്പടെയുള്ള 36 പഠിതാക്കളുമായി 15 ദിവസം നടത്തുവാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമായി. ആയത് വിജയിപ്പിക്കുവാനായി എത്തിയ ആചാര്യന്മാരോടും കോട്ടയം ജില്ലാ നേതൃത്വത്തോടും വിശിഷ്യാ കോട്ടയം ടൌൺ ശാഖയോടും മഞ്ഞപ്പള്ളി കൃഷ്ണൻ ഇളയതിനോടും ഉള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു. രാമായണമാസം ശാഖാതലങ്ങളിലും ജില്ലാതലങ്ങളിലും കേന്ദ്ര സമിതിയുടെ ആഹ്വാനം അനുസരിച്ച് പാരായണം, പ്രഭാഷണം, പ്രശ്നോത്തരി തുടങ്ങി വിവിധ കലാപരിപാടികൾ ഉൾപ്പെടുത്തി വളരെ കൃത്യതയോടെ ചിട്ടയോടെ നടത്തുവാൻ കഴിഞ്ഞതും ചരിത്രം തന്നെ.

ഇല്ലങ്ങളിൽ നടക്കുന്ന വിശേഷ സന്ദർഭങ്ങളിൽ കുടുംബാംഗങ്ങൾ നൽകുന്ന സംഭാവനയാണ് ഹവിസ്സിന്റെ ആണിക്കല്ല്. ശാഖാതലത്തിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ജില്ലാ വഴി ഹവിസ്സിലേയ്ക്ക് വരികയും കേന്ദ്ര പ്രസിഡന്റ്, ജനറൽ സെക്രട്ടറി ഉൾപ്പടെ ഉള്ള ഹവിസ്സ് ഭരണസമിതി വിശദമായി പരിശോധിച്ച് പരമാവധി വേഗത്തിൽ ചെക്ക് കൈമാറി വരികയാണ്. സഹായ ധനം കൈപ്പറ്റുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയാണ് പതിവ്. 2023-2024 സാമ്പത്തിക വർഷം 2,85,000 രൂപയോളം അംഗങ്ങൾക്ക് സഹായധനം എത്തിക്കുവാൻ സാധിച്ചു. മാസവരി വിഹിതങ്ങൾ മാത്രമാണ് മലയാള ബ്രാഹ്മണ സമാജത്തിന്റെ ഏക വരുമാനമാർഗം. ആയതിനാൽ തന്നെ സമാജത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. എന്നിരുന്നാലും കേന്ദ്ര സമിതി പരസ്പര സഹായനിധി തുടങ്ങിയും ബ്രഹ്മശ്രീയുടെ സഹായത്താലും ദാനം കിട്ടിയ ഭൂമി വാങ്ങുന്നതിനു അംഗങ്ങളിൽ നിന്ന് ലോൺ ആയി വാങ്ങിയ തുക പൂർണമായും കൊടുത്തു തീർക്കുവാൻ ഈ വർഷം നമുക്ക് സാധിച്ചു. സാമ്പത്തിക പരാധീനത നമ്മുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ട്.

2024 ആഗസ്ത് 11 നു വാർഷിക റിപ്പോർട്ടും കണക്കും പാസാക്കുന്നതിനായി കേന്ദ്ര കൗൺസിൽ യോഗം നടത്തുകയുണ്ടായി. 180 ഓളം അംഗങ്ങൾ ഉൾകൊള്ളുന്ന കേന്ദ്ര കൗൺസിൽ യോഗം നടത്തുന്നതിനുള്ള ഹാൾ വാടകയായി ഭീമമായ ഒരു തുക തന്നെ നൽകേണ്ടി വരുന്നുണ്ട്. എന്നാൽ നമ്മൾ യോഗം നടത്തിയ ഹാളിൽ 100 പേർക്ക് ഇരിക്കുവാനുള്ള സൗകര്യം ഉണ്ട്. വാടകയും കുറവാണ്. എല്ലാ ജില്ലകളിൽ നിന്നുമുള്ള അംഗങ്ങൾക്ക് എത്തിച്ചേരുവാനുള്ള സൗകര്യവും ഉണ്ട്. ആ കൗൺസിൽ യോഗത്തിലെ പ്രധാന അജണ്ട നമ്മുടെ വാർഷിക റിപ്പോർട്ടും കണക്കും പാസ്സാക്കി സംഘടനയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കുകയും ആയിരുന്നു. 15 ദിവസങ്ങൾക്ക് മുൻപ് തന്നെ റിപ്പോർട്ടും കണക്കും അംഗങ്ങൾക്ക് എത്തിച്ചു നൽകിയെങ്കിലും മുഴുവൻ റിപ്പോർട്ടും കണക്കും വായിക്കേണ്ടി വരികയും ഏകദേശം 2 മണിക്കൂർ അക്കാര്യത്തിനു വേണ്ടി ചെലവാക്കേണ്ടി വരികയും ചെയ്തു. ആയതിനാൽ ഇതര കാര്യങ്ങൾക്കുള്ള ചർച്ചകൾക്ക് സമയം ലഭ്യമാകാതെ വന്നു.

വയനാട് ദുരിത ബാധിത മേഖലയിലെ പുനരധിവാസത്തിനുള്ള കാര്യങ്ങൾ ചർച്ചയ്ക്ക് വന്നപ്പോൾ പല അഭിപ്രായങ്ങൾ വരികയും ഒടുവിൽ സാമൂഹിക പ്രവർത്തനത്തിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാനും അതിൽ നിന്ന് ഒരു വിഹിതം വയനാട്ടിലേക്ക് യഥാസമയം എത്തിച്ചു നൽകുവാനും തീരുമാനമെടുത്തു. ആയത് സെപ്റ്റംബർ മാസത്തിൽ തന്നെ ആരംഭിക്കുവാനും തീരുമാനിച്ചു. സമഗ്രവികസന സമിതിയിലേക്ക് സംഭാവന തന്നവരുടെ പേരും തുകകളും അതാത് ശാഖയിൽ തന്നെ രേഖപ്പെടുത്തുന്നതാണ് ഉചിതമെന്നു സംഭാവന തന്നവരുടെ വിവരങ്ങൾ whatsapp ലൂടെ എല്ലാവരെയും അറിയിക്കുക എന്നത് പ്രായോഗികമല്ലെന്നും മാത്രമല്ല അത് ഒരു താരതമ്യപ്പെടുത്തലിനു കാരണമാകുമെന്നും സമാജം കരുതുന്നു.

ലേഖനം

# UNDERSTAND ?

സി വി എസ് ചേലമറ്റത്തില്ലം

വാസ്വഫനും മാധവനും നടന്നുകൊണ്ടേയിരിക്കുന്നു. നടത്തത്തിനിടയിൽ പല കാര്യങ്ങളും ചർച്ച ചെയ്യുന്നുമുണ്ട്. ഇടയ്ക്കിടയ്ക്ക് വാസ്വഫൻ മാധവനോടു ചോദിയ്ക്കും

"Do you understand?"

'ഇതിപ്പോ മാഷന്മാര് ചോദിക്കുന്ന കാര്യമല്ലേ. ഇങ്ങനെയല്ല ചോദിക്കുന്നത്. Understand? എന്ന് ചോദ്യരൂപേണ പറഞ്ഞിട്ട് കണ്ണു മിഴിച്ചൊന്നു നോക്കും മനസ്സിലായില്ലേ എന്ന അർത്ഥത്തിൽ.പേടിച്ചിട്ട് ആരും ഒന്നും മിണ്ടുകയില്ല. ഒരു മാഷ് ഉണ്ടായിരുന്നു മണിക്കൂറിൽ നൂറ് Understand ചോദിച്ചിരിക്കും. കുട്ടികൾ അദ്ദേഹത്തെ Understand sir എന്നാണ് പരാമർശിച്ചിരുന്നത്. Understand എന്ന വാക്കിൽ മനസ്സ് എന്നർത്ഥം വരുന്ന ഒരു ഭാഗവുമില്ലല്ലോ. പിന്നെയെങ്ങനെയാണ് ഈ ചോദ്യത്തിൽ മനസ്സിലായോ എന്ന താല്പര്യം വരുന്നത്?'' മാധവൻ ചോദിച്ചു.

''മനസ്സ് ഇപ്പോഴും ഒരു പിടികിട്ടാപ്പുള്ളിയാണ്. മനസ്സിന്റെ സ്വരൂപം, ശരീരത്തിലെ സ്ഥാനം ഇതൊന്നും ഇപ്പോഴും അറിഞ്ഞുകൂടെ. എല്ലാ അറിവുകളും മനസ്സിലാണ് സൂക്ഷിയ്ക്കപ്പെട്ടിരിക്കുന്നത്. എല്ലാ കാര്യങ്ങളും ആദ്യം രൂപം കൊള്ളുന്നതും മനസ്സിൽ തന്നെ. മനസ്സിലെ പ്ലാൻ ശരീരത്തിനെക്കൊണ്ട് നടപ്പിലാക്കുകയാണല്ലോ. അതവിടെ നിൽക്കട്ടെ. ഇവിടെ മനസ്സിലാവാനുള്ള വഴിയാണ് പറയുന്നത്. അണ്ടർസ്ടാന്റ് എന്നു പറഞ്ഞാൽ താഴെനിൽക്കുക, താഴെയായിരിക്കുക എന്നു തന്നെയാണ്. അറിവ് പകർന്നു കിട്ടണമെങ്കിൽ എല്ലാത്തരത്തിലും ഗുരുവിനെക്കാൾ താഴെയായിരിക്കണം. മുകളിൽ നിന്നും താഴോട്ടേ എന്തും പ്രവഹിയ്ക്കുകയുള്ളു. മുകളിലത്തെ ജലവിതാനത്തിൽനിന്നു താഴത്തെ ജലനിരപ്പിലേയ്ക്കേ ജലം ഒഴുകകയുള്ളു. രണ്ടു ലവലും ഒരുപോലെയായാൽ ഒഴുക്കുണ്ടാവുകയില്ല. ഉയർന്ന താപനിലയിൽനിന്നു താഴ്ന്ന താപനിലയിലേയ്ക്കാണ് താപോർജ്ജം പ്രസരിക്കുന്നത്. ഉയർന്ന മർദ്ദത്തിൽ നിന്നു താഴ്ന്ന മർദ്ദത്തിലേയ്ക്കാണ് വായുപ്രവാഹം അഥവാ കാറ്റ് ഉണ്ടാകുന്നത്. ഉയർന്ന പൊട്ടൻഷ്യലിൽ നിന്ന് താഴ്ന്ന പൊട്ടൻഷ്യലിലേയ്ക്കാണ് വൈദ്യുതിപ്രവാഹം ഉണ്ടാകുന്നത്. ശിഷ്യന്റെ മനോനില വിനയം കൊണ്ടും എളിമ കൊണ്ടും ഗുരുവിനെക്കാൾ താഴ്ന്നിരിക്കണം. എങ്കിലേ ഗുരു പറയുന്നത് മനസ്സിൽ ആവുകയുള്ളു .മനസ്സിലേയ്ക്കൊഴുകിയെത്തുകയുള്ളു. understand എന്നു ഗുരു ചോദിക്കുമ്പോൾ, നിനക്ക് അഹങ്കാരമൊന്നുമില്ലല്ലോ, വിനയപൂർവ്വമല്ലേ നീ വർത്തിയ്ക്കുന്നത് എന്നാണ് അർത്ഥമാക്കുന്നത്. അങ്ങനെയെങ്കിൽ മനസ്സിലാവും എന്നുറപ്പാണു. അതുകൊണ്ടാണ് understand എന്നതിനു മനസ്സിലായോ എന്ന് വിവർത്തനം വരുന്നത്

''ഗുരോരനുഗ്രഹേണൈവ
പുമാൻ പൂർണ്ണപ്രശാന്തയേത്'
( മനുസ്മൃതി)

ഗുരുവിന്റെ അനുഗ്രഹം കിട്ടിയ ഒരാളുടെ കാര്യം പറയാം. മുരാരി എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ഗുരുകുലത്തിൽ മറ്റു

പേജ് 5ലെ മാറ്റർ – തുടർച്ച

ആചാര്യ സ്വാമികളുടെ ഫോട്ടോ എല്ലാ കുടുംബങ്ങളിലും എത്തിക്കണമെന്നുള്ള നിർദേശം കൗൺസിൽ അംഗീകരിക്കുകയും ആളുകളുടെ എണ്ണം ശാഖാ തലത്തിൽ ശേഖരിച്ച് ജില്ല വഴി കേന്ദ്രത്തിൽ അറിയിച്ചാൽ നിശ്ചിത വിലയ്ക്ക് അംഗങ്ങൾക്ക് വിതരണം ചെയ്യുവാൻ സാധിക്കും. ഇത്തവണത്തെ ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 21, 22 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. ആയതിന്റെ ചുമതല കേന്ദ്ര വൈസ് പ്രസിഡന്റ് ശ്രീമതി മായ നാരായണനെ ഏല്പിക്കുകയും ചെയ്തു. അനാരോഗ്യം മൂലം കേന്ദ്ര ജനറൽ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ ദേവൻ ഇളയതിന് പകരം മോഹൻ കുമാർ പുതുമനയും ജോയിന്റ് സെക്രട്ടി ആയി കൃഷ്ണകുമാർ ആമ്പക്കാട്ടും ചുമതലയേറ്റു. നവതി ആഘോഷങ്ങളുടെ സമാപനമായി ഒരു സംസ്ഥാന സമ്മേളനം കോട്ടയത്ത് വച്ച് നടത്തുവാൻ തീരുമാനമായി.

വിവിധ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും മലയാള ബ്രാഹ്മണ സമാജത്തിന്റെ കൊടിക്കീഴിൽ ഒരേ മനസോടെ സമാജ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന അംഗങ്ങൾ തന്നെയാണ് നമ്മുടെ എക്കാല ത്തെയും ശക്തി എന്നതിൽ മറിച്ചൊരു അഭിപ്രായം ആർക്കും ഉണ്ടാകാറില്ല. ബൈലോ പ്രകാരം ശാഖാ പുനഃക്രമീകരണവും, പുതിയ ശാഖകളുടെയും ജില്ലാ സമിതികളുടെയും രൂപീകരണവും ഉൾപ്പടെ ഒരു പിടി വിഷയങ്ങൾ നമുക്ക് മുന്നിലുണ്ട്. എല്ലാക്കാര്യത്തിനും നിങ്ങൾ ഏവരുടെയും സഹായം പ്രതീക്ഷിക്കുന്നു.

ശിഷ്യന്മാരെ അപേക്ഷിച്ച് മണ്ടനും മടിയനുമായിരുന്നു മുരാരി. അതുകൊണ്ട് മറ്റു ശിഷ്യന്മാർക്ക് ഇയാളെ പുച്ഛവുമായിരുന്നു. മുരാരിയ്ക്ക് ഗുരുവിൽ വലിയ ഭക്തിയും വിശ്വാസവും ആയിരുന്നു. എല്ലാവരോടും ഒരു ദിവസം സ്വന്തമായി ഒരു ശ്ലോകം എഴുതിക്കൊണ്ടുവരുവാൻ പറഞ്ഞു. മറ്റെല്ലാവരും നേരത്തെ എത്തി ഗുരുവിനെ ശ്ലോകം ചൊല്ലിക്കേൾപ്പിച്ചു. മുരാരി മാത്രം എത്തിയില്ല. കൂട്ടുകാർ തമ്മിൽത്തമ്മിൽ നോക്കി ചിരിക്കാൻ തുടങ്ങി. അപ്പോഴതാ മുരാരി ഓടിയെത്തി ഗുരുവിന്റെ മുൻപിൽ സാഷ്ടാംഗം പ്രണമിച്ചു ദണ്ഡനമസ്ക്കാരം ചെയ്തു. ശ്ലോകം ഒന്നും ചൊല്ലിയില്ല. മുരാരി നമസ്ക്കരിച്ചുകിടന്നപ്പോൾ കൂട്ടുകാർ ദാരുഭൂതോ മുരാരി എന്നു പറഞ്ഞു ആക്ഷേപിച്ചു. മുരാരിയിതാ മരം വെട്ടിയിട്ടപോലെ കിടക്കുന്നു എന്നർത്ഥം. ഗുരുവിനു ഒരു സഹതാപം തോന്നി മുരാരിയോട്. അനുഗ്രഹത്തോടുകൂടി തന്റെ എല്ലാ അറിവുകളും നൽകി. ഉടനെ മുരാരി എഴുന്നേറ്റ് മുരാരിയുടെ ശ്ലോകം ചൊല്ലി.

ഏകാ കാന്താ പ്രകൃതിരചലാ ചഞ്ചലാ ച
ദ്വിതീയാ
ഏകഃ പുത്രോ ത്രിഭുവനജയീ മന്മഥോ
ദുർന്നിവാരഃ
ശേഷഃ ശയ്യാ വസതിരുദധിർവ്വാഹനം പന്നഗാരി:
സ്മാരം സ്മാരം സ്വഗൃഹചരിതം ദാരുഭൂതോ
മുരാരി

വെട്ടിയിട്ട മരം പോലെ കിടക്കുന്ന മുരാരി താനല്ല സാക്ഷാൽ മുരാരിയായ ശ്രീപദ്മനാഭനാണ് എന്നു ചുരുക്കം. മുരാരിയായ ഭഗവാൻ തന്റെ കുടുംബപ്രശ്നങ്ങളും ഓർത്താണ് അങ്ങനെ കിടക്കുന്നത്. എന്തൊക്കെയാണാ പ്രശ്നങ്ങൾ? മഹാവിഷ്ണുവിന് രണ്ടു ഭാര്യമാരാണുള്ളത്, ക്ഷമയും രമയും. ക്ഷമാരമാലംകൃത പാർശ്വഭാഗം എന്നാണ് നമ്പ്യാർ പറഞ്ഞിട്ടുള്ളത്. ഒരു ഭാര്യയാരാണു? പ്രകൃതി രചലയായ ഭൂമീദേവി. എന്തൊക്കെ പ്രശ്നമുണ്ടായാലും അനങ്ങാപ്പാറനയം. എല്ലാം സഹിച്ചും ക്ഷമിച്ചും അങ്ങനെയങ്ങിരിക്കും. രണ്ടാമത്തെ ഭാര്യയോ? ചഞ്ചലാ ച ദ്വിതീയാ. അടങ്ങിയൊരിടത്തിരിക്കുകയേയില്ല. എപ്പോഴും ഒരിടത്തു നിന്നു മറ്റൊരിടത്തേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സമ്പത്തിന്റെ ദേവതയായ മഹാലക്ഷ്മി. ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കെന്ന് രാമായണത്തിൽ ലക്ഷ്മണോപദേശത്തിൽ എഴുത്തച്ഛൻ.

ഒരുപുത്രനുണ്ട്, ത്രിഭുവനങ്ങളും ജയിക്കാൻ പോന്നവനാണ്. പക്ഷെ, മന്മഥനെ, കാമനെ ജയിക്കാൻ പറ്റിയിട്ടില്ല.''

'എത്ര പീഡനക്കേസിൽ പ്രതിയായിരിക്കും ആവോ'

''ആരാണാ മകൻ?പ്രദ്യുമ്നൻ. യുദ്ധനിപുണനാണ്. കാമദേവന്റെ പുനർജ്ജന്മമാണ്. പരമശിവന്റെ മൂന്നാം കണ്ണിലെ അഗ്നിയിൽ ചാരമായ കാമദേവൻ തന്നെ. അനംഗനായ കാമന് അംഗം കിട്ടിയത് പ്രദ്യുമ്നനിലൂടെയാണ്.

കിടക്ക എന്താണ്? ശേഷം ശയ്യ. ശേഷനാഗമാണ് മെത്ത. അനന്തനെന്ന പാമ്പാണ് മെത്ത. വസതി, വീട് എവിടെയാണ്? വസതി ഉദധി. പാൽക്കടലിലാണ് കിടപ്പ്. എപ്പോഴും ഇളകിമറിയുന്ന അവസ്ഥ. ഭഗവാന്റെ വാഹനം എന്താണ്? വാഹനം പന്നഗാരി. പാമ്പിന്റെ ശത്രു. അതായത് ഗരുഡൻ. എങ്ങനെ സമാധാനമായിട്ടു കിടന്നുറങ്ങാൻ പറ്റും? എപ്പഴാ വാഹനം മെത്തയും കൊത്തിപ്പറക്കുകയെന്നറിഞ്ഞുകൂടാ. ഇതൊക്കെയോർത്ത്, സ്മാരം സ്മാരം സ്വഗൃഹചരിതം, സ്വന്തം ഗൃഹത്തിലെ ഈ വൈരുദ്ധ്യങ്ങളൊക്കെ ഓർത്ത്, ദാരുഭൂതോ മുരാരി. മരം വെട്ടിയിട്ടപോലെ ദാ കിടക്കുന്നു, മുരാരി നാരായണൻ'

'ഈ ഒരു ശ്ലോകം മാത്രമേയുള്ളോ മുരാരിയുടേതായിട്ട്?''

'അനർഘരാഘവം എന്ന ഒരു സംസ്കൃതനാടകം മാത്രമേ കണ്ടു കിട്ടിയിട്ടുള്ളു. ശ്രീരാമകഥയാണ് നാടകത്തിന്റെ ഇതിവൃത്തമെന്ന് പേരിൽ നിന്നുതന്നെ മനസ്സിലാക്കാം'' ■

അനുപമമായ സാഹിതീസൗന്ദര്യമുണ്ടെങ്കിലും വൃഥാ സ്ഥൂലതയെന്ന വിമർശനവും ചില പണ്ഡിതന്മാർ ഉന്നയിച്ചിട്ടുണ്ട്. ഏതായാലും കാലാതിവർത്തിയായി നിലകൊള്ളുന്ന ഉത്തമ നാടകം തന്നെയാണെന്നതിനു സംശയമില്ല.

ഇങ്ങനെ പറഞ്ഞു നടന്നു നടന്ന് അവർ കൊല്ലം ജില്ലയിലെ മുഖത്തലയിൽ മുരാരി ക്ഷേത്രത്തിനു മുന്നിലെത്തി. ഭഗവദ്ദർശനവും ഭജനം പാർക്കലും ഉദ്ദേശിച്ച് അവർ ക്ഷേത്രത്തിലേയ്ക്കു പ്രവേശിച്ചു.

## അഭിനന്ദനങ്ങൾ



കൊരട്ടി ശാഖയിൽ തത്തമംഗലത്ത് ഇല്ലത്ത് കൃഷ്ണപ്രിയ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കി

# എന്റെ കുട്ടിക്കാലം

**പ്രൊഫ. കെ. ബാലചന്ദ്ര ശർമ,**
മുൻ കേന്ദ്ര പ്രസിഡന്റ്

എന്റെ UP സ്കൂൾ കാലത്തെ കുറിച്ച് കഴിഞ്ഞ ലക്കത്തിൽ ഞാൻ എഴുതിയിരുന്നല്ലോ. ഇത്തവണ ഹൈസ്കൂൾ കാലഘട്ടത്തെ കുറിച്ച് ഞാൻ പറയാം. വെള്ളിയാകുളം ഗവൺമെന്റ് യുപി സ്കൂളിലെ വിദ്യാഭ്യാസത്തിന് ശേഷം ഇല്ലത്തിന് ഏറ്റവും അടുത്തുള്ള ചേർത്തല ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളില് എന്നെ ചേർക്കുവാൻ അച്ഛൻ തീരുമാനിച്ചു. വെള്ളിയാകുളത്ത് നിന്നും ടിസിയും ഒക്കെ വാങ്ങി ഹൈസ്കൂളിൽ എത്തി. എനിക്ക് ആകെ ഒരു ഭയവും അങ്കലാപ്പും. പഴയ കൂട്ടുകാർ ആരും തന്നെ ഇല്ല. അതാ എന്റെ കൂടെ 7 വരെ പഠിച്ച ഒരാള്. വളരെ സന്തോഷം തോന്നി. ഞങ്ങൾ രണ്ട് പേരും ഒരേ ക്ലാസ്സിൽ തന്നെ. പ്രവേശനം എടുത്ത ശേഷം അച്ഛൻ എന്നെയും കൊണ്ട് അധ്യാപകരുടെ മുറിയിലേക്ക് പോയി. അവിടെ ഒരാളെ പരിചയപ്പെടുത്തി തരാം എന്ന് പറഞ്ഞു. അവിടെ ചെന്നപ്പോൾ ഞങ്ങളുടെ സ്വന്തം തങ്കപ്പ ചേട്ടൻ എന്ന് ഞങ്ങൾ വിളിക്കു ന്ന പുല്ലയിൽ ഇല്ലം പിവി പുരുഷോത്തമൻ നമ്പൂതിരി. വളരെ സന്തോഷം തോന്നി. പരിചയമുള്ള ഒരു മുഖം കൂടി ഉണ്ടല്ലോ .

ഇനി നമുക്ക് അക്കാലത്തെ ദിനചര്യയിലേക്ക് പോകാം.

രാവിലെ 4 മണിയോടെ എഴുന്നേറ്റു മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ പഠനം തുടങ്ങുന്നു. 6 മണി കഴിഞ്ഞു പ്രാഥമിക കർത്തവ്യങ്ങളൊക്കെ കഴിഞ്ഞ ശേഷം ഒരു കടുംകപ്പിയും കുടിച്ചു തോർത്തും ഉടുത്ത് കുളത്തിൽ കുളിക്കാൻ പോകുന്നു.

കുളി കഴിഞ്ഞു ഈറനും ഉടുത്ത് കിണറ്റിന്റെ കരയിൽ കമഴ്ത്തിവച്ചിരിക്കുന്ന കുടം എടുത്തു അതു നിറയെ വെള്ളം കോരി എടുക്കുന്നു. അതുമായി നാലുകെട്ടിലേക്ക്. നടുമുറ്റത്തിന് അരികിൽ അത് വച്ച ശേഷം അടുക്കളയിലേക്ക്. ഒരു അടുപ്പ് നിവേദ്യം വയ്ക്കാനായി മാറ്റിവച്ചിരിക്കും. അതിൽ തീ പിടിപ്പിക്കുന്നു. അറയിൽ കയറി ഒരു പിടി ഉണക്കലരി എടുത്തു കഴുകി കമഴ്ത്തി വച്ചിരിക്കുന്ന ചെറിയ ഉരുളിയിൽ ഇട്ട് കഴുകി എടുത്തു ആവശ്യത്തിന് വെള്ളവും ഒഴിച്ച് അടുപ്പത്ത് വയ്ക്കുന്നു.

തീ നന്നായി കത്തിച്ച ശേഷം നാലുകെട്ടിൽ വന്നു ഈറൻ തോർത്ത് മാറ്റി തൂണിൽ ചുറ്റിക്കെട്ടി വച്ചിരിക്കുന്ന കോടി പട്ടു എടുത്തു ഉടുക്കുന്നു. ശുദ്ധമായി ഇട്ടിരിക്കുന്ന ശീന്തലും എടുത്തു ഉടുത്ത് വരുന്നു. നടുമുറ്റത്തിന്റെ മൂലക്ക് സ്ഥാപിച്ചിരിക്കുന്ന ചാണയിൽ ചന്ദനമുട്ടി ഉപയോഗിച്ച് ചന്ദനം അരച്ച് എടുക്കുന്നു. അതു ഒരു ഇലക്കീറിൽ എടുത്തു വച്ച ശേഷം സാളഗ്രാമം വൃത്തിയാക്കാൻ എടുക്കുന്നു.

ഇതിന് ശേഷം

സാളഗ്രാമം ഇരിക്കുന്ന പാത്രം എടുത്തു കൊണ്ടുവന്നു നിർമാല്യ പൂക്കൾ ഒക്കെ കളഞ്ഞു കഴുകി കുളിപ്പിച്ച് എടുത്തു പൂജക്കുള്ള പലകയിൽ സ്ഥാപിക്കുന്നു. ഇതിനിടയിൽ അടുക്കളയിൽ പോയി നിവേദ്യം നല്ലപോലെ വെന്തോ എന്ന് നോക്കി വെള്ളം വറ്റിച്ച് എടുത്തു കിഴക്കേ കെട്ടിൽ കൊണ്ട് വന്നു വയ്ക്കുന്നു. അതിന് ശേഷം ഇല ചെറുതായി പൂണൂൽ ഉപയോഗിച്ച് കീറി എടുത്തു വയ്ക്കുന്നു. നിവേദ്യം ചട്ടുകം ഉപയോഗിച്ച് ആ ഇലക്കിറുകളിൽ വിളമ്പി വയ്ക്കുന്നു.

അതിന് ശേഷം പൂജ. പൂജ കഴിഞ്ഞു വേറേ തോർത്ത് ഒക്കെ ഉടുത്ത് വരുമ്പോഴേക്കും അല്പം വലിയ ഒരു ഇലക്കീറിൽ ഉരുളിയിലെ നേദിച്ച ചോറ് വിളമ്പി വച്ചിരിക്കും. അമ്മ തരുന്ന വെണ്ണയും കൂട്ടി അതു ഉണ്ണുന്നു. അപ്പോഴേക്ക് സ്കൂളിൽ പോകാൻ സമയമാകും. കഴിഞ്ഞ ലക്കത്തിൽ പറഞ്ഞത് പോലെ ഖദർ നിക്കറും ഷർട്ടും ഒക്കെ ധരിച്ച് ഇറങ്ങുന്നു. അമ്മ ഒരു ചെറിയ തൂക്ക് പാത്രത്തിൽ മോര് ഒഴിച്ച ചോറും അതിനകത്ത് ഒരു മെഴുക്ക് പുരട്ടിയോ തോരനോ വച്ചിരിക്കും. പുസ്തകങ്ങൾ ഒക്കെ തെക്കേപ്പുരയിൽ ആണ് വച്ചിരിക്കുന്നത്. അന്നത്തെ ടൈം ടേബിൾ പ്രകാരമുള്ള പുസ്തകങ്ങളും നോട്ട് ബുക്കുകളും അടുക്കി എടുത്തു ഒരു കറുത്ത റബർ ബാൻഡ് ഇട്ട് എടുക്കുന്നു. ഒരു കൈയ്യിൽ ഈ പുസ്തക കെട്ടും മറ്റെ കയ്യിൽ ചോറ്റ് പാത്രവുമായി 9 മണിയോടെ നേരെ ചേർത്തലക്കു ഒറ്റ നടപ്പ്. സ്കൂളിന് തൊട്ട് കിഴക്ക് മാറി ഒരു വീട്ടിൽ അച്ഛൻ പറഞ്ഞു വച്ചിരിക്കുന്ന പ്രകാരം ചോറ് പാത്രം കൊണ്ടു വച്ചിട്ടാണ് സ്കൂളിൽ പോകുന്നത്. ഉച്ചക്ക് ഇന്റർവെൽ സമയത്ത് അവിടെ വന്നിരുന്നു ചോറ് ഉണ്ടിട്ടു പോകും.

വൈകുന്നേരത്തെ പരിപാടി എല്ലാം പഴയപോലെ. വന്നു കുളിച്ചിട്ട് മാത്രം ഭക്ഷണം. കുറച്ചു നേരം പറമ്പിൽ ഒക്കെ നടക്കും. അതിന് ശേഷം വിളക്ക് കത്തിച്ചു

നാമജപം.

വൈകുന്നേരം ദുർഗാ പൂജ ഉണ്ട്. അച്ഛനാണ് സാധാരണ അതു കഴിക്കുന്നത്. എന്നോട് പറഞ്ഞു ഏൽപ്പിച്ചാൽ പ്രസ്തുത സമയത്ത് കുളിച്ചു പദ്മം ഇട്ട് അതും കഴിക്കണം. പഠനം എല്ലാം അതിന് ശേഷം. എല്ലാ വെള്ളിയാഴ്ചയും രാവിലെ ഗണപതി ഹോമവും വൈകുന്നേരം ഭഗവതി സേവയും കൂടി കഴിക്കേണ്ടതായി ഉണ്ട്

1960 മുതൽ 1963 വരെയുള്ള ഈ കാലയളവിൽ തന്നെ അച്ഛനിൽ നിന്നും എല്ലാ പൂജകളും ഹോമങ്ങളുമൊക്കെ അഭ്യസിച്ചു. കറുക ഹോമം, മൃത്യുഞ്ജയ ഹോമം തുടങ്ങിയ ഹോമങ്ങൾ, വിഷ്ണു പൂജ, ഭഗവതി സേവ, ത്രികാല പൂജ തുടങ്ങിയവ എല്ലാം തന്നത്താൻ ചെയ്യാൻ തുടങ്ങി. എന്നാൽ പഠനത്തിൽ ഒട്ടും പുറകോട്ടു പോയതും ഇല്ല. 63 മാർച്ചിൽ SSLC പാസാകുമ്പോൾ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ ഒരേ ഒരു First class മാത്രം. അത് എനിക്കായിരുന്നു എന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പോഴൊക്കെ പത്താം ക്ലാസിലെ വിജയ ശതമാനം കേരളത്തിൽ 16 ആയിരുന്നു. ഇപ്പോൾ അത് 99 ആയി മാറിയിരിക്കുന്നു.

അന്നൊക്കെ പബ്ലിക് പരീക്ഷകൾ തുടർച്ചയായി ആണ് നടത്തിയിരുന്നത്. ഒരു ബുധനാഴ്ച തുടങ്ങി അടുത്ത ബുധൻ തീരും. 6 ദിവസം, എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ഓരോ വിഷയം. ഇപ്പോഴത്തെ കുട്ടികൾക്ക് ചിന്തിക്കാൻ പറ്റുമോ?

സ്കൂൾ പഠന കാലത്ത് ഓർത്തിരിക്കാൻ ഉള്ള സംഭവങ്ങൾ വളരെ കുറവാണ്. സ്കൂൾ ACC ടീമിൽ ഞാൻ അംഗം ആയിരുന്നു. സ്കൂളിൽ തന്നെ 7 ദിവസത്തെ ഒരു ക്യാമ്പ് ഉണ്ടായിരുന്നു. അതിൽ ഞാനും പങ്കെടുത്തു. എന്നാൽ പല തരത്തിലും ഉള്ള കൂട്ടുകാരും ഒരുമിച്ചുള്ള താമസം എനിക്ക് ഒരു പേടി സ്വപ്നം തന്നെ ആയിരുന്നു. പുറത്ത് ടോയ്ലറ്റ് ഉപയോഗിച്ച് ശീലം ഇല്ലാത്തതിനാൽ 5 ദിവസം വരെ ഭക്ഷണം ഒക്കെ വളരെ കുറച്ച് കഴിച്ചു ടോയ്ലറ്റിൽ പോകാതെ ഇരുന്നു. ആറാം ദിവസം ആയപ്പോഴേക്കും ഭയങ്കര വയറ്റ് വേദന ആയി, അച്ഛനെ ആളയച്ചു വരുത്തി വീട്ടിൽ പറഞ്ഞു വിട്ടു. അങ്ങിനെ ക്യാമ്പ് പൂർത്തിയാക്കാൻ പറ്റിയില്ല!

സ്കൂൾ കാലഘട്ടങ്ങളിൽ മറ്റു പഠനേതര പരിപാടികളിൽ ഒന്നിലും ഞാൻ പങ്കെടുത്തിട്ടില്ല എന്ന് വളരെ സങ്കടത്തോടെ ഓർമിക്കുന്നു.

ഈ പഠന സമയത്തെല്ലാം MBS ന്റെ എല്ലാ വിധ പ്രോൽസാഹനവും എനിക്ക് കിട്ടിയിരുന്നു എന്ന് മാത്രമല്ല, അച്ഛന്റെ കൂടെ കഴിയുന്നത്ര യോഗ സ്ഥലങ്ങളിൽ പോകാറും ഉണ്ടായിരുന്നു.

അങ്ങിനെ 14 വയസ്സ് ആയപ്പോൾ പത്താം ക്ലാസ്സ് പാസ്സായി. അപ്പോഴല്ലേ മറ്റൊരു പുകില്. 15 വയസ്സ് തികഞ്ഞു എങ്കിൽ മാത്രമേ അടുത്ത പരീക്ഷ, പ്രി യൂണിവേഴ്സിറ്റി, എഴുതിക്കൂ. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടുത്ത ലക്കത്തിൽ...

*(തുടരും...)*

## അനുമോദനങ്ങൾ



ആൾ കേരള ബ്രാഹ്മിൻ ഫെഡറേഷൻ ട്രഷററായി വീണ്ടും തിരഞ്ഞെടുത്ത MBS കേന്ദ്ര സമിതിയംഗവും തിരുവനന്തപുരം ജില്ലാ ട്രഷററുമായ സി വി ശശികുമാറിന് അഭിനന്ദനങ്ങൾ

ലേഖനം

# രാമായണത്തിലെ മൊഴിമുത്തുകൾ

**നാരായണ ശർമ്മ,**
ആനിക്കാട്ടില്ലം, 9048105395

കൈരളിയുടെ നിത്യപുണ്യമാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട്. തുഞ്ചത്താചാര്യന്റെ കാവ്യതപസ്സിൽ നിന്നും സംഭൂതമായ ഈ കൃതി നമ്മുടെ മനസ്സിനെയും ചിന്തയെയും വിശുദ്ധീകരിച്ചുകൊണ്ടു സഞ്ചരിക്കുന്നു. മലയാളി ജീവിതം പഠിച്ചതും ഭാഷ പഠിച്ചതും ഈ കാവ്യഗ്രന്ഥം വായിച്ചിട്ടാണ് എന്ന് പറയാൻ കഴിയും. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ അനശ്വരങ്ങളായ കാവ്യമൊഴികളിലൂടെ ആ മൊഴിമുത്തുകളിൽ ചിലതിലൂടെ മാത്രം അല്പസമയം സഞ്ചരിക്കുക എന്നത് മാത്രമാണ് ഇപ്പോൾ ഇവിടെ ചെയ്യുന്നത്. ഇതിനെ ഒരു പ്രഭാഷണ ഗണത്തിൽ പെടുത്തേണ്ടതില്ല എന്ന് ആദ്യമേ പറഞ്ഞുകൊള്ളട്ടെ!

അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലൂടെ സഞ്ചരിക്കുമ്പോൾ ധാരാളം കാവ്യഭാഗങ്ങൾ സ്വതന്ത്രമായി നിന്ന് നമുക്ക് വളരെ മഹത്തായ സന്ദേശങ്ങൾ നൽകുന്നത് കാണാൻ സാധിക്കും. നമ്മുടെ നിത്യ സംഭാഷണങ്ങളിൽ പോലും ഇവയിൽ ചിലതൊക്കെ കടന്നു വരാറുമുണ്ട്. ഉദാഹരണത്തിന് 'താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താൻ അനുഭവിച്ചീടുകെന്നേ വരൂ' എന്നതും 'പ്രത്യുപകാരം മറക്കുന്ന പുരുഷൻ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' തുടങ്ങി പലതും നമ്മൾ ഉപയോഗിക്കുമ്പോഴും അവ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിൽ നിന്നാണ് എന്ന് നമ്മൾ പലപ്പോഴും ഓർക്കാറില്ല. ഇത്തരം അനേകം മൊഴിമുത്തുകളിൽ ചിലതു നമുക്ക് ഒന്നടുത്തു പരിചയപ്പെടാം.

ബാലകാണ്ഡത്തിൽ ഉമാമഹേശ്വരസംവാദത്തിൽ ഉള്ള ഈ വരികൾ ഒന്ന് ശ്രദ്ധിക്കൂ...

കിംക്ഷണന്മാർക്കു വിദ്യയുണ്ടാകയില്ലയല്ലോ
കിംകണന്മാരായുള്ളോർക്കർത്ഥവുമുണ്ടായ്വരാ
കിമൃണന്മാർക്കു നിത്യസൗഖ്യവുമുണ്ടായ്വരാ
കിംദേവന്മാർക്കു ഗതിയും പുനരതുപോലെ
(ഉമാമഹേശ്വരസംവാദം ബാലകാണ്ഡം)

അല്പസമയത്തെ നിസ്സാരമായിക്കാണുന്നവനാണ് കിംക്ഷണൻ.

അല്പധനം നിസ്സാരമാക്കുന്നവൻ കിംകണൻ

കടബാധ്യതയെ നിസ്സാരമായിക്കാണുന്നവൻ കിമൃണൻ

ഒരു ദേവനെയും ആരാധിക്കാത്തവൻ അഥവാ നിരീശ്വരവാദിയാണ് കിംദേവൻ.

അപ്പോൾ ഈ വരികളിലൂടെ തുഞ്ചത്താചാര്യൻ പറയുന്നതെന്താണ് എന്ന് നോക്കാം.

അല്പസമയത്തെ നിസ്സാരമായി തള്ളിക്കളയുന്നവന് വിദ്യയുണ്ടാവുകയില്ല. അല്പമായ ധനം നിസ്സാരമായി കരുതുന്നവന് സമ്പത്തുണ്ടാവുകയില്ല. കടബാധ്യതയുള്ളവന് ജീവിത സൗഖ്യം ലഭിക്കുകയില്ല. അതുപോലെ നിരീശ്വരനായ ഒരുവന് മോക്ഷ പ്രാപ്തിയും ഉണ്ടാവുകയില്ല. ഈശ്വരഭക്തിയുടെ മാഹാത്മ്യം വെളിപ്പെടുത്തുന്ന വരികളാണിവ, നാം ജീവിതത്തിൽ നിസ്സാരമായി തള്ളിക്കളയുന്ന പലതും വളരെ വിലപ്പെട്ടതായിരിക്കും എന്ന സന്ദേശവും ഇവിടെ നല്കുന്നു.

മക്കളുടെ ധർമ്മത്തെക്കുറിച്ചുപറയുന്ന മനോഹരമായ മറ്റൊരു മൊഴിമുത്ത് പരിചയപ്പെടാം. അയോധ്യാകാണ്ഡത്തിലെ വിച്ഛിന്നാഭിഷേകഭാഗത്താണിത്.

താതകാര്യമനാജ്ഞപ്തമെന്നാകിലും
മോദേന ചെയ്യുന്ന നന്ദനനുത്തമൻ;
പിത്രാ നിയുക്തനായിട്ടു ചെയ്യുന്നവൻ
മധ്യമനായുള്ള പുത്രനറിഞ്ഞാലും;
ഉക്തമെന്നാകിലുമിക്കാര്യമെന്നാലെ
കർത്തവ്യമല്ലെന്നു വച്ചടങ്ങുന്നവൻ
പിത്രോർമലമെന്നു ചൊല്ലുന്നു സജ്ജനം

ഇത്ഥമെല്ലാം പരിജ്ഞാതം മയാധുന—
(വിച്ഛിന്നാഭിഷേകം അയോധ്യാകാണ്ഡം )

പിതൃശുശ്രൂഷയുടെ മൂന്നു നിലവാരങ്ങളാണ് ആചാര്യൻ ഇവിടെ വിവരിക്കുന്നത്. മാതാപിതാക്കൾക്ക് വേണ്ടത് അവരുടെ നിർദ്ദേശത്തിന് കാത്തിരിക്കാതെ കണ്ടറിഞ്ഞു യഥാസമയം ചെയ്യുന്ന മക്കളാണ് ഉത്തമർ. മാതാപിതാക്കൾ പറഞ്ഞാൽ മാത്രം ചെയ്യുന്നവർ മധ്യമരേ ആവുന്നുള്ളൂ. ആവശ്യപ്പെട്ടാലും ചെയ്യാത്തവരുടെ കാര്യം പറയേണ്ടതില്ലല്ലോ.. അവർ അധമർ തന്നെ...

അയോധ്യാകാണ്ഡത്തിലെ ലക്ഷ്മണസാന്ത്വനഭാഗം വിശിഷ്ടങ്ങളായ ഈ വിധത്തിലുള്ള കാവ്യഭാഗങ്ങളാൽ സമ്പന്നമാണ്. ഏതാനും മൊഴിമുത്തുകൾ അവിടെനിന്നും നമുക്ക് പെറുക്കിയെടുക്കാം.

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം
(ലക്ഷ്മണോപദേശം അയോധ്യാകാണ്ഡം)

സുഖഭോഗങ്ങൾക്കു പിമ്പേ പരക്കം പായുന്നതിന്റെ വ്യർത്ഥതയാണ് ഈ വരികളിലൂടെ വ്യക്തമാക്കപ്പെടുന്നത്. ചുട്ടുപഴുത്തലോഹ

ത്തിൽ വീണ വെള്ളത്തുള്ളി അതിശീഘ്രം ആവിയായി മറയുന്നതുപോലെ മനുഷ്യജന്മവും സുഖാനുഭവങ്ങളുമെല്ലാം ക്ഷണികമാണ്.

ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ കാ
ലാഹിനാ പരിഗ്രസ്തമാം ലോകവു
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.
(ലക്ഷ്മണോപദേശം അയോധ്യാകാണ്ഡം)

പാമ്പിനാൽ പിടിക്കപ്പെട്ടിരിക്കുന്ന തവള മരണത്തിന്റെ പിടിയിലായവനാണല്ലോ.. അടുത്തനിമിഷം വരാൻ പോകുന്ന ദുരന്തം ആ നിസ്സഹായനായ ജീവി അറിയുന്നതേയില്ല. അപ്പോഴും അത് ആഹാരത്തിന് അന്വേഷിക്കുകയാണ്. അതേപോലെയാണ് കാലമാകുന്ന പാമ്പിന്റെ വായിലുള്ള മനുഷ്യൻ ചഞ്ചലമായ മനസ്സോടെ സുഖഭോഗങ്ങൾ തേടുന്നത്.

അയോധ്യാകാണ്ഡത്തിലെ ലക്ഷ്മണോപദേശഭാഗത്തിലെ തന്നെ മറ്റൊരു മൊഴിമുത്തുകൂടി പരിചയപ്പെടാം. ക്രോധത്താൽ എന്താണ് സംഭവിക്കുക എന്നും ക്രോധം ഉപേക്ഷിക്കണം എന്ന് പറയുന്നതും എന്തുകൊണ്ടാണ് എന്നും പറയുന്ന വരികളിതാ...

ക്രോധമൂലം മനസ്താപമുണ്ടായ് വരും
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം
(ലക്ഷ്മണോപദേശം അയോധ്യാകാണ്ഡം)

ക്രോധത്തിന്റെ പരിണതഫലമായി മനസ്താപമുണ്ടാകുന്നു. ലോകജീവിതവുമായി മനുഷ്യനെ ബന്ധിക്കുന്നതിൽ ക്രോധത്തിന് പ്രധാന സ്ഥാനമാണുള്ളത്. അത് ഒരുവന്റെ ആർജ്ജിതപൂരണങ്ങളെയെല്ലാം നശിപ്പിക്കുന്നു. അതിനാൽ സജ്ജനങ്ങളായിട്ടുള്ളവർ മനസാ വാചാ കർമ്മണാ ക്രോധം ഉപേക്ഷിക്കണം.

വളരെ പ്രസിദ്ധമായ ചില വരികൾ ഇതാ

നിത്യവും ചെയ്യുന്ന കർമ്മഗണഫലം
കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ ?
താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താൻ അനുഭവിച്ചീടുകെന്നേ വരൂ..
(വാല്മീകിയുടെ ആത്മകഥ അയോധ്യാകാണ്ഡം)

ദിവസേന ചെയ്യുന്ന കർമ്മങ്ങളുടെ ഫലങ്ങൾ അവ ചെയ്യുന്നയാൾ തന്നെ വേണം അനുഭവിക്കാൻ.. കർമഫലം പങ്കുവയ്ക്കാനാവില്ല.

ആരണ്യകാണ്ഡത്തിലെ ലക്ഷ്മണോപദേശഭാഗത്തിലെ ഭക്തിയുടെ പ്രാധാന്യം കാണിക്കുന്ന വരികൾ ഒന്നു ശ്രദ്ധിക്കാം...

നേത്രമുണ്ടെന്നാകിലും കാണ്മതിന്നുണ്ടു പണി
രാത്രിയിൽ തന്റെ പദം, ദീപമുണ്ടെന്നാകിലെ
നേരുള്ള വഴിയറിഞ്ഞീടാവിതവ്വണ്ണമേ
ശ്രീരാമഭക്തിയുണ്ടെന്നാകിലേ കാണായ് വരൂ
(ലക്ഷ്മണോപദേശം ആരണ്യകാണ്ഡം )

കണ്ണുണ്ടെങ്കിലും വെളിച്ചമില്ലെങ്കിൽ സ്വന്തം കാലു പോലും കാണാൻ കഴിയില്ല. വഴിയുടെ കാര്യം പറയേണ്ടതില്ലല്ലോ. ഇരുട്ടിൽ വിളക്കെന്ന പോലെ ജ്ഞാനത്തിന്റെ വഴിയിലൂടെ നയിക്കുന്നത് ശ്രീരാമഭക്തി മാത്രമാണ് എന്ന് ഉദാഹരണത്തിലൂടെ ഇവിടെ വ്യക്തമാക്കുന്നു. കിഷ്കിന്ധാകാണ്ഡത്തിലെ പ്രസിദ്ധമായ വരികളിതാ..

പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും.
(ഹനുമൽസുഗ്രീവ സംവാദം കിഷ്കിന്ധാകാണ്ഡം )

സാധാരണക്കാർ നിത്യസംവാദങ്ങളിൽ പോലും ഉപയോഗിക്കുന്നത്... അർഥം സ്പഷ്ടം

ആപത്ത് വന്നടുത്തീടുന്ന കാലത്തു
ശോഭിക്കയില്ലെടോ സജ്ജനഭാഷിതം
(അംഗദാദികളുടെ സംശയം കിഷ്ക്കിന്ധാകാണ്ഡം)

ആപത്തുകൾ വന്നടുക്കുന്ന നേരത്ത് നേരായ വഴികളോ ഉപദേശങ്ങളോ ഒന്നും ആർക്കും ഹിതകരമാവുകയില്ല. ദുരന്തങ്ങളിൽ നിന്നും ഒഴിവാകുവാൻ വേണ്ട ഉപദേശങ്ങൾ കൊടുത്താലും ഫലമുണ്ടാകുന്നതല്ല. അവിടെ ഉപദേശകൻ ശത്രുവായിത്തതീരാനാണ് കൂടുതൽ സാധ്യത.

ദേഹോഹമെന്നുള്ള ഭാവനയാ മഹാ
മോഹേന സൗഖ്യദുഃഖങ്ങളുണ്ടാകുന്നു
(സമ്പാതിവാക്യം കിഷ്കിന്ധാകാണ്ഡം)

നശ്വരമായ ഈ ദേഹമാണ് താൻ എന്ന് ഭാവിച്ചു കഴിയുന്നത് അറിവില്ലായ്മയാണ്. അതുമൂലമാണ് സൗഖ്യദുഃഖങ്ങൾ ഉണ്ടാകുന്നത്.

സുന്ദരകാണ്ഡത്തിലേക്കു കടന്നാൽ....

''പരപുരിയിലൊരു നൃപതികാര്യാർത്ഥമായതി
പാടവമുള്ളൊരു ദൂതം നിയോഗിച്ചാൽ
സ്വയമതിനൊരഴിനിലയൊഴിഞ്ഞു സാധിച്ചഥ
സ്വസ്വാമികാര്യത്തിനന്തരമെന്നിയേ
നിജഹൃദയചതുരതയൊടപരമൊരു കാര്യവും
നീതിയോടെ ചെയ്തു പോവമനുത്തമൻ
(ലങ്കാമർദ്ദനം സുന്ദരകാണ്ഡം)

രാജാവ് ഒരു കാര്യത്തിനായി സമർത്ഥനായ ഒരു ദൂതനെ അ രാജധാനിയിൽ അയച്ചുവെന്നിരിക്കട്ടെ. അതു യാതൊരു തടസ്സവും കൂടാതെ നിർവ്വഹിച്ച്, സ്വന്തം മനോഗതമനുസരിച്ച് നീതിയുക്തമായ മറ്റൊരു കാര്യം കൂടി ചെയ്തിട്ടു പോകുന്നവനാണ് ഉത്തമദൂതൻ.

യുദ്ധകാണ്ഡത്തിലെ ചില മൊഴിമുത്തുകൾ കൂടികണ്ട് നമുക്കുപസംഹരിക്കാം...

'നല്ലതു ചൊല്ലേണമെല്ലാവരും തനി
ക്കുള്ളവരോടു ചൊല്ലുള്ള ബുധജനം;

കല്യാണമെന്തു കുലത്തിനെന്നുള്ളതും
എല്ലാവരുമൊരുമിച്ചു ചിന്തിക്കണം
(രാവണവിഭീഷണസംവാദം യുദ്ധകാണ്ഡം)

സജ്ജനങ്ങളായിട്ടുള്ളവർ കാര്യങ്ങളുടെ ശുഭാശുഭങ്ങളെ കണ്ടറിഞ്ഞ്, നല്ല വശങ്ങൾ മാത്രം സ്വന്തജനങ്ങൾക്ക് പറഞ്ഞു കൊടുക്കുവാൻ ശ്രമിക്കണം. അതേ പോലെ തന്റെ വംശത്തിനു നന്മ വരുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് എല്ലാവരും ഒരുമിച്ചിരുന്ന ചിന്തിക്കേണ്ടതാണ്. അല്ലാതെ ഒരുവൻ ഏകപക്ഷീയമായ തീരുമാനമെടുക്കുന്നത് തികച്ചും അനുചിതമാകുന്നു.

ഇഷ്ടംപറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം
(രാവണവിഭീഷണസംവാദം യുദ്ധകാണ്ഡം)
സുഖത്തിലുണ്ടാം സഖിമാരനേകം...
========
ഇന്ദ്രിയങ്ങൾക്കു വശനായിരിപ്പവ
നെന്നുമാപത്തൊഴിഞ്ഞില്ലെന്നു നിർണ്ണയം
ഇന്ദ്രിയഗ്രാമം ജയിച്ചിരിക്കുന്നവ
നൊന്നുകൊണ്ടും വരാ നൂനമാപത്തുകൾ
(കുംഭകർണ്ണന്റെ നീതിവാക്യം യുദ്ധകാണ്ഡം)

'ആത്മാവ് രഥിയും ശരീരം രഥവും ബുദ്ധി സാരഥിയും മനസ്സ് കടിഞ്ഞാണും ഇന്ദ്രിയങ്ങൾ കുതിരകളും ഇന്ദ്രിയവിഷയങ്ങൾ പോകുവാനുള്ള വഴികളും ആണ്. ആരാണോ എല്ലായ്പ്പോഴും അനിയന്ത്രിതമായ മനസ്സോടുകൂടി വിവേകമില്ലാത്തവനായി ഭവിക്കുന്നത്, അവന്റെ ഇന്ദ്രിയങ്ങൾ അനിയന്ത്രിതമാകുന്നു. യാതൊരു ബുദ്ധിയാകുന്ന സാരഥിയാണോ എപ്പോഴും നിയന്ത്രിതമായ മനസ്സോടുകൂടി വിവേകമുള്ളവനായി ഭവികുന്നത്, ആ ബുദ്ധിക്ക് ഇന്ദ്രിയങ്ങൾ വിധേയങ്ങളായി ഭവിക്കുന്നു. യാതൊരുവൻ വിവേകമുള്ളവനായും മനോനിയന്ത്രണമുള്ളവനായും എപ്പോഴും ശുദ്ധാന്തഃകരണനായും ഭവിക്കുന്നുവോ, അവൻ പുനർജനനമില്ലാത്ത ആ പദത്തെ പ്രാപിക്കുന്നു. ' കഠോപനിഷത്

രാമായണത്തിലൂടെ കടന്നു പോകുമ്പോൾ എത്രയോ എത്രയോ ആശയസമ്പുഷ്ടങ്ങളായ ജീവിതഗന്ധികളായ ഇത്തരം മൊഴിമുത്തുകൾ കാണുവാൻ സാധിക്കും. അവയിൽ വളരെ കുറച്ചു മാത്രമേ നമ്മൾ ഇതു കണ്ടുള്ളൂ.. രാമായണ പാരായണം നടത്തുമ്പോൾ കുട്ടികൾക്ക് ഇത്തരം ചില ഭാഗങ്ങൾ ആവർത്തിച്ചു കേൾപ്പിക്കാൻ നമ്മൾ ശ്രദ്ധിച്ചാൽ അവർ അത് വളരെ എളുപ്പത്തിൽ മനഃപാഠമാക്കുകയും പതുക്കെ പതുക്കെ അതിലെ നല്ല ആശയങ്ങൾ അവരിൽ സ്വാധീനം ചെലുത്തും എന്നതിലും സംശയമില്ല. ഈ ഒരു കാഴ്ചപ്പാടിലും കൂടി രാമായണ പാരായണം നടത്തുവാൻ നമുക്ക് സാധിക്കട്ടെ എന്നാഗ്രഹിക്കുന്നു...

## നവതിയോടനുബന്ധിച്ച് ബ്രഹ്മശ്രീ വിശേഷാൽ പതിപ്പ്

പ്രിയ വായനക്കാരെ

മലയാള ബ്രാഹ്മണ സമാജം നവതി ആഘോഷങ്ങളുടെ ഭാഗമായി **ബ്രഹ്മശ്രീ വിശേഷാൽ പതിപ്പ്** (സ്മരണിക) 2025 മെയ് മാസത്തിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ പുറത്തിറക്കുന്നു. ആയതിലേക്ക് ആവശ്യമായ പരസ്യങ്ങൾ സംഘടിപ്പിക്കുന്നതിനു എല്ലാവരുടെയും ആത്മാർത്ഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പരസ്യ നിരക്കുകൾ താഴെ പറയുന്നു

| | | |
|---|---|---|
| Back Cover | - | 20000 |
| Front/Back inner | - | 15000 |
| Inner Full Page | - | 6000 |
| Inner Half Page | - | 3000 |
| Inner Quarter Page | - | 1500 |
| Aashamsakal | - | 1000 |

പരസ്യങ്ങൾ നൽകുന്ന വ്യക്തിക്ക്/ ശാഖയ്ക്ക് 10% കമ്മീഷൻ നൽകുന്നതാണ് (ആശംസ പരസ്യങ്ങൾ ഒഴികെ)

പത്രാധിപസമിതി

ലേഖനം

# കേകയതിലകം

സ്മിത
സൗപർണിക ഇല്ലം, കൂത്താട്ടുകുളം ശാഖാ

കേകയ രാജാവായ അശ്വപതിയുടെ മകളാണ് കൈകേയി. സൂര്യവംശജാതനായ ദശരഥമഹാരാജാവിന്റെ മൂന്നു വധുക്കളിൽ ഏറെ സുന്ദരിയും സൗഭാഗ്യവതിയുമായിരുന്നു കൈകേയി. എങ്കിലും പ്രഥമ ഭാര്യയായ കൗസല്യാദേവിക്കോ ദ്വിതീയ വധുവായ സുമിത്രാദേവിക്കോ തൃതീയ വധുവായ കൈകേയിക്കോ മക്കൾ ജനിക്കാത്തതിൽ മഹാരാജാവ് അതീവ ദുഃഖിതനായിരുന്നു.

പുത്രലബ്ധിക്കായി വസിഷ്ഠ മുനിയുടെ ഉപദേശപ്രകാരം വിഭാണ്ഡക മുനിയുടെ പുത്രനായ ഋഷ്യശൃംഗനെ വരുത്തി പുത്രകാമേഷ്ടി യാഗം നടത്തി. പൂർവ്വജന്മത്തിൽ കശ്യപരാജവായിരുന്ന ദശരഥമഹാരാജാവിനും അദിതിയായിരുന്ന കൗസല്യാദേവിക്കും പുത്രനായി വിഷ്ണുഭഗവാൻ പൂർണാവതാരമായി ജന്മം കൊണ്ടു. മഹാവിഷ്ണുവിന്റെ ശംഖ് അവതാരമായി കൈകേയിക്ക് ഭരതനും, സുദർശന ചക്രം, ആദിശേഷൻ എന്നിവയുടെ അവതാരമായി സുമിത്രാദേവിക്ക് യഥാക്രമം ശത്രുഘ്നനും ലക്ഷ്മണനും ജന്മമെടുത്തു. രാജകുടുംബം സന്തോഷമുഖരിതമായി. അയോദ്ധ്യാനിവാസികൾ ആനന്ദനൃത്തം ചവിട്ടി. രാജകുമാരന്മാർ നാലുപേരും സുരക്ഷിതരായി മൂന്ന് അമ്മമാരുടെയും കൈകളിലൂടെ വളർന്ന് വന്നു. കാലാനുസൃതമായ വിദ്യാഭ്യാസം കൊടുത്ത് അവരെ കാര്യപ്രാപ്തി ഉള്ളവരാക്കി വളർത്തി.

രാജ്യഭരണം ഏറ്റെടുക്കുവാൻ പ്രാപ്തരാണെന്നു ബോധ്യപ്പെട്ട രാജാവ് രാജ്യഭാരം പുത്രനു കൈമാറുന്നതിനെക്കുറിച്ച് തീരുമാനമെടുത്തു. രാജകിരീടം സീമന്ത പുത്രനായ സാക്ഷാൽ ശ്രീരാമന്റെ കയ്യിൽ ഭദ്രമാണെന്ന് കണക്ക് കൂട്ടി. ശ്രീരാമാഭിഷേകം നടത്തുന്നതിന് അയോദ്ധ്യാപുരിയോട് ഒരുങ്ങുവാൻ കല്പന കൊടുത്തു. പ്രജകൾ ആനന്ദപുളകിതരായി. വാദ്യഘോഷങ്ങൾ എവിടെയും മുഖരിതമായി. അയോദ്ധ്യാപുരി പുഷ്പാലങ്കാരങ്ങൾ കൊണ്ട് വർണ്ണശോഭനമായി. ശ്രീരാമപട്ടാഭിഷേകം സ്വന്തം തോഴിയായ മന്ഥരയിൽ നിന്ന് അറിഞ്ഞ മാത്രയിൽ സന്തോഷാധിക്യത്താൽ കേകയപുത്രി തുള്ളിച്ചാടുകയായിരുന്നു. അടുത്തമാത്രയിൽ തന്നെ രാജാമാതാപദവി കൈകേയിക്കല്ല കൗസല്യാദേവിക്കാണ് കൈവരിക എന്ന് തോഴി മന്ഥര ഓർമ്മിപ്പിച്ചപ്പോഴാണ് ബുദ്ധിമതിയായ കൈകേയിക്ക് കുലബോധവും, ധർമ്മരക്ഷ യും രാജ്യകർത്തവ്യവും ഓർമ്മ വന്നത്.

വരങ്ങൾ ചോദിക്കുവാനുള്ള മന്ഥരയുടെ ഉപദേശം ആദ്യമേ തള്ളിക്കളഞ്ഞെങ്കിലും ഇപ്പോളത് പ്രശ്നപരിഹാരത്തിനുള്ള മറുമരുന്നായി അവൾ കണക്കുകൂട്ടി. ദേവാസുരയുദ്ധത്തിനിടയിൽ രഥചക്രം ഊരി മാറിയ നേരം സ്വന്തം കൈവിരൽ വച്ച് ചക്രസ്ഥാനം ഉറപ്പിച്ച് പ്രിയതമന്റെ ജീവൻ രക്ഷിച്ച തനിക്ക് രാജാവ് വച്ച് നീട്ടിയ വരങ്ങൾ!. ഈ വരങ്ങൾ പ്രയോജനപ്പെടുത്തണം. രാജ്യത്തെ രക്ഷിക്കണം, കുലനാശം തടയണം. അവൾ ഉറച്ച തീരുമാനമെടുത്തു.

യാതൊരു ദാക്ഷിണ്യവുമില്ലാതെ, ഭരതനെ രാജാവാക്കുക, രാമനെ പതിന്നാലു വർഷക്കാലം വനത്തിലയക്കുക – ഇവയാണ് രണ്ടു വരങ്ങളായി രാജാവിനോട് അവൾ ആവശ്യപ്പെട്ടത്. രാജമനസ്സ് തകർന്നു പോയി. വിവേകത്തെക്കാൾ വികാരത്തിന് അടിമപ്പെട്ടു പോയ ആ നിമിഷത്തെ രാജമനസ്സ് സ്വയം ശപിച്ചു കാണും. അരുതെന്ന് എത്ര യാചിച്ചിട്ടും വഴങ്ങാത്ത കൈകേയിയുടെ മുമ്പിൽ ദശരഥ രാജാവ് ബോധമറ്റ് വീണു. ബോധമുണർന്നപ്പോൾ അവളുടെ മനസ്സിന് യാതൊരു മാറ്റവുമില്ലെന്നു മനസിലാക്കിയപ്പോൾ ഭരതന് രാജ്യഭാരം നൽകാമെന്നും രാമനെ വനത്തിലയക്കരുതെന്നും കേണപേക്ഷിച്ചു നോക്കി. പക്ഷെ ഫലം കണ്ടില്ല.

ഇതിന്റെ കാരണമെന്താണെന്ന് അറിയുമ്പോഴാണ് യഥാർത്ഥ കൈകേയിയെ തിരിച്ചറിയുന്നത്. അത് എന്താണെന്ന് പറയാം. സരയൂ നദിയുടെ തീരത്ത്, നായാട്ടു നേരത്ത്, തന്റെ അന്ധരായ മാതാപിതാക്കൾക്കായി കുടത്തിൽ വെള്ളമെടുത്ത് കൊണ്ടിരിന്ന ശ്രവണകുമാരന്റെ മരണത്തിന് ഉത്തരവാദിയായ മഹാരാജാവിനെ 'ഒരിക്കൽ നീയും ഈ വിധി നേരിടുമെന്നും പുത്രദുഃഖം മൂലം നീയും മരിക്കും' എന്ന് ശ്രവണകുമാരന്റെ പിതാവും അന്ധനുമായ ശന്തനുമുനി ശപിക്കുകയുണ്ടായി. മുനിശാപം ഫലിക്കുമെന്നുറപ്പുണ്ടായിരുന്ന കൈകേയി പുത്രദുഃഖം, പുത്രമരണം മൂലവും സംഭവിക്കാമല്ലോ എന്ന് ചിന്തിച്ചപ്പോഴാണ് അവളിലെ മാതൃത്വവും ഉത്തരവാദിത്വബോധവും ഉണർന്നെഴുനേറ്റത്. പുത്രമരണം യാതൊരു കാരണവശാലും സംഭവിച്ചു കൂടാ. പുത്രമരണം ഒഴിവാക്കി, പുത്രവിയോഗത്തിൽ ഒതുക്കി തീർക്കുന്നതിന് വേണ്ടിയാണ് രാമനെ പതിന്നാലു വർഷക്കാലം വനത്തിലയക്കുക എന്ന തന്റെ രണ്ടാം വരത്തിനായി ശാഠ്യം പിടിച്ചത്. ഇതൊന്നും ഗ്രഹിക്കാതെയാണ് തന്റെ പ്രിയതമനായ മഹാരാജാവ് ദുഷ്ടയെന്നും, നീചയെന്നും പാപിനിയെന്നും ആക്രോശിച്ച് ശാപവാക്കുകളാൽ അവളെ അഭിഷേകം ചെയ്തത്.

അയോധ്യാ നിവാസികൾ മുഴുവൻ അവൾക്കെതിരെ ആഞ്ഞടിച്ചപ്പോൾ ആ മാതൃ മനസ്സിന്റെ വേദന ആരും കണ്ടില്ല.

ചിത്രകൂടത്തിൽ താമസമുണ്ടെന്നറിഞ്ഞ ശ്രീരാമനെ കാണുന്നതിനും രാജ്യഭരണം തിരിച്ചേൽപ്പിക്കുന്നതിനും വേണ്ടി യാത്ര തിരിച്ച ഭരതൻ, ഭരദ്വാജമുനിയുടെ ആശ്രമത്തിലെത്തിയപ്പോൾ ഏവരെയും പരിചയപ്പെടുത്തിയ കൂട്ടത്തിൽ തന്റെ അമ്മയായ കൈകേയിയെ പറ്റി പറയുന്നത് ശ്രദ്ധിക്കുക. വാല്മീകി രാമായണം അയോദ്ധ്യാ കാണ്ഡം 92-ാം സർഗ്ഗം, 25, 26, 27 ശ്ലോകങ്ങളിൽ പറയുന്നതിങ്ങനെയാണ്. ദശരഥ മഹാരാജാവിനെ പരലോകത്തിലേയ്ക്ക് അയച്ചവൾ, രാക്ഷസന്മാർ തിങ്ങി നിറഞ്ഞ വനത്തിലേയ്ക്ക് മരവുരി ധരിപ്പിച്ച് തന്റെ ജ്യേഷ്ഠനെ നാടുകടത്തിയവൾ, ദുഷ്ടയും, ദയയില്ലാത്തവളും ആയ കൈകേയിയെന്ന എന്റെ മാതാവായ ഇവൾ കാരണം എനിക്ക് മഹാദുരിതമെന്നു അറിഞ്ഞാലും മഹർഷേ എന്നാണ്. ഭരതന്റെ അമർഷവും ദുഃഖവും മനസിലാക്കിയ ഭരദ്വാജമുനി അയോദ്ധ്യാ കാണ്ഡം 92-ാം സർഗ്ഗം ശ്ലോകം 30,31 ൽ പറയുന്നത് കേൾക്കുക. കൈകേയിയുടെ ബുദ്ധിഭേദം ദേവാദികളാൽ മന്ഥര വഴി ചെയ്യപ്പെട്ടതാണ്. അതിനാൽ ഇവൾക്ക് യാതൊരു ദോഷവും ഉണ്ടാകുന്നില്ല. മാത്രമല്ല, മാലോകർക്കും ദേവന്മാർക്കും ക്ഷേമം തന്നെയാണ് സംഭവിക്കുന്നതെന്നും മഹർഷി തന്റെ ദിവ്യജ്ഞാനം കൊണ്ട് അറിഞ്ഞു പറയുന്നു.

ഇനി തന്റെ വനവാസത്തിനു കാരണഭൂതയായ കൈകേയിയോടുള്ള ശ്രീരാമന്റെ മനോഭാവം കൂടി പരിശോധിക്കാം. ചിത്രകൂട വനത്തിൽ വച്ച് രാമനെ കണ്ട മാത്രയിൽ ഉറക്കെ വിലപിച്ചു കൊണ്ട് ഓടിച്ചെന്ന ഭരതനെ ആലിംഗനം ചെയ്ത് മടിയിലിരുത്തി കുശലാന്വേഷണത്തിന് മുതിർന്ന രാമനോട് 'എന്റെ അമ്മയുടെ ദുഷ്ടപ്രവൃത്തികൾക്ക് ഞാൻ തെല്ലും ഉത്തരവാദിയല്ല. അങ്ങാണ് കിരീടധാരണത്തിന്റെ യഥാർത്ഥ അവകാശി. മടങ്ങി വന്ന് സിംഹാസനാരോഹണം നടത്തി രാജ്യഭാരം കയ്യേൽക്കുവാൻ കേണപേക്ഷിക്കുകയാണ് ഞാൻ. അങ്ങയുടെ സാന്നിധ്യം കൊണ്ടേ അയോദ്ധ്യാപുരിക്ക് ജീവൻ ലഭിക്കൂ.' ഭ്രാതാവിന്റെ ആശങ്കയും ദുഃഖവും മനസിലാക്കിയ ശ്രീരാമൻ നൽകുന്ന മറുപടിയാണ് ഏറ്റവും മുഖ്യം. വാല്മീകി രാമായണം അയോദ്ധ്യാ കാണ്ഡം 107-ാം സർഗ്ഗം, 3-ാം ശ്ലോകത്തിൽ ഭരതനെ പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ആ ശ്ലോകത്തിൽ രാജ്യശുല്ക്കം സമാശ്രൗഷീദ് എന്ന് പറയുന്നു. അതായത് കൈകേയീപുത്രനെ രാജാവാക്കാമെന്ന് പരിഗ്രഹണ സമയത്ത് ദശരഥമഹാരാജാവ് കേകയ രാജാവായ അശ്വപതിക്ക് കൊടുത്ത വാക്ക്. സൂര്യവംശജർ കൊടുത്ത വാക്ക് മാറ്റി പറയില്ല, ലംഘിക്കുകയില്ല, എന്ത് വിലകൊടുത്തും കൊടുത്ത വാക്ക് പാലിക്കപ്പെടും. രാജാവ് വാക്ക് പാലിച്ചില്ലായെങ്കിൽ ധർമ്മം ക്ഷയിക്കും, കുലം മുടിയും അതോടെ അയോദ്ധ്യാപുരി നശിക്കും. അത് സംഭവിച്ചുകൂടാ.

അതേപോലെ 111-ാം സർഗ്ഗം, 32 ആം ശ്ലോകത്തിൽ ' വൃതോ രാജാ ഹി കൈകേയ്യാ മയാ തദ്വചനം കൃതം

അനൃതാൻ മോചയാ നേന പിതരം തം മഹീപതീം'. കൈകേയി മാതാവ് സന്ദർഭമനുസരിച്ച് വരം ചോദിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ അച്ഛന് രാജാധികാരമെന്ന കന്യാശുൽക്കവാക്ക് പാലിക്കുവാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ അസത്യത്തിൽ ചെന്ന് വീഴാതെ വാക്ക് ലംഘിക്കാത്ത യഥാർത്ഥ സൂര്യവംശജനാക്കി നിലനിർത്തുകയാണ് മാതാവ് ചെയ്തത്. മേലുദ്ധരിച്ച ശ്ലോകത്തിലൂടെ യഥാർത്ഥ വസ്തുത ശ്രീരാമനാൽ ഭരതനെ ബോധ്യപ്പെടുത്തുകയാണ് വാല്മീകി മഹർഷി ചെയ്തിരിക്കുന്നത്.

ജീവന് തുല്യം സ്നേഹിക്കുന്ന ശ്രീരാമനെ വനത്തിലയച്ച് പുത്രമരണം ഒഴിവാക്കിയ കൈകേയി കേകയ തിലകമോ അതോ അയോദ്ധ്യാ പുരിയുടെ രത്ന തിലകമോ? ഈ മാതാവ് അനുഗ്രഹിക്കപ്പെടേണ്ടവളോ അതോ ശപിക്കപ്പെടേണ്ടവളോ? ഏറ്റവും വലിയ ത്യാഗിയായി പരിഗണിക്കേണ്ടത് കൗസല്യാ ദേവിയോ, സുമിത്രാ ദേവിയോ അതോ കൈകേയീ ദേവിയോ ? അനുബന്ധചർച്ച വായനക്കാർക്കായി സമർപ്പിക്കുന്നു.

വാല്മീകി മഹർഷി മുൻപ് കൈകേയീ മഹത്വം ഒരിക്കൽ പോലും ഒരിടത്തും സൂചിപ്പിക്കുകപോലും ചെയ്യാതിരുന്നതെന്തേ? സാക്ഷാൽ ശ്രീരാമനാൽ ഈ പരമാർത്ഥം ലോകം അറിയുന്നതാണ് ഉത്തമമെന്നു കരുതിയിരിക്കുമോ? അതാണ് ആദികാവ്യമായ രാമായണത്തിന്റെ കാവ്യഭംഗി. നമസ്കരിക്കാം നമുക്ക് ആ ഗുരുവര്യനെ...

കൂജന്തം രാമരാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാ വന്ദേ വാല്മീകി കോകിലം

**കടപ്പാട് : സംസ്കൃത പണ്ഡിതനായ ശ്രീ സി റ്റി ഫ്രാൻസിസ് സാർ മലയാള ബ്രാഹ്മണ സമാജത്തിന്റെ 2023 ലെ രാമായണോത്സവത്തിൽ ചെയ്ത ഉത്ഘാടനപ്രസംഗമാണ് ഈ കുറിപ്പിന് ആധാരം**

കഥ

# അർജ്ജുനപ്പത്തിന്റെ കഥ

**തിരുമേനി കൈതാരം**

*പേടി കൂടാതെ ഉറങ്ങുവാൻ വേണ്ടി പണ്ട് മുത്തശ്ശിമാർ പറഞ്ഞു തന്നിരുന്ന അർജുനന്റെ പത്ത് നാമങ്ങളെക്കുറിച്ചുള്ള ലേഖനം കഴിഞ്ഞ ലക്കം ബ്രഹ്മശ്രീയിൽ വായിച്ചപ്പോൾ അത് വന്ന വഴി ഒന്ന് പറയണം എന്ന് തോന്നിയതു കൊണ്ടാണ് ഈ കുറിപ്പ്.*

കാമ്യകവനത്തിൽ പാണ്ഡവരുടെ വനവാസകാലം. ഒരു ദിവസം അർജുനനെ കാണാനായി തേജസ്വിയായ ഒരാൾ അവിടെ എത്തി സ്വയം പരിചയപ്പെടുത്തി. 'എന്റെ പേര് മാതലി, സാക്ഷാൽ ദേവേന്ദ്രന്റെ സാരഥി. സ്വപിതാവിന്റെ സാരഥിയെ കണ്ട് അർജുനന് സന്തോഷമായി. അങ്ങ് എന്നെ കാണാൻ വന്നതിന്റെ ഉദ്ദേശമെന്താണ്? അർജുനന്റെ ചോദ്യം കേട്ട് മാതലി പറഞ്ഞു 'കാലകേയന്മാർ എന്ന ഒരു കൂട്ടം അസുരന്മാർ ദേവലോകം ആക്രമിക്കുന്നു. അവരുമായി യുദ്ധം ചെയ്യുന്നതിനായി ഗാണ്ഡീവവും പാശുപതാസ്ത്രവും ഭഗവാൻ പരമശിവന്റെ കൈയ്യിൽ നിന്നും നേടിയ വീരശൂര പരാക്രമിയായ സ്വപുത്രനെ ഉടലോടെ സ്വർഗത്തിലേക്ക് കൊണ്ടു ചെല്ലുവാനായി ദേവേന്ദ്രന്റെ കൽപ്പന പ്രകാരം വന്നതാണ് ഞാൻ'.

അങ്ങിനെ മാതലിയുടെ തേര് സ്വർഗത്തിലേക്ക് പറന്നു. സ്വർഗത്തിലെത്തിയ അർജുനൻ ദേവേന്ദ്രന്റെ നിർദേശപ്രകാരം കാലകേയന്മാരുമായി ഏറ്റുമുട്ടി. അതിഭീകരമായ യുദ്ധത്തിനൊടുവിൽ വിജയശ്രീലാളിതനായി തിരിച്ചെത്തിയ മകനെ സ്വർഗം നടന്നു കാണുവാനായി ദേവേന്ദ്രൻ അയക്കുന്നു. സ്വർഗത്തിലെ അത്ഭുത-വിസ്മയ കാഴ്ചകൾ ഓരോന്നായി കണ്ടുകൊണ്ടു നടക്കുമ്പോൾ 'തങ്ങൾ ദേവലോകത്ത് ഇതുവരെ കണ്ടിട്ടില്ലാത്ത ഈ സുന്ദര കളേബരൻ ആരാണ്?'എന്ന സന്ദേഹവുമായി ദേവസ്ത്രീകൾ അർജുനന്റെ അടുത്തെത്തി. 'അങ്ങ് ആരാണ്? ഇവിടെ ഇതിനു മുൻപിവിടെ കണ്ടിട്ടില്ലല്ലോ?' ഞാൻ ഇന്ദ്രപുത്രനായ അർജുനനാണ് സ്വർഗലോകം കാണാനിറങ്ങിയതാണെന്ന മറുപടി കൊടുത്ത് അർജുനൻ നടന്നു നീങ്ങി. എന്നാൽ ആ സുരലോകസുന്ദരികൾ ഓരോരുത്തരും അർജുനനെ ആഗ്രഹിച്ചു പക്ഷേ അർജുനൻ അവരെ അവഗണിച്ച് നടന്നു നീങ്ങി. എങ്കിലും ഉർവശി എന്ന അപ്സരസ് അങ്ങിനെ പിൻമാറാൻ തയ്യാറല്ലായിരുന്നു. അവൾ അർജുനനോട് പരസ്യമായി തന്നെ തന്റെ ആഗ്രഹം അറിയിച്ചു. എന്നാൽ അതും നിരസിച്ച അർജുനനെ 'എന്റെ ആഗ്രഹം നിരസിച്ച നിനക്ക് ഷണ്ഡത്വം ഉണ്ടാകട്ടെ' എന്ന് ശപിച്ചു. ഈ സമയം അർജുനൻ തന്റെ ഇപ്പോഴത്തെ അവസ്ഥകൾ ഉർവശിയോട് വിശദീകരിച്ചപ്പോൾ തന്റെ ഈ ശാപം നിങ്ങളുടെ അജ്ഞാതവാസ കാലത്ത് ഉപകാരപ്പെടുമെന്നും അതോടെ ഷണ്ഡത്വം മാറി പൗരുഷം തിരികെ ലഭിക്കും' എന്ന് ശാപമോക്ഷവും കൊടുത്തു. (ഈ ശാപവും ശാപമോക്ഷവുമാണ് 'ഉർവശീശാപം ഉപകാരം' എന്ന പഴഞ്ചൊല്ലിന്റെ അടിസ്ഥാനം)

തിരികെ ഭൂമിയിലെത്തിയ അർജുനൻ മറ്റു സഹോദരങ്ങളോടുകൂടെ വീണ്ടും വനവാസത്തിലേർപ്പെടുകയും പന്ത്രണ്ട് വർഷത്തെ വനവാസത്തിന് ശേഷം ഒരു വർഷത്തെ അജ്ഞാതവാസത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു.

അജ്ഞാതവാസത്തിന് പാണ്ഡവർ തിരഞ്ഞെടുത്തത് വിരാട രാജാവിന്റെ കൊട്ടാരമായിരുന്നു. ചൂതുകളിയിൽ കമ്പക്കാരനായ വിരാട രാജാവിനോടൊപ്പം സഹ ചൂതുകളിക്കാരൻ ആയി 'കുങ്കൻ' എന്ന പേരിൽ ധർമ്മപുത്രനും അടുക്കളയിലെ ദേഹണ്ഡ ക്കാരനായി വലലൻ എന്ന പേരിൽ ഭീമനും ബൃഹന്ദള എന്ന പേരിൽ ആണും പെണ്ണു മല്ലാത്ത വേഷത്തിൽ കൊട്ടാരത്തിലെ നൃത്താദ്ധ്യാപികയായി അർജുനനും പശു പാലകന്മാരായി നകുല സഹദേവന്മാരും വിരാട രാജധാനിയിൽ പ്രവേശിച്ചു. വിരാട പത്നിയായ സുദേഷ്ണയുടെ സൈരന്ധ്രി (തോഴി)യായി പാഞ്ചാലിയും വിരാട രാജധാനിയിലെത്തി.

മാസങ്ങൾ കൊഴിഞ്ഞു വീണു വിരാട രാജധാനിയിൽ ഇതിനിടെ പല സംഭവങ്ങളും നടന്നു. പാണ്ഡവരുടെ അജ്ഞാതവാസകാലം അവസാനിക്കാറായി. അജ്ഞാതവാസ കാലമവസാനിക്കുന്നതിനു മുൻപേ പാണ്ഡവരെ കണ്ടെത്തി, അവരെ വീണ്ടും പന്ത്രണ്ടു കൊല്ലം വനവാസത്തിനും ഒരു കൊല്ലം അജ്ഞാതവാസത്തിനും അയച്ച് സാമ്രാജ്യം മുഴുവൻ എന്നെന്നും തന്റെ കയ്യിലൊതുക്കുന്നതിനു വേണ്ടി ദുര്യോധനാദികൾ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സമയത്താണ്, ഒരു വാർത്തയുമായി ദൂതൻ ദുര്യോധനന്റെ അടുത്തെത്തിയത്. വിരാട രാജാവിന്റെ ഭാര്യാ സഹോദരനും സേനാനായകനും അതിലുപരി അതിശക്തനുമായ കീചകനെ ആരോ വധിച്ചിരിക്കുന്നു.! ദുര്യോധനന്റെ മനസ് ജാഗ്രതയായി, അതിശക്തനായ കീചകനെ

വധിക്കണമെങ്കിൽ അത് ഭീമനെക്കൊണ്ട ല്ലാതെ മറ്റാർക്കും പറ്റില്ല. (ഈ സംഭവത്തിൽ നിന്നാണ് 'ചത്തത് കീചകനെങ്കിൽ കൊന്നത് ഭീമൻ തന്നെ'എന്ന പഴഞ്ചൊ ല്ലിന്റെ ഉത്ഭവം). അതിനർത്ഥം അവരിവിടെ എവിടെയോ ഉണ്ട്; അജ്ഞാത വാസകാലം കഴിയുന്നതിനു മുമ്പേ എങ്ങിനെയും അവരെ കണ്ടെത്തണം! പക്ഷേ എങ്ങിനെ? ദുര്യോധനൻ ആലോചിച്ചു.

പിന്നെ താമസിച്ചില്ല, തന്റെ സാമന്ത നായ ത്രിഗർത്തനെ വരുത്തി..

ത്രിഗർത്തനെക്കൊണ്ട് -വിരാട രാജാവിന്റെ അതിവിപുലമായ 'ഗോധനം' മുഴുവൻ അപഹരിപ്പിക്കുക. പാണ്ഡവർ അവിടെയുണ്ടെങ്കിൽ, തീർച്ചയായും തങ്ങൾ ക്കഭയം തന്ന വിരാട രാജാവിനെ സഹായി ക്കാൻ അവർ തയ്യാറാകും. അതോടെ അവരെ കണ്ടെത്താനും കഴിയും. ഇതാ യിരുന്നു ദുര്യോധനന്റെ പദ്ധതി. ഒരു കാര്യം വിചാരിച്ചാൽ അത് ഏതുവിധേനയെങ്കിലും നടത്തിയെടുത്തേ അടങ്ങു എന്ന വാശി ക്കാരനായ ദുര്യോധനൻ തന്റെ ഈ പദ്ധതിയും നടപ്പാക്കാൻ തുടങ്ങി. എന്നാൽ അപ്പോഴേക്കും അജ്ഞാതവാസകാലം അവസാനിക്കാറായിരുന്നു.

ത്രിഗർത്തന്റെ നേതൃത്വത്തിൽ വലിയൊരു സൈന്യം വിരാട രാജാവിന്റെ എണ്ണമറ്റ ഗോക്കളെ അപഹരിച്ച് കടന്നു കളയാൻ ശ്രമിച്ചു: എന്നാൽ ഒട്ടും മോശ ക്കാരല്ലാത്ത വിരാട സൈന്യം അവരെ തുരത്താനും ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ദുര്യോധനന്റെ വൻപടക്കു മുന്നിൽ അവർ ക്കു അധികനേരം പിടിച്ചു നിൽക്കാനായില്ല, അവരിൽ ചിലർ യുവരാജാവിനെ വിവര മറിയിക്കാനായി കൊട്ടാരത്തിലേക്ക് ഓടി.

ഈ സമയം വിരാട രാജധാനിയിൽ യുവരാജാവായ ഉത്തരൻ സഖികളുമായി വിനോദത്തിലേർപ്പെട്ടിരിക്കയായിരുന്നു. വിവരമറിഞ്ഞപ്പോൾ ഉത്തരന് ഭയമായി: കാരണം കൊട്ടാരത്തിലെ അന്ത:പ്പുരത്തിൽ സുഖലോലുപതയിൽ കഴിഞ്ഞിരുന്ന അയാൾ ഇത്തരം പ്രതിസന്ധി ഘട്ടങ്ങൾ ഒന്നും ഇതേ വരെ നേരിടേണ്ടി വന്നിട്ടില്ല. കാരണം ശക്തനായ കീചകൻ എല്ലാം നോക്കിക്കൊള്ളുമായിരുന്നു. എന്നാൽ ഇവിടെ ഭയം കാണിച്ചിട്ടു കാര്യമില്ല താൻ യുവരാജാവായിപ്പോയില്ലേ? ഉള്ളിലെ ഭയം മറച്ചു വച്ചു കൊണ്ട് അതിൽ നിന്നും ഒഴിവാകാൻ ഒരു ശ്രമം കൂടി നടത്തി നോക്കി. 'നാം ഇതാ ദുര്യോധനന്റെ സൈന്യ ത്തെ നേരിടാൻ തയ്യാറായിക്കഴിഞ്ഞു എന്നാൽ എന്റെ വീര്യത്തിനനുസരിച്ചുള്ള ഒരു തേരാളി ഇവിടെ ഇല്ലാതെ പോയല്ലോ?' എന്ന് സ്വയം പരിതപിച്ചു. ഇത് കേട്ടുകൊണ്ട് അങ്ങോട്ടു വന്ന ബൃഹന്ദളയുടെ രൂപത്തി ലുള്ള അർജുനൻ പറഞ്ഞു 'അതോർത്ത് അങ്ങ് വിഷമിക്കേണ്ട; ഞാൻ നല്ലൊരു തേരാളികൂടിയാണ് അങ്ങ് പടച്ചട്ടയണിഞ്ഞ് ആയുധധാരിയായി തേരിൽ കയറിയാലും ഞാൻ തേർ തെളിച്ചു കൊള്ളാം: അർജുനൻ ഇങ്ങിനെ പറയാൻ കാരണം അജ്ഞാത വാസകാലം അവസാനിച്ചിരിക്കുന്നു. ഇനി ദുര്യോധനാദികൾ തങ്ങളെ തിരിച്ചറി ഞ്ഞാലും ഫലമില്ല. മാത്രമല്ല ദുര്യോധനൻ ഇനിയും തങ്ങൾക്കവകാശപ്പെട്ട രാജ്യം തിരികെ തന്നില്ലെങ്കിൽ ഒരു യുദ്ധം തന്നെ വേണ്ടി വന്നേക്കാം. ആ സമയം വിരാട രാജാവിന്റെ സഹായം തങ്ങൾക്കാവശ്യ മായി വന്നേക്കാം. അതുകൊണ്ട് ഈ അവസരം പ്രയോജനപ്പെടുത്തിയാൽ രണ്ടാണ് ഗുണം. ആദ്യത്തേത് ദുര്യോ ധനനെ ഒന്ന് ഭയപ്പെടുത്താം: മറ്റൊന്ന് വിരാട രാജാവിന്റെ സഹായം ഭാവിയിൽ പ്രതീക്ഷി ക്കുകയും ചെയ്യാം.'

ബൃഹന്ദളയുടെ വാക്കുകൾ കേട്ട തോടെ ഉത്തരന് ഭയം ഇരട്ടിച്ചു മാത്രമല്ല ജാള്യതയുമായി, കാരണം ആണും പെണ്ണു മല്ലാത്ത ഒരു നർത്തകിയുടെ ധൈര്യം പോലും തനിക്കില്ലെന്നു വന്നാൽ കൊട്ടാര ത്തിലെ തന്റെ സ്ഥാനത്തിനു തന്നെ ഭ്രംശം സംഭവിച്ചേക്കാം എന്നൊരു ഭീതിയും ഉത്തരന് ഉണ്ടായി. എന്നാൽ ഇതിനിടയ്ക്ക് ക്ഷണനേരം കൊണ്ട് ഉത്തരനെ തേരിലേക്ക് എടുത്തിട്ടു കൊണ്ട് അർജുനൻ യുദ്ധ മുഖത്തേക്ക് പാഞ്ഞു. അവിടെ ചെന്ന് ആയുധമെടുത്ത് ഉത്തരൻ മുന്നോട്ട് നോക്കി. സമുദ്രം പോലെ പരന്ന് കിടക്കുന്ന ദുര്യോധന സൈന്യത്തെ കണ്ട ഉത്തരൻ സപ്തനാഡികളും തളർന്ന് തേരിലേക്ക് വീണു. പിന്നെ അർജുനൻ മടിച്ചില്ല തേരിൽ നിന്നിറങ്ങി വിരാടരാജ്യാതിർത്തിയിലെ ഒരു വലിയ രഹസ്യ സങ്കേതത്തിൽ ഒളിപ്പി ച്ചിരുന്ന തന്റെ ഗാണ്ഡീവവും ശരങ്ങളുമായി തേരിലേക്ക് കയറി: അതോടെ അർജുനന്റെ ഷണ്ഡത്വം മാറുകയും യഥാർത്ഥ രൂപം ലഭിക്കുകയും ചെയ്തു. അർജുനനെ സ്വന്തം തേരിൽ കണ്ട ഉത്തരൻ വീണ്ടും ഭയന്നു. ഈ സമയം ഉത്തരന്റെ ഭയം മാറുന്നതിനു വേണ്ടി തന്റെ പത്തു നാമങ്ങളും ഉപദേശിക്കുകയും ഇത് നിത്യവും ജപിക്കുന്നവർക്ക് പേടി ഉണ്ടാകില്ലെന്നും പറഞ്ഞു. ഇത് കേട്ട് ഉത്സാഹവാനായി അർജുനന്റെ പത്ത് നാമ ങ്ങളും ചൊല്ലി ധൈര്യസമേതം അർജുന നോടൊപ്പം കൗരവ സൈന്യവുമായി ഏറ്റുമുട്ടി അവരെ തോൽപ്പിച്ച് തന്റെ അളവറ്റ ഗോധനത്തെ ഉത്തരൻ വീണ്ടെടുത്തു. അർജുനൻ, ഉത്തരന് ഉപദേശിച്ച ഈ പത്ത് നാമങ്ങളാണ് മുത്തശ്ശിമാർ തലമുറകൾ ക്കായി പകർന്നു തന്നുകൊണ്ടിരിക്കുന്നത്.


# ആദരാഞ്ജലികൾ



മണിമല വാളാർപ്പള്ളി ഇല്ലത്ത് **തങ്കമ്മ അന്തർജ്ജനം** (90) 2024 ജൂലൈ 18 നു വിഷ്ണു പാദം പൂകി.



പെരുമ്പാവൂർ ശാഖ മുടക്കുഴ ഞെരിഞ്ഞാമ്പിള്ളി ഇല്ലത്ത് **ബാബുദേവ്** 2024 ജൂലൈ 19 നു വിഷ്ണുപാദം പൂകി



കോത്തല മീനടം കോശപ്പള്ളി ഇല്ലത്ത് **നാരായണൻ നമ്പൂതിരി** 2024 ജൂലൈ 30 നു വിഷ്ണുപാദം പൂകി.



മുവാറ്റുപുഴ മേക്കടമ്പ് ഇളംബ്ളാശേരി ഇല്ലത്ത് **നീലകണ്ഠൻ ഇളയത്** (സുന്ദരപ്പൻ, 85 വയസ്സ്) 2024 ജൂലൈ 31 നു വിഷ്ണുപദം പൂകി.



തിരുവനന്തപുരം ശാഖാ, മൂലവള്ളിൽ ഇല്ലത്ത് **എം എൻ ഉണ്ണികൃഷ്ണൻ ഇളയത്**, (92) 2024 ആഗസ്ത് 06 നു വിഷ്ണുപാദം പൂകി.




എഴിപ്രം പീശംപിള്ളി ഇല്ലത്ത് ദാമോദരൻ ഇളയതിന്റെ (അപ്പുച്ചേട്ടൻ) സഹധർമ്മിണി **നങ്ങയ്യ അന്തർജ്ജനം** 2024 ആഗസ്റ്റ് 6 ന് വിഷ്ണു പാദം പൂകി.



തൃശൂർ പറപ്പുക്കര മുല്ലപ്പിള്ളി ഇല്ലത്ത് സൂര്യനാരായണന്റെ സഹധർമ്മിണി സാവിത്രി അന്തർജനം 2024 ആഗസ്ത് 25 ന് വിഷ്ണുപാദം പൂകി.



തിരുവനന്തപുരം ശാഖ അംഗം ശ്രീമതി ശ്രീകുമാരി രമേശിന്റെ അമ്മ ഇന്ദിര ദേവി,(86)ചൂരക്കാട്ട് ഇല്ലം, പുന്നത്ര, കോട്ടയം 2024 ആഗസ്ത് 6 ന് വിഷ്ണു പാദം പൂകി.



പെരുമ്പാവൂർ ചെങ്ങഴശ്ശേരി ഇല്ലത്ത് നീലകണ്ഠൻ ഇളയത് (76) 2024 ആഗസ്ത് 29 ന് വിഷ്ണുപാദം പൂകി



കിടങ്ങൂർ കൊങ്ങോർപ്പള്ളി ഇല്ലത്ത് ശ്രീദേവി അന്തർജ്ജനം 2024 ആഗസ്ത് 16 ന് വിഷ്ണു പാദം പൂകി. തിരുവനന്തപുരം ശാഖ അംഗം ഉമ ഗണപതിയുടെ അമ്മയാണ്.



വടക്കൻപറവൂർ ചേന്ദമംഗലം വരകപ്പിള്ളി ഇല്ലത്ത് ബ്രഹ്മശ്രീ സുനിർകുമാർ 2024 ആഗസ്റ്റ് 31ന് വിഷ്ണുപാദം പൂകി

നൈനം ഛിന്ദന്തി ശസ്ത്രാണി
നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാ പോ
ന ശോഷയതി മാരുതഃ

ആത്മാവിനെ ആയുധങ്ങൾ മുറിവ് ഏൽപ്പിക്കുന്നില്ല. ഇവനെ തീ ദഹിപ്പിക്കുന്നില്ല. ഇവനെ വെള്ളം നനയ്ക്കുന്നില്ല. കാറ്റ് ഉണക്കുന്നുമില്ല.

ശ്രീമദ് ഭഗവത് ഗീത 2 – 23



ആലുവ ശാഖാംഗം കറുത്തമേശ്ശേരി ഇല്ലത്ത് ശ്രീദേവി അന്തർജ്ജനത്തിന്റെ മരണാനന്തര ക്രിയയോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശാഖാ പ്രസിഡന്റിന്റെയും ട്രഷററുടേയും സാന്നിദ്ധ്യത്തിൽ, വൈസ് പ്രസിഡന്റ് ശ്രീലത അനീഷിന്റെ ഭർത്താവ് അനീഷ് വാരിക്കാട് ഏറ്റു വാങ്ങുന്നു.



പെരുമ്പാവൂർ പീശ്ശംമ്പിള്ളി ഇല്ലത്ത് നങ്ങയ്യ അന്തർജ്ജനത്തിന്റെ മരണാനന്തര ചടങ്ങിനോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന കൊച്ചു മകൻ അഭിറാമിൽ നിന്ന് ശാഖാ പ്രസിഡന്റ് രാജൻ കടമ്പനാട് ഏറ്റുവാങ്ങുന്നു.

## അഭിനന്ദനങ്ങൾ



ആലുവ ശാഖാംഗം ദേശം നെടുമ്പിള്ളി ഇല്ലത്ത് N. മാധവൻ അവർകളുടെ കൊച്ചുമകളും, ശ്രീധറിന്റെയും രാജശ്രീയുടേയും പുത്രിയുമായ ശ്രീജ CA പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി



CA പരീക്ഷയിൽ ഉന്നതവിജയം നേടിയ പെരുമ്പാവൂർ ശാഖാ വലിയമംഗലത്ത് ഇല്ലത്ത് ഇന്ദുമതി വി എം

## വേളിയാലോചന

| | | | |
|---|---|---|---|
| ര ബു | | | ശി |
| കു ശു | പുരുഷ ജാതകം | | |
| ല മ | | | ഗു |
| സ മി | | ച | |

### പുരുഷജാതകം

HOROSCOPE

ജനനം : 21 – 03 – 1992 (4.07 am.)
നക്ഷത്രം : ചിത്തിര
Height : **170 cm**
Qualification : B.Tech in Electronics and Communication Engineering, MA in Sociology
Job : IT Professional, Bangalore
Ph. : **9895254387**

| | | | |
|---|---|---|---|
| ഗു | മ | | കു ശു മാ |
| ല ശി | സ്ത്രീ ജാതകം | | ര |
| | | | ബു സ |
| ച | | | |

### സ്ത്രീ ജാതകം

HOROSCOPE

ജനനം : 05 – 08 – 1998 (7.55 pm.)
നക്ഷത്രം : പൂരാടാം 2 – ാം പാദം
ജന്മശിഷ്ടം : 13.വ.6.മാ. 13.ദി. ശുക്രൻ. ശുക്ലപക്ഷ ത്രയോദരി; വിഷ്കുംഭയോഗം
Height : 160 cm
Qualification : Diploma and Degree
Ph. : **8289955377**

| | | | |
|---|---|---|---|
| ച മ | | | |
| ശി മാ | പുരുഷ ജാതകം | | |
| ഗു | | | സ |
| ല ശു കു | ബു | ര | |

### പുരുഷജാതകം

HOROSCOPE

ജനനം : 11 – 11 – 1997 (9.50 am.)
നക്ഷത്രം : ഉത്ത്യട്ടാതി
ശിഷ്ടദശ : 11 വ 9 മാ 28 ദി ശനി ദശ
Qualification : B.Com, ACCA, M.P.A, Pursuing CA (Australia)
Job : Audit Associated, EY Brisbane, Australia
Ph. : **9037274921, 9495024436**

| | | | |
|---|---|---|---|
| ശു | | ഗു മ മാ | ല ച സ |
| ബു | സ്ത്രീ ജാതകം | | |
| ര | | | |
| ശി | കു | | |

### സ്ത്രീജാതകം

HOROSCOPE

ജനനം : 06 – 02 – 2001
നക്ഷത്രം : പുണർതം
ശിഷ്ടദശ : 6 വ 8 മാ 22 ദി
Qualification : B.Tech, (Comp. Science)
Job : Software Developer
Ph. : **9826197714, 9446245300**

**നിയമപരമായി ബന്ധം വേർപെടുത്തിയ നമ്പൂതിരി യുവാവ് (46/169), 2 കുട്ടികൾ മാതാവിനൊപ്പം. (14, 11 വയസ്സ്)**

**സർക്കാർ ഉദ്യോഗസ്ഥൻ, 10/8/78, ചോതി 5.30 pm,**

**സ്വസമുദായത്തിൽ നിന്നും സമാന രീതിയിൽ ഉള്ള ആലോചന ക്ഷണിക്കുന്നു.**
**97902 26953**

# ഷഷ്ടിപൂർത്തി





ചങ്ങനാശേരി ശാഖാ കുറിച്ചി പുതുമന ഇല്ലത്ത്
പി എൻ നാരായണൻ നമ്പൂതിരിയുടെ  ഷഷ്ടിപൂർത്തി 2024 ജൂലൈ 7 നു
കുടുംബാംഗങ്ങളോടും ബന്ധുജനങ്ങളോടും കൂടി ആഘോഷിച്ചു.




തൃശൂർ കിള്ളിമംഗലം, മംഗലത്ത് ഇല്ലത്ത് കമൽദേവിന്റെയും നീതു കമൽദേവിന്റെയും പുത്രൻ ആയ ആദിദേവിന്റെ ഉപനയനവും സമാവർത്തന ക്രിയകളും 2024 ഏപ്രിൽ 21 തൃശൂർ കൂർക്കഞ്ചേരി ശ്രീ മാഹേശ്വരം ക്ഷേത്ര ഹാളിൽ വെച്ച് നടന്നു.



പ്രസ്തുത ചടങ്ങിൽ വെച്ച് ഹവിസ്സിലേയ്ക്കുള്ള കുടുംബത്തിന്റെ സംഭാവന MBS പറപ്പൂക്കര ശാഖ ഭാരവാഹികളും കേന്ദ്ര കമ്മിറ്റി അംഗങ്ങളും ചേർന്ന് ഏറ്റുവാങ്ങുന്നു..



ആദിദേവ്

## 25-ാം വിവാഹവാർഷികം
### പി.എൻ. നാരായണൻ & സുമംഗല നാരായണൻ



ഗുരുവായൂർ ശാഖാ ചിറ്റിലപ്പള്ളി പുതുമന ഇല്ലത്ത് **പി എൻ നാരായണന്റെയും സുമംഗല നാരായണന്റെയും** ഇരുത്തിയഞ്ചാം വിവാഹവാർഷിക ആഘോഷങ്ങൾക്കായി 2024 മെയ് 12 നു കുടുംബാംഗങ്ങൾ ഒത്തുചേർന്നപ്പോൾ

## വിഷ്ണുപാദം പൂകി



### പത്മാവതി അന്തർജ്ജനം (88)

പത്തനംതിട്ട ഓമയ്ക്കൽ ഭസ്മക്കാട്ടുമഠത്തിൽ പത്മാവതി അന്തർജ്ജനം (88) 2024 ജൂലൈ 7 നു വിഷ്ണുപാദം പൂകി . മക്കൾ: ജയകുമാരശർമ്മ (ഡെപ്യൂട്ടി കൺസർവേറ്റർ, കേരള വനം വകുപ്പ്), അജിത് ശർമ്മ (ചീഫ് ഫിനാൻഷ്യൽ ഓഫീസർ, De-Link ഇന്റർനാഷണൽ, ദുബായ്). മരുമക്കൾ: ജയശ്രീ പി (റിട്ട. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, KSEB), നിർമ്മല അജിത്ശർമ്മ (ദുബായ്). പേരക്കുട്ടികൾ: മേഘശർമ്മ (USA), വർഷശർമ്മ, അദ്വൈത ശർമ്മ, അവന്തിക ശർമ്മ


## വിഷ്ണുപാദം പൂകി



### ദേവകി അന്തർജനം(96)

കൊട്ടരക്കര താമരക്കുടി നീലമനയിൽ പരേതനായ ഈശ്വരൻ പോറ്റിയുടെ സഹധർമ്മിണിയും തിരുവനന്തപുരം സമാജ അംഗങ്ങളായ ശ്രീകുമാറിന്റെയും (ശ്രീകാര്യം),ലീലാകുമാരിയുടെയും (പേരൂർക്കട)അമ്മയും ആയ ദേവകി അന്തർജനം(96) ജൂലൈ 3 ന് വിഷ്ണുപാദത്തിൽ ലയിച്ചു.സമാജം ഉപാധ്യക്ഷ മായാ നാരായണന്റെ മുത്തശ്ശിയാണ് പരേത.

## വിഷ്ണുപാദം പൂകി




### പി എൻ നാരായണൻ നമ്പൂതിരി

തിരുവനന്തപൂരം ശാഖാ അംഗം ശ്രീമതി വിജയലക്ഷ്മി ദേവിയുടെ (Wife of Brig. Sanalkumar) അച്ഛൻ കായംകുളം കീരിക്കാട് സൗത്ത് കൊട്ടാരത്തിൽ ഇല്ലത്ത് പി എൻ നാരായണൻ നമ്പൂതിരി 2024 ജൂലൈ 30 ന് വിഷ്ണുപാദം പൂകി.

## ഒന്നാം ശ്രാദ്ധ ദിനം

05-08-2024



### ബ്രഹ്മശ്രീ. നാരായണൻ നമ്പൂതിരി (ഉണ്ണിത്താൻ)

നാരായണീയം
തുരുത്തിയിൽ ഇല്ലം
കുറവിലങ്ങാട്

അഭിമുഖം

# വ്യോമപഥത്തിലെ താരോദയം

**HAL CEO ആയി ചാർജ് എടുത്ത ശ്രീ ജയകൃഷ്ണൻ,വല്ലാഴത്തില്ലം, വൈക്കവുമായുള്ള അഭിമുഖം.**

അഭിമുഖം. നടത്തിയത്: അജിത് ശർമ്മ, കണത്തുരുത്തിൽ ഇല്ലം , തിരുവനന്തപുരം

വർഷങ്ങൾക്കു മുമ്പ് വൈപ്പിൻകര എളം കുന്നപ്പുഴ സുബ്രഹ്മണ്യ സ്വാമിയുടെ തട്ടകത്തിലുള്ള വെളുത്തമേശ്ശേരിയില്ലത്ത് നിന്ന് വൈക്കത്തപ്പന്റെ തിരുസന്നിധിയിൽ വന്ന് ജീവിതത്തിന്റെ അടുത്ത ഘട്ടം തുടങ്ങിയ ശേഖരൻ ഇളയത് അന്ന് കരുതിയിരിക്കില്ല ഭാവിയിൽ തന്റെ മക്കളിലൂടെ തന്റെ കുടുംബവും സമുദായവും ഭാരതം മുഴുവൻ അറിയപ്പെടുമെന്നും ആദരിക്കപ്പെടുമെന്നും !

വെളുത്തമേശ്ശേരിയില്ലത്തു ശേഖരൻ ഇളയതിന്റെയും വല്ലാഴത്തില്ലത്തു ദേവകിക്കുട്ടി അന്തർജ്ജനത്തിന്റെയും കടിഞ്ഞൂൽ സന്തതിയായ ജയകൃഷ്ണൻ ഇന്ത്യയിലെ ഏറോസ്പേസ് രംഗത്തെ ഏറ്റവും പുകൾ പെറ്റ പൊതുമേഖലാ സ്ഥാപനമായ HAL Bangalore Complexന്റെ CEO ആയും Director Board അംഗമായും നിയമിക്കപ്പെട്ടിരിക്കുന്നു. പ്രതിഭയുടെയും സ്വപ്രയത്നത്തിന്റെയും പ്രതീകമായ ജയകൃഷ്ണനെ ''ബ്രഹ്മശ്രീ'' ക്കായി അഭിമുഖം നടത്തണമെന്ന് ബ്രഹ്മശ്രീ മാനേജിംഗ് എഡിറ്റർ ആയ ബാബു കുമാർ ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ജയകൃഷ്ണനോട് അദ്ദേഹത്തിന്റെ കുറച്ച് സമയം ആവശ്യപ്പെട്ടു. അത്യധികം തിരക്കുണ്ടായിട്ടും അഭിമുഖത്തിനായി അദ്ദേഹം സമയം അനുവദിച്ചു തന്നു. അഭിമുഖത്തിന്റെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

■ *(ചോ) ഇപ്പോൾ HALന്റെയും ISROയുടെയും തലപ്പത്ത് രണ്ട് മലയാളികളാണ് എന്നുള്ളത് ശാസ്ത്ര സാങ്കേതിക രംഗത്ത് കേരളത്തിന്റെ അഭിമാനകരമായ ഒരു നേട്ടമാണല്ലൊ. ഈ തസ്തികയിലേക്ക് നിയമിക്കപ്പെട്ടപ്പോൾ ആദ്യം മനസ്സിൽ എന്താണ് തോന്നിയത്?*

(ഉ) ആദ്യം ഒരു സമ്മിശ്രവികാരമാണ് തോന്നിയത് കിട്ടിയതിന്റെ സന്തോഷവും ഭാരിച്ച ഉത്തരവാദിത്വത്തിന്റെ ഒരു ആകുലതയും.

■ *(ചോ) ഇതിന്റെ സെലക്ഷൻ പ്രോസസ് ഒന്ന് വിവരിക്കാമോ?*

(ഉ) മുപ്പതോളം വരുന്ന ജനറൽ മാനേജർമാരിൽ നിന്ന് എട്ടു പേരെ ഷോർട്ട്ലിസ്റ്റ് ചെയ്യുന്നു. അവരിൽ നിന്ന് ബാഹ്യ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന ഒരു വിദഗ്ധസമിതി അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

■ *(ചോ) HAL നെ പറ്റി ഒന്ന് ചുരുക്കി പറയാമോ?*

(ഉ) Defence Ministry യ്ക്കു കീഴിലുള്ളതും Navaratna Status ഉള്ളതും നിലവിൽ 90000 കോടി ബിസിനസ് ഓർഡർ ഉള്ളതുമായ ഒരു പൊതുമേഖല സ്ഥാപനമാണ് Hindustan Aeronautics Ltd. വിമാനഭാഗങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയ കമ്പനി ഇപ്പോൾ ഹെലികോപ്റ്റർ, Light Combat Aircraft ആയ ''തേജസ്'' എന്ന യുദ്ധവിമാനം, പൈലറ്റ് ഇല്ലാതെ പൂർണമായും അക ഉപയോഗിച്ച് പ്രവർത്തിക്കുന്ന വിമാനങ്ങൾ എന്നിവ ഉണ്ടാക്കുന്നു. റാഫേൽ പോലുള്ള വിദേശനിർമ്മിത യുദ്ധവിമാനങ്ങൾക്ക് അവരുടെ മിസൈൽ, ആയുധങ്ങൾ മാത്രമേ ഉപയോഗിക്കാൻ കഴിയൂ എന്നിരിക്കെ HAL രൂപകൽപ്പന ചെയ്യുന്ന പുതിയ തരം യുദ്ധവിമാനങ്ങൾ നമ്മുടെ ആവശ്യം അനുസരിച്ച് ഏതുതരം മിസൈൽ വഹിക്കുവാനും പ്രവർത്തിപ്പിക്കാനും ഉള്ള സാങ്കേതിക മികവ് സ്വന്തമായി വികസിപ്പിച്ചു. ഇതിനായി DRDO (Defence Research Development Organisation), NAL (National Aerospace Laboratories), Indian Air Force മുതലായ ഗവൺമെന്റ് / ക്വാസി ഗവൺമെൻറ് കമ്പനികളെ ഒരുമിച്ച് കൊണ്ട് പോകുക എന്നതാണ് ഇപ്പോൾ നേരിടുന്ന ഭഗീരഥ പ്രയത്നം.

■ *(ചോ) HAL ന്റെ ഉയർച്ചയിൽ ബ്രാഹ്മണ സമുദായ അംഗങ്ങളുടെ പങ്കു വിശദീകരിക്കാമോ?*

(ഉ) ഞാൻ ഉൾപ്പെടെയുള്ള ബ്രാഹ്മണ സമുദായത്തിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ കമ്പനിയുടെ ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഉദാഹരണത്തിന് ഓണംതുരുത്തിൽ നിന്നുള്ള കൃഷ്ണകുമാർ കണ്ണമ്പള്ളി ഇല്ലം. അദ്ദേഹത്തിന്റെ ടീമാണ് മേൽ പറഞ്ഞ പുതിയ വിമാനങ്ങൾക്കായുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്തിരിക്കുന്നത്.

■ *(ചോ) യുവതലമുറകൾക്കായി ഒരു ചോദ്യം. HAL ജോലി പലരുടേയും സ്വപ്ന ജോലി ആണ്. ഈ കമ്പനികളിൽ ജോലി ലഭിക്കുന്നത് എങ്ങനെയാണ്?*

(ഉ) HAL ലേക്കുള്ള പ്രവേശനം മാനേജ്മെൻറ് ട്രെയിനി ആയിട്ടാണ് എടുക്കുന്നത്. അത് 2 വിധത്തിൽ ആവാം. ഇതുവരെ HALൽ നേരിട്ട് പരീക്ഷയും ഇൻറർവ്യൂവും വഴി ആണ് എടുത്തിരുന്നത്. HAL ന്റെ വെബ്സൈറ്റിൽ നവംബർ ഡിസംബർ കാലയളവിൽ അതിന്റെ പരസ്യം വരും, അപേക്ഷിക്കുന്ന മുറയ്ക്ക് ജനുവരി ഫെബ്രുവരി മാസങ്ങളിൽ പരീക്ഷ നടത്തി മാർച്ച് ജൂൺ കാലയളവിൽ ഇൻറർവ്യൂ നടത്തിയെടുക്കുകയാണ് പതിവ്. വെബ്സൈറ്റ് നോക്കുന്നതാണ് നല്ലത്. പത്രങ്ങളിൽ ഒരു ചെറിയ ന്യൂസ് കോളത്തിൽ മാത്രം ഒതുങ്ങാറാണ് പതിവ്. എന്നാൽ ഈ വർഷം മുതൽ പ്രീമിയം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പോയി ക്യാമ്പസ്സ് ഇൻറർവ്യൂ രീതിയിൽ എടുക്കുന്ന പതിവും തുടങ്ങുന്നുണ്ട്.

■ *(ചോ) TKM College of Engineering ൽ നിന്ന് 1988ലെ ആദ്യ Production ബാച്ചിലാണല്ലോ പാസ്സായത്. ഈ ബ്രാഞ്ച് തന്നെ എടുക്കാൻ*

*എന്തെങ്കിലും കാരണമുണ്ടോ?*

(ഉ) സത്യം പറഞ്ഞാൽ അതിനു പ്രത്യേകിച്ച് കാരണമൊന്നുമില്ല. ഈ വക കാര്യങ്ങളെപ്പറ്റി ഉപദേശം തരാൻ അന്ന് ആരും ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്ന ആൾ തലയോലപ്പറമ്പ് മുല്ലക്കേരി ഇല്ലത്തെ ഗോപിച്ചേട്ടൻ (M.N Govindan Elayathu, Retd. Scientist Engineer H) ആയിരുന്നു. മെക്കാനിക്കൽ റിലേറ്റഡ് ആയ ഏതെങ്കിലും ബ്രാഞ്ച് എടുക്കൂ എന്നാണ് അദ്ദേഹം അന്ന് ഉപദേശിച്ചത്. എന്റെ HALലെ ജീവിതത്തിൽ ഈയൊരു തീരുമാനം വളരെ ഉപയോഗപ്രദം ആവുകയും ചെയ്തു. ആദ്യ അഞ്ചുകൊല്ലം IT, പിന്നീട് പർച്ചേസ്, സപ്ലൈ ചെയിൻ എന്നിവ വഴി 11 കൊല്ലത്തോളം ഇതുമായി യാതൊരു ബന്ധമില്ലാത്ത മേഖല ആയിരുന്നു എങ്കിലും പിന്നീട് അസംബ്ലി ഇൻ ചാർജ് ആയതോടെ എന്റെ പഠനവിഷയങ്ങൾ എനിക്ക് ഒരു മുതൽ കൂട്ടായി.

ക്ലാസ്സിൽ ചേർന്നപ്പോൾ എന്റെ ബാച്ചിലെ അഡ്വൈസർ ആയി വന്നത് യൂണിവേഴ്സിറ്റി റാങ്ക് ഹോൾഡറും പിന്നീട് TKM Engg. College ന്റെ പ്രിൻസിപ്പലുമായ ശ്രീ K. Balachandra Sarmma എന്ന താങ്കളുടെ പിതാവായിരുന്നു എന്നത് നന്ദിപൂർവ്വം പ്രത്യേകം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ University record ഭേദിച്ചത് പുത്രനായ താങ്കൾ ആയിരുന്നുവെന്നും പിന്നീട് അറിഞ്ഞു. റിട്ടയർമെന്റിനു ശേഷം നമ്മുടെ സംഘടനയായ MBS ന്റെ കേന്ദ്ര പ്രസിഡന്റ് ആയി ബാലചന്ദ്രൻ സാർ ഒരു term സ്ഥാനം വഹിച്ചതും ''ബ്രഹ്മശ്രീ'' യ്ക്ക് വേണ്ടിയുള്ള ഈ അഭിമുഖത്തിൽ ഞാൻ പ്രത്യേകം ഓർമ്മിക്കുന്നു.

■ *(ചോ) ഇത്രയും നാളും HAL ൽ തന്നെ തുടരാൻ ഉണ്ടായ കാരണം? ഇന്ത്യയുടെ സിലിക്കൺ വാലി എന്നറിയപ്പെടുന്ന ബാംഗ്ലൂർ പോലുള്ള ഒരു സിറ്റിയിൽ തീർച്ചയായും സോഫ്റ്റ്‌വെയർ കമ്പനികളിൽ നിന്നുള്ള പ്രലോഭനങ്ങൾ വളരെയധികം ഉണ്ടായിക്കാണുമല്ലോ?*

(ഉ) ഉണ്ടായിരുന്നു 96 – 97 കാലഘട്ടത്തിൽ TCS ൽ നിന്നും ഇൻഫോസിസിൽ നിന്നും ജോലി ഓഫർ ലഭിച്ചിരുന്നു. എന്നാൽ പോയില്ല. ഒരു കമ്പനിയിൽ നമ്മെ പിടിച്ചുനിർത്തുന്നത് നമുക്ക് അവിടെ കിട്ടുന്ന പരിഗണനയും ജോലിയിലെ സാങ്കേതിക വെല്ലുവിളികളും ആണല്ലോ. HAL ൽ അത് ആവോളം ലഭിച്ചിരുന്നു പണത്തിന് ഇതിന് താഴെ മാത്രമേ സ്ഥാനം തോന്നിയിട്ടുള്ളൂ അന്നും ഇന്നും എന്നും. ആ തീരുമാനത്തിൽ യാതൊരു പശ്ചാത്താപവും ഇല്ല. ഇന്ന് ആ തീരുമാനം ശരിയെന്ന് തെളിയുകയും ചെയ്തു. അല്ലേ?

■ *(ചോ) ഇത്രയും തിരക്കുകൾക്കിടയിൽ വർക്ക് ലൈഫ് എങ്ങനെ ബാലൻസ് ചെയ്തു?*

(ഉ) ഉത്തരം ലളിതം ഞാൻ വർക്ക് ബാലൻസ് ചെയ്തു; എന്റെ സഹധർമ്മിണി ശ്രീക്കുട്ടി ലൈഫ് ബാലൻസ് ചെയ്തു. തൃപ്രയാർ പാണ്ടിയാട്ട് ഇല്ലത്തെ ശ്രീദേവി ആണ് സഹധർമ്മിണി. തൃശ്ശൂർ എഞ്ചിനീയറിങ് കോളേജിൽ നിന്ന് സിവിൽ എഞ്ചിനീയറിങ് പാസായി. ഇപ്പോൾ പുറവങ്കര ഡെവലപ്മെന്റ്സിൽ മാനേജർ ആയി വർക്ക് ചെയ്യുന്നു. രണ്ടു മക്കൾ. ആദ്യത്തെയാൾ മണിക്കുട്ടി എന്ന അപർണ്ണ.2020ൽ വിവാഹിതയായി. Accenture ൽ വർക്ക് ചെയ്യുന്നു. ഭർത്താവ് രാംകുമാർ, ഹർമൻ എന്ന സാംസങ്ങിന്റെ സബ്സിഡിയറിയിൽ വർക്ക് ചെയ്യുന്നു. രണ്ടു മക്കൾ – ദേവാത്മിക്, ദേവാദിത്യ. രണ്ടാമത്തെ മകൾ ആര്യ ഡിഗ്രി കഴിഞ്ഞ് Pune based NGO ആയ ABBF ൽ സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

Defence Research and Development Organisation (DRDO) ന്റെ Laboratory ആയ Armament Research & Development (ARDE) എന്ന സ്ഥാപനത്തിൽ Associate Director ആണ് അനുജൻ ഡോ. ഹരികൃഷ്ണൻ. ഇളയ അനുജനായ ഗോപീകൃഷ്ണൻ State Tax Officer ആയി Kerala GST Dept.ൽ ജോലി ചെയ്യുന്നു.

■ *(ചോ) അവസാന ചോദ്യം ശ്രീക്കുട്ടി ചേച്ചിയോട്:*

*മൂന്ന് ആൺ മക്കൾ മാത്രം ഉള്ള വല്ലാഴത്തേക്ക് വേളി കഴിച്ചു ചേട്ടത്തിയായി വരുമ്പോൾ ഒരു അങ്കലാപ്പ് തോന്നിയിരുന്നോ?*

(ഉ) (സ്വതസിദ്ധമായ ചിരിയിൽ) ആരു പറഞ്ഞു ചേട്ടത്തിയാണെന്ന്... ഞാൻ അവരുടെ ചേച്ചി അല്ലേ.

■



HAL CEO ആയി ചാർജെടുത്ത വൈക്കം വല്ലാഴത്ത് ഇല്ലത്ത് ജയകൃഷ്ണൻ സഹധർമ്മിണിയോടും മക്കളോടുമൊപ്പം

കവിത

# ദർശനം

കെ എൻ നമ്പൂതിരി
നെടുവേലി ഇല്ലം, ചങ്ങനാശേരി

പാരമ്പര്യത്തിന്റെ പാതകൾ ശോഷിച്ചു
പൈതൃകം വിട്ടുള്ള യാത്രയായി
സ്വന്തബന്ധങ്ങൾക്കു വധശിക്ഷയേകി
സ്വാർത്ഥ ചിത്തത്തിൻ നവസൃഷ്ടികൾ!

പാശ്ചാത്യ സംസ്കാര പെരുമഴയെത്തി
പഴമതൻ സൗധം തച്ചുടച്ചു
കൗതുക ശാസ്ത്രീയ സർക്കസ്സു കൊണ്ടൊരു
വിസ്മയ ദൃശ്യ വിരുന്നൊരുക്കി

വിജ്ഞാന സൗഖ്യം മുഖപടമാക്കിയോർ
ആത്മീയ സത്യം തേടി വന്നെങ്കിലും
അവരൊഴുക്കിടും ഭോഗപ്രവാഹത്തി-
ലീയാർഷ ദേശത്തിൻ കാഴ്ച മങ്ങി

സ്വാർത്ഥലാഭത്തിന്റെ യഗ്നിതൻ ചൂടേറ്റു
ഭാരത ശാന്തി വിട പറഞ്ഞു
സ്വസ്ഥരായ് യോജിച്ചു വാണവർ ഭിന്നിച്ചു
സ്വീയ സുഖത്തിനു ഹാലിളകി

ഏതോ കിനാവിന്റെ സായൂജ്യ ദാഹിയായ്
രാപകലോടുന്നീ നാടിൻ മക്കൾ
ശാന്തി സംതൃപ്തി നിറഞ്ഞൊരു ജീവിതം
അസ്വസ്ഥതയുടെ കൂത്തരങ്ങായി

ആനന്ദ മാനവ ചേതന മന്ദിച്ചു
ഹർഷപുളകങ്ങളസ്തമിച്ചു
സമ്മിശ്ര സംസ്കാര ജ്വാലയിൽ വീണിന്നു
സന്തുഷ്ടിയെങ്ങോ മറഞ്ഞു പോയി

ഒരു ഭൂതകാലത്തിൻ സൗഹൃദ ജീവിതം
ഇല്ല വരില്ലയീ തലമുറയിൽ
പിറക്കുന്ന കുഞ്ഞും കരയണമിംഗ്ളീഷിൽ
നിർബന്ധ നിയമത്തിൻ സാക്ഷിയാകാം

ഭാരത സംസ്കാര മഹിമയറിഞ്ഞീ
നവതലമുറയിഹ വളർന്നാൽ ഭാഗ്യം

## സമസ്യാപൂരണം

**'കാടില്ലാതായ് കരികളുമിതാ
നാടുകാണാനിറങ്ങീ'**
വൃത്തം: മന്ദാക്രാന്താ
ലക്ഷണം: മന്ദാക്രാന്താ മഭനതതഗം
നാലുമാറേഴുമായ് ഗം

**സമസ്യകൾ 2024 ഒക്ടോബർ 20 നു മുൻപായി ചീഫ് എഡിറ്ററുടെ നമ്പറിൽ Whats app ചെയ്യുകയോ, ബ്രഹ്മശ്രീയിലേക്ക് മെയിൽ ആയി അയക്കുകയോ ചെയ്യുക**

### കഴിഞ്ഞ ലക്കത്തിലെ സമസ്യാപൂരണം

കരത്തിലാക്കാനെളുതാണു ഭാഗ്യം
പരത്തിലാക്കാനെളുതല്ല നേട്ടം
പരിശ്രമം ഒന്നിതുമാത്രമേകം
ചിരം ശ്രമിക്കൂ, ന്നുണരൂ സ്വയം നാം
രാജീവ് പി, പാണാട്ടില്ലം,
ആലുവ ശാഖ.

പരിശ്രമത്താലിഹവന്നു ചേരും
കരത്തിലായ്സത്ഫലമില്ല വാദം
വരുന്ന ദുഃഖങ്ങളകറ്റിടാനായ്
ചിരം ശ്രമിക്കൂ, ന്നുണരു സ്വയം നാം
ഗിരിജ എൻ നമ്പൂതിരി,
വടുതലായിൽ ഇല്ലം, ആണ്ടൂർ ശാഖാ

സമസ്യകാരന്റെ പൂരണം

പുരാതനം ഭാരത വൈഭവശ്രീ
നിരന്തരം തച്ചു തകർക്കുവാനായ്
പെരുത്ത വിദ്ധ്വംസക ശക്തികൾ ഹാ
ചിരം ശ്രമിക്കു,ന്നുണരൂ സ്വയം നാം.
ഹരികുമാർ, പാണാട്ടില്ലം,
ആണ്ടൂർ ശാഖാ

## പദപ്രശ്നം 32 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| നം | 1 പ | 2 ജ്ഞാ | 3 ആ | ലം | ര | 4 ഗ |
| 5 നീ | 6 തി | നം | യ | 7 ഗ | ൻ | 8 വൈ |
| ല | 9 രു | 10 ച | 11 തേ | 12 മം | 13 മാ | രി |
| തി | 14 വ | 15 രേ | ജ | ല്വ | നു | 16 നാ |
| മിം | ല്ലം | 17 ചെ | സ്സ് | 18 വി | 19 ഹ | ഗം |
| ഗ | 20 ഇ | ത്തി | മ്പ | ന്തി | 21 കു | 22 രാ |
| ലം | ഹ | 23 ലാ | 24 കോ | 25 ദ | ണ്ഡം | 26 കാ |

**പദപ്രശ്നം 32 ശരിയുത്തരം അയച്ചവർ**

1. ശ്രീകുമാർ തുരുത്തിയിൽ ഇല്ലം കുറവിലങ്ങാട്.
2. ഉഷാദേവി നീലകണ്ഠൻ തുരുത്തിയിൽ ഇല്ലം ശ്രീശൈലം കുറവിലങ്ങാട്.
3. ഗീത മൈമ്പള്ളി ഇല്ലം തൃശ്ശൂർ
4. രാജേഷ് കുമാർ കുഴിക്കാട്ടില്ലം അങ്കമാലി
5. ഗിരിജ കേശവൻ മേച്ചേരി ഇല്ലം തൃപ്പൂണിത്തുറ
6. ഗിരിജ. എൻ. നമ്പൂതിരി വടുതലായിൽ ഇല്ലം ആണ്ടൂർ
7. വിനോദ് വി എൻ തെക്കിനാട്ടില്ലം കുറവിലങ്ങാട്
8. സാവിത്രി നാരായണൻ മൂസ്സത് വളവനാട്ടില്ലം തിരുവനന്തപുരം
9. ഡോ. ഹരിശർമ്മ പറഞ്ചിക്കാട്ടില്ലം, ആണ്ടൂർ

# പദപ്രശ്നം 33

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | | | 3 | 4 |
| 5 | 6 | 7 | 8 | | 9 | |
| 10 | | 11 | 12 | 13 | | |
| | 14 | | 15 | 16 | | 17 |
| 18 | | | | 19 | | |
| 20 | | 21 | | | 22 | |
| 23 | 24 | 25 | 26 | 27 | 28 | |

**വലത്തോട്ട്**

1. രാവണന്റെ രാജ്യം (2)
2. കൊടുങ്കാട് (3)
5. ശാഠ്യം എന്ന അർത്ഥത്തിൽ ഇങ്ങനെ പറയുന്നു (2)
5. പിടിയാനയെന്നും സ്ത്രീ എന്നും ഈ സംസ്കൃതവാക്കിന് അർത്ഥമുണ്ട് (3)
8. സ്നേഹിതൻ, സുഹൃത്ത്, കൂട്ടുകാരൻ ഇവരെയെല്ലാം ഇങ്ങനെ വിളിക്കാം (2)
10. ഭീരുവായ, ഭയപ്പെടുന്ന, പരിഭ്രമിച്ച എന്നെല്ലാം അർത്ഥം വരുന്ന ഒരു വാക്ക് (3)
11. ദക്ഷന്റെ പുത്രിയും കാമദേവന്റെ ഭാര്യയുമാണ് (2)
13. ശ്രീകൃഷ്ണൻ (3)
15. ചെറുത്, കുഞ്ഞ്, കൊച്ച്, small ഇതിന്റെയെല്ലാം അർത്ഥമുള്ള ഇംഗ്ലീഷ് വാക്ക് (2)
18. ഒരു പൊതു പ്രക്ഷേപണ ഭൂതല ടെലിവിഷൻ ചാനൽ (6)
20. ഒരു വാദ്യോപകരണം (2)
21. ആയുർവ്വേദത്തിൽ ഏറെ പ്രാധാന്യമുള്ള ഈ ഔഷധസസ്യം നവജാതശിശുക്കൾക്ക് തേൻ, സ്വർണ്ണം ഇവ ചേർത്ത് കൊടുക്കാറുണ്ട് (3)
23. സംയോഗം, സമാഗമം, സഭ, സമാജം, മഷി, സംഗീതത്തിന്റെ ലയം എന്നെല്ലാം അർത്ഥമുള്ള ഒരു വാക്ക് (2)
25. സംസ്കൃതഭാഷയുടെ ലിപി (5)

**താഴോട്ട്**

2. ഇന്നത്തെ വാരണാസിയുടെ പഴയ പേര് (2)
4. സപ്തർഷികളിൽ ഒരാൾ (2)
7. വാനരരാജാവായ ബാലിയുടെ ഭാര്യ (2)
9. ദശാവതാരങ്ങളിൽ ഏഴാമത്തെ അവതാരം (4)
10. ആയിരം ............. അകലെയാണെങ്കിൽ മായാതെ മക്കാ മനസ്സിൽ നിൽപ്പൂ (2)
13. മൗനവ്രതമുള്ള സന്യാസി (2)
14. പഴയകാലത്തെ നീളത്തിന്റെ ഒരളവ് (2)
16. രാത്രി (2)
17. വിക്രമാദിത്യസദസ്സിനെ നവരത്നങ്ങളിൽ ഒരാൾ (4)

**ഇടത്തോട്ട്**

2. എം.ടി. വാസുദേവൻ നായർ എഴുതിയ ഒരു ഗ്രന്ഥം (2)
3. ........ ദഹനം. രാമായണത്തിലെ ഒരു ഭാഗം (2)
4. ഒരു കാവ്യത്തിന്റെ ഭംഗി കൂട്ടാനായി ചേർക്കുന്ന പ്രയോഗങ്ങളെ മലയാള വ്യാകരണത്തിൽ ഇങ്ങനെ പറയുന്നു (4)
4. തിര, തരം, വീചി എന്നെല്ലാം അർത്ഥമുള്ള ഒരു വാക്ക് (2)
6. ലളിതാസഹസ്രനാമത്തിലെ ഒരു നാമം (2)
12. കല്ലോലം (2)
13. ഔഷധഗുണമുള്ള ഒരു ധാന്യം (3)
14. ശരീരത്തിലെ ത്രിദോഷങ്ങളിൽ ഒന്ന് (2)
16. ശകുനം, കാരണം, ഹേതു ഇതിനെല്ലാം ഈ വാക്ക് ഉപയോഗിക്കാറുണ്ട് (3)
17. ശുദ്ധരക്തവാഹിനി (3)
21. കയറിന്റെ ഒരിനം (2)
22. കൂടാരം (2)

**മേൽപ്പോട്ട്**

9. ധനികനായ, സൗഭാഗ്യശാലിയായ, സമൃദ്ധിയോടുകൂടിയ, സുന്ദരമായ, വിഖ്യാതമായ, പ്രസിദ്ധമായ ഇതിനെയെല്ലാം പ്രതിനിധാനം ചെയ്യുന്ന ഒരു വാക്ക് (2)
10. ഈ സ്ഥലപ്പേരിൽ അറിയപ്പെടുന്ന അന്തരിച്ച സുപ്രസിദ്ധനായ കവി, ഗാനരചയിതാവ്, നാടകകൃത്ത്. ഇതിനു പുറമേ ദേശീയ പുരസ്കാരങ്ങളും ഇദ്ദേഹം നേടിയിട്ടുണ്ട്.
12. ഒരു നേത്രരോഗം (3)
17. ഭൂമി (3)
18. സന്ദേശം (2)
19. ജ്യോതിഷത്തിൽ നവഗ്രഹങ്ങളിൽ ഏഴാമത്തെ ഗ്രഹം. സൂര്യന് ഛായയിൽ ഉണ്ടായ പുത്രൻ (2)
23. കാളിദാസന്റെ അതിവിശിഷ്ടമായ സന്ദേശകാവ്യം (4)
24. കുതിരയുടെയും കാളയുടെയും മറ്റും കാലിന്റെ കുളമ്പിൽ തറക്കുന്ന ഇരുമ്പ് തകിട് (2)
25. അർജ്ജുനന്റെ ശംഖിന്റെ പേര് (4)
26. വൈദ്യുതി പ്രവഹിപ്പിക്കാൻ ഇതുപയോഗിക്കുന്നു (3)
27. ഒരു പുൽച്ചെടിയുടെ തളിരിലകൾക്ക് ഇങ്ങനെ പറയുന്നു (2)
28. കഴിഞ്ഞുപോയ കാലത്തെ .......... കാലം എന്ന് ഓർമ്മിക്കാം (2)

തയ്യാറാക്കിയത് :

ഓമനക്കുട്ടൻ പുതുശ്ശേരി ഇല്ലം, കുമ്മണ്ണൂർ

*ശരിയുത്തരത്തിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.*

**അയച്ചുകിട്ടേണ്ട അവസാന തീയതി : 2024 ഒക്ടോബർ 20**


Name.........................................................

Address.....................................................

Mob:.........................................................

**പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ്പ് നമ്പരിൽ അയച്ചാൽ മതിയാവും.**

# ഹന്ത ഭാഗ്യം ഭവാനാം



സത്യനാരായണൻ ഇളയത്

തയാറാക്കിയത് - പുതുമന വേണു

ഗുരുവായൂർ ക്ഷേത്രത്തിൽ ഗോപുരം കാവലാളായിരുന്ന രാമൻ ഇളയത്, തന്റെ മകൻ സത്യനാരായണനെ ഗുരുവായൂരപ്പന്റെ കൈകളിൽ ഏല്പിച്ചാണ് ജോലിയിൽ നിന്നും പിരിഞ്ഞത്.

ചേടപ്പുറത്തില്ലത്തു രാമൻ ഇളയതിന്റെയും, വടക്കാഞ്ചേരി ചെറുശ്ശേരി ഇല്ലത്തു സാവിത്രി അന്തർജ്ജനത്തിന്റെയും തൃതീയ പുത്രനാണ് സത്യനാരായണൻ.

വള്ളുവനാടൻ താളവിസ്മയമായ തായമ്പകയിലെ മലമക്കാവ് ശൈലിയുടെ ഈറ്റില്ലമായ മലമക്കാവ് ആണ് ജന്മദേശം. ഇല്ലത്തെ ഇല്ലായ്മയുടെ നടുവിൽ ഏഴാം ക്ലാസ്സിൽ പഠനം നിലച്ചപ്പോൾ പാട്ടിനോടുള്ള കമ്പത്തേക്കാളേറെ മുട്ടാതെ ഭക്ഷണം കിട്ടുമല്ലോ എന്ന ചിന്തയാണ് സത്യനാരായണനെ കൃഷ്ണനാട്ടക്കളരിയിൽ എത്തിച്ചത്. ഗുരുകുല ചിട്ടയിലുള്ള കളരിയിലെ അഭ്യാസരീതിയുമായി പൊരുത്തപ്പെടാൻ അൽപ്പം ബുദ്ധിമുട്ടിയെങ്കിലും ക്രമേണ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു. രാവിലെ മൂന്നരക്ക് എഴുന്നേൽക്കണം. നാലുമണി മുതൽ ആറ് വരെ സാധകം. ഏഴരക്ക് നെയ്യിട്ട കഞ്ഞി കിട്ടും. എട്ടു മുതൽ പത്തു വരെ കൃഷ്ണനാട്ടപ്പദം ക്ലാസ്. പത്തര മുതൽ പന്ത്രണ്ടു വരെ സംസ്കൃതപഠനമാണ്. ഉച്ച തിരിഞ്ഞു രണ്ടു മുതൽ നാല് വരെയാണ് ചൊല്ലിയാട്ടം. ആറ് മുതൽ അര മണിക്കൂർ സന്ധ്യാനാമം ചൊല്ലൽ നിർബ്ബന്ധം. കോട്ടക്കൽ വാസു നെടുങ്ങാടി, ടി.പി. നാരായണ പിഷാരടി, മോഹനൻ നെടുങ്ങാടി തുടങ്ങിയ പ്രഗത്ഭരുടെ പതിനൊന്നു വർഷത്തെ ശിക്ഷണാനന്തരം 1982 ഓഗസ്റ്റ് മൂന്നിന് കൃഷ്ണനാട്ടം പാട്ട് വിഭാഗത്തിൽ നിയമിതനായി.

തുടർന്ന് ഉപാസനയുടെ കളിയാട്ടക്കാലമായിരുന്നു. ഓലവായനക്കും തൃപ്പുകക്കും ശേഷം ഗുരുവായു പുരേശന്റെ അമ്പലവട്ടത്തിൽ വായുകോൺ പ്രദിക്ഷണപഥത്തിൽ അവതാര കഥകളുടെ കൃഷ്ണഗീതി. സാമന്തലഹരി, ഭൈരവി, പന്തുവരാളി, കേദാരഗൗഡ, ശങ്കരാഭരണം, മുഖാരി, സൗരാഷ്ട്ര - അമ്പാടിക്കണ്ണന്റെ അനുഗ്രഹവർഷത്തിനു മേലെ ലയരാഗങ്ങളുടെ അനുഭൂതിപ്പൂമഴ. നാല് പതിറ്റാണ്ട് കടന്ന ഈ ആലാപനതപസ്യക്കുള്ള അംഗീകാരമായി ഗുരുവായൂർ ദേവസ്വം 2006-ൽ വാസു നെടുങ്ങാടി പുരസ്കാരവും, 2013-ൽ മാനവേദ സുവർണ്ണമുദ്രയും നൽകി സത്യനാരായണൻ ഇളയതിനെ ആദരിച്ചു. 2010-ൽ പാരീസിൽ അരങ്ങേറിയ കൃഷ്ണനാട്ടത്തിലും ഇളയത്, പാട്ടുവിഭാഗത്തിൽ ഉണ്ടായിരുന്നു. ആകാശവാണിയിലെ ബി ഗ്രേഡ് ആർട്ടിസ്റ്റുമാണ്.

ഭാര്യ ജ്യോതി, മക്കൾ വിവേക് (ഡെപ്യൂട്ടി മാനേജർ മണപ്പുറം ഫിനാൻസ്), വിശാൽ (റിസേർച് അനാലിസിസ്റ്റ് - ജി.ആർ.ജി. ഹെൽത്ത്, പൂനെ).

തൃശൂർ ജില്ലയിലെ ഊരകത്ത് ഊരകത്തമ്മതിരുവടി, പല്ലിശ്ശേരി ഭഗവതി, കണ്ടേശ്വരം തേവർ എന്നിവരാൽ ചുറ്റപ്പെട്ട് ചിറ്റേങ്കര ശ്രീകൃഷ്ണക്ഷേത്രത്തിനു സമീപം' കൃഷ്ണഗീതി 'യാണ് സത്യനാരായണൻ ഇളയതിന്റെ കർമ്മക്ഷേത്രം



യോഗക്ഷേമ സഭ കോട്ടയം ജില്ല കൗൺസിൽ യോഗത്തിൽ മലയാള ബ്രാഹ്മണ സമാജം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മയെ ആദരിക്കുന്നു



ശ്രീ ഗുരുവായൂരപ്പന്റെ സന്നിധിയിൽ കൃഷ്ണനാ ട്ടത്തിന് കൃഷ്ണഗീതി ആലപിക്കുന്ന ചേടപ്പുറത്തില്ലത്തു ശ്രീ സി.പി. സത്യനാരായണൻ ഇളയതിന് മാതൃഭൂമിയുടെ പുരസ്കാരം സമ്മാനിക്കുന്നു

കവിത

# ഒരു മോഹം

**ശ്രീലത ജയകുമാർ**
നടുവിൽപ്പാറ ഇല്ലം, പറപ്പൂക്കര ശാഖ

പാഹിമാം കൃഷ്ണ കൃഷ്ണ
പാഹിമാം കൃഷ്ണ കൃഷ്ണ
നന്ദ നന്ദനകൃഷ്ണ പാഹി പാഹി
കണ്ണനെൻ ചാരെ വന്നു കൊഞ്ചികുഴഞ്ഞിടുമ്പോൾ
കണ്ണുകൾ അടച്ചു ഞാൻ പരിഭവിക്കും
കണ്ണനെൻ മുതുകിലായ് കയറിടുമ്പോൾ കണ്ണാ
കയ്യോടെ പിടിച്ചു ഞാൻ മടിയിലാക്കും
കുഞ്ഞരിപ്പല്ലുകാട്ടി പുഞ്ചിരി തൂകിടുമ്പോൾ
നല്ല വാക്കോതി ഞാനും കൊഞ്ചിച്ചിടും
പാലു കൊടുത്തിടും ഞാൻ വെണ്ണയും കൊടുത്തിടും
പഞ്ചസാരയും പിന്നെ കദളിപ്പഴം
വയറു നിറഞ്ഞിടുമ്പോൾ ഉണ്ണി മയങ്ങിടുന്നു
കണ്ണുകൾ പൂട്ടി ഉണ്ണി ഉറങ്ങിയിടുന്നു
ഈണത്തിൽ പാട്ടുപാടി തൊട്ടിലിൽ കിടത്തി ഞാൻ
മെല്ലവേ പിൻവാങ്ങുന്ന നേരം തന്നെ
കള്ളക്കണ്ണനും മെല്ലെ കള്ളച്ചിരിയാലെന്നെ
കണ്ണടച്ചങ്ങു കാട്ടി കൊതിപ്പിച്ചിടും
ഓടിച്ചെന്നെടുത്തു ഞാൻ ഓമനിച്ചീടും നേരം
ഈ ലോകം മറന്നു ഞാൻ ലയിച്ചിടുന്നു
എന്നുമീ ഭാഗ്യം കിട്ടാൻകണ്ണാ ഞാൻ മോഹിക്കുന്നു
നീ എന്റെ ചാരെ നിന്നും പോയീടല്ലേ
ഒരുവേള കണ്ണാ ഞാൻ കൊതിച്ചിടുന്നു
കണ്ണന്റെ യശോദയായ് മാറീടുവാൻ



(പാഹിമാം കൃഷ്ണ കൃഷ്ണ)

# ഒരു കൃഷ്ണഗീതം

സമ്പാദകൻ – **റ്റി എൻ ഉണ്ണിക്കൃഷ്ണ ശർമ്മ,**
തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട്

ഹരി സുന്ദര നന്ദ മുകുന്ദാ
ഹരി  നാരായണ
ഹരി ഓം (ഹരി സുന്ദര)
ഹരി കേശവ ഹരി ഗോവിന്ദാ
ഹരി നാരായണ
ഹരി ഓം (ഹരി കേശവ)
ഹരി മോഹന മുരളീ ധാരീ
ഹരി നാരായണ
ഹരി ഓം (ഹരി മോഹന)
ഹരിഗോവർദ്ധന ഗിരി ധാരീ
ഹരി നാരായണ
ഹരി ഓം (ഹരി ഗോവർദ്ധന)
ഹരി രാധാ മാനസ ചോരാ
ഹരി നാരായണ
ഹരി ഓം (ഹരി രാധാ)
ഹരി ഗോപീ ഹൃദയ നിവാസാ
ഹരി നാരായണ
ഹരി ഓം (ഹരി ഗോപീ)
ഹരി യമുനാ പുളിന വിഹാരീ
ഹരി നാരായണ
ഹരി ഓം ( ഹരി യമുനാ)
ഹരി വൃന്ദാവന സഞ്ചാരീ
ഹരി നാരായണ
ഹരി ഓം (ഹരി വൃന്ദാവന)
ഹരി കാളിയ മർദ്ദന കൃഷ്ണാ
ഹരി നാരായണ
ഹരി ഓം (ഹരി കാളിയ)

(കടപ്പാട്: ശ്രീ മുഹമ്മദ് റാഫിയുടെ
പേരക്കുട്ടിയുടെ
ഒരു ഹിന്ദി ഭജൻ വിഡിയോ )

**യാത്രാക്കുറിപ്പ്**

## മലയാള ബ്രാഹ്മണസമാജം മണിമല ശാഖയിലെ യുവജനങ്ങളും കുട്ടികളും ചേർന്ന് പ്രജ്ജ്വല എന്ന പേരിൽ ആരംഭിച്ച യുവജന കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന വിനോദയാത്രാക്കുറിപ്പ്

മലയാള ബ്രാഹ്മണസമാജം മണിമല ശാഖയിലെ യുവജനങ്ങളും കുട്ടികളും ചേർന്ന് പ്രജ്ജ്വല എന്ന പേരിൽ ആരംഭിച്ച യുവജന കൂട്ടായ്മയുടെ പ്രതിനിധി എന്ന നിലയിലാണ് ഞാൻ ഈ കുറിപ്പ് എഴുതുന്നത്. ഓരോ തവണ ഒത്തുചേർന്ന് കളികളും കലാപരിപാടികളും കാര്യപരിപാടികളും നടത്തുമ്പോഴാണ് ഒത്തൊരുമിച്ചു ഒരു ഉല്ലാസയാത്ര എന്ന ആശയം ഞങ്ങൾക്കിടയിൽ രൂപപ്പെട്ടത്. അഭിപ്രായങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും ഒടുവിൽ ഏറ്റവും യോജ്യമായ ഇടം ഞങ്ങൾ കണ്ടെത്തി. കോട മഞ്ഞു വാരിവിതറുന്ന വഴികളിലൂടെ, തേയില ത്തോട്ടങ്ങൾക്ക് ഇടയിലൂടെ, പ്രകൃതി ചാലിച്ച ഹരിതാഭമായ ഒരു ഛായാചിത്രം പോലെ, ഏതൊരു സഞ്ചാരിയും ഒരിക്കലെങ്കിലും പോകണം എന്ന് ആശിക്കുന്ന സ്വർഗം. മൂന്നാർ എന്ന ആശയം വന്നപ്പോൾ തന്നെ എല്ലാവർക്കും ഒരു ആവേശമായി. ആദ്യം തന്നെ ഞങ്ങൾ യാത്രക്ക് പോകേണ്ടവരുടെ പ്രായപരിധി നിശ്ചയിച്ചു. അതുപോലെതന്നെ വരുന്നവർ എല്ലാവരും യുവജനങ്ങൾ ആയതിനാൽ കുറച്ചു മുതിർന്നവർ രക്ഷാകർത്താക്കളായി വരാം എന്നും തീരുമാനിച്ചു. മെയ് 17,18 എന്നീ ദിവസങ്ങൾ ആണ് യാത്രക്കായി തിരഞ്ഞെടുത്തത്. പിന്നെ എല്ലാം ഞൊടിയിടയിൽ മുന്നോട്ട്നീങ്ങി. യാത്രക്ക് പേര് തന്നവരുടെ എണ്ണം അനുസരിച്ചു എല്ലാ സൗകര്യങ്ങളും ഉള്ള റോക്കി എന്ന മിനി ബസും താമസിക്കാൻ ഒരു ഹോംസ്റ്റേയും ബുക്ക് ചെയ്തു. പിന്നെ യാത്രക്കായി ദിവസങ്ങൾ എണ്ണി കാത്തിരിപ്പായി.

മെയ് 17-ാം തീയതി രാവിലെ 5 മണിക്ക് ആലപ്രയിൽ നിന്ന് യാത്ര ആരംഭിച്ചു. പിന്നീട് മണിമല, ചിറക്കടവ്, കാഞ്ഞിരപ്പള്ളി, എന്നിവിടങ്ങളിൽ നിന്ന് എല്ലാവരെയും കയറ്റി. പ്രാർത്ഥനയോടെയും ആചാര്യ വന്ദനത്തോടെയും ആണ് യാത്ര ആരംഭിച്ചത്. അതിനു ശേഷം എല്ലാവരും ഉല്ലാസയാത്രയുടെ ആവേശം ഏറ്റെടുത്തു ചുവടുവെച്ചു. നൃത്തചുവടുകളുടെയും ഗാനങ്ങളുടെയും അകമ്പടിയോടെ ഞങ്ങൾ ആ യാത്ര ആഘോഷിച്ചു.

അടിമാലിയിൽ ആയിരുന്നു ഞങ്ങൾ പ്രഭാതഭക്ഷണം തീരുമാനിച്ചിരുന്നത്. അടിമാലിയിൽ എത്തുന്നതിനു മുൻപ് ചീയപ്പാറ വെള്ളച്ചാട്ടം കാണാൻ ഞങ്ങൾ ഇറങ്ങി. മൂന്നാർ അടിമാലി റോഡ് അരികിൽ ഉള്ള മനോഹരമായ ഒരു വെള്ളച്ചാട്ടം ആണിത്. ഏകദേശം 9.00 മണിയോടെ ഞങ്ങൾ അടിമാലിയിൽ ഒരു ഹോട്ടലിൽ കയറി പ്രഭാതഭക്ഷണം കഴിച്ചു. പിന്നീട് ഞങ്ങൾ മൂന്നാർ ലക്ഷ്യം വെച്ചു യാത്ര തുടർന്നു. യാത്രക്കിടയിൽ മനോഹരമായ ഒരു വ്യൂ പോയിന്റിൽ വണ്ടി നിർത്തി ഞങ്ങൾ കാഴ്ചകൾ ആസ്വദിച്ചു. അപ്പോൾ തന്നെ മൂന്നാറിന്റെ തണുത്ത കാറ്റു ഞങ്ങളെ തഴുകാൻ തുടങ്ങിയിരുന്നു. സമയം ഉച്ചയ്ക്ക് 12.00 മണി ആയപ്പോളേക്കും ഞങ്ങളുടെ ആദ്യത്തെ ലക്ഷ്യസ്ഥാനമായ മൂന്നാർ റോസ് ഗാർഡനിൽ ഞങ്ങൾ എത്തി. പാർക്കിംഗ് ഏരിയയിൽ ബസ് നിർത്തിയ ശേഷം ഞങ്ങൾ ഒരു കിലോമീറ്ററോളം ദൂരം സഞ്ചരിച്ചു റോസ്ഗാർഡന്റെ പ്രവേശനത്തിൽ എത്തി. എല്ലാവരുടെയും ടിക്കറ്റ് എടുത്ത ശേഷം ഞങ്ങൾ ഉള്ളിൽ പ്രവേശിച്ചു. അതിമനോഹരമായ രീതിയിൽ പൂച്ചെടികൾ പരിപാലിച്ചു നിർത്തിയ കാഴ്ചയാണ് ഞങ്ങൾ കണ്ടത്. പൂത്തുലഞ്ഞു നിൽക്കുന്ന ആ ചെടികളുടെ ഇടയിൽ നിന്ന് ഞങ്ങൾ ആവോളം ചിത്രങ്ങൾ എടുത്തു. സുന്ദരമായ ആ ഉദ്യാന ത്തിന്റെ ഭംഗി ഏറെനേരം ആസ്വദിച്ച ശേഷം ഏകദേശം ഒരു മണിയോടെ ഞങ്ങൾ ആ സ്ഥലത്തോട് വിട പറഞ്ഞു. അതിനു ശേഷം ഞങ്ങളുടെ അടുത്ത ലക്ഷ്യമായ മാട്ടുപ്പെട്ടി അണക്കെട്ടിലെ ഇക്കോ പോയിന്റിലേക് ഞങ്ങളെയും വഹിച്ചു കൊണ്ട് റോക്കി കുതിച്ചു. ഒരുപാട് സഞ്ചാരികൾ ബോട്ടിങ്ങും മറ്റും ആസ്വദിക്കാൻ അവിടെ എത്തിയിരുന്നു. പരന്നു കിടക്കുന്ന മാട്ടുപ്പെട്ടി അണക്കെട്ടിലെ ആ ജലാശയം ഞങ്ങളിൽ കൗതുകം ഉണർത്തി. അവിടെ നിന്ന് വാങ്ങിയ ഉപ്പിലിട്ട മാങ്ങയുടെ രുചിയും ഞങ്ങളുടെ ആസ്വാദനത്തിന്റെ മാറ്റ്കൂട്ടി. കാഴ്ചകൾ കണ്ടു നിന്ന് സമയം പോയതറിയാതെ ഞങ്ങൾ മൂന്നു മണിയോട് അടുപ്പിച്ചാണ് ഊണ് കഴിക്കുവാൻ ഹോട്ടലിൽ എത്തിയത്. തമാശകളും കളിചിരികളും കൊണ്ട് ഞങ്ങൾ അവിടെയും ഞങ്ങളുടെ ഊർജ്ജം പകർന്നു.

പിന്നീട് ഞങ്ങളുടെ അന്നത്തെ ലക്ഷ്യം ഞങ്ങളുടെ ചിന്നക്കനാലിൽ ഉള്ള ഹോം സ്റ്റേ ആയിരുന്നു. മൂന്നാർ ചിന്നക്കനാൽ ദേശീയപാത അതിമനോഹരമായ കാഴ്ചകളാൽ സമ്പന്നമായിരുന്നു. കണ്ടു മതിയാകാതെ ഇടക്ക് ഒരിടത്തു നിർത്തി ആ കാഴ്ചകൾ ആവോളം ആസ്വദിച്ച ശേഷം ആണ് ഞങ്ങളാ യാത്ര തുടർന്നത്. പ്രകൃതിയുടെ വിരൽപ്പാട് പോലെ നീണ്ടുനിവർന്നു കിടക്കുന്ന തേയിലത്തോട്ടങ്ങളും ചുറ്റും കോട മഞ്ഞും തണുപ്പും, അവയ്ക്ക് മാറ്റ് കൂട്ടുവാൻ മനോഹരമായ ഗാനങ്ങളും സ്വപ്നതുല്യമായ അനുഭവം തന്നെ ആയിരുന്നു അത്.

വൈകിട്ട് ഏകദേശം ആറു മണിയോടെ ഞങ്ങൾ സിയോൺ ഹോംസ്റ്റേയിൽ എത്തി. അത്യാവശ്യം സൗകര്യങ്ങൾ ഒക്കെ ഉള്ള ഒരു ഹോംസ്റ്റേ ആയിരുന്നു അത്. ആൺകുട്ടികൾക്ക് താഴത്തെ നിലയും പെൺകുട്ടികൾക്കു മുകളിലെ നിലയും ആയിരുന്നു തയ്യാറാക്കിയിരുന്നത്. നീണ്ട ഒരു യാത്രയുടെ ക്ഷീണം മാറ്റാൻ ഞങ്ങൾ അവിടെ കുറച്ചു സമയം വിശ്രമിച്ചു. ഈ യാത്ര 2 ദിവസം ആക്കിയതിന്റെ പിന്നിലെ പ്രധാന ഉദ്ദേശം ഒരു ക്യാമ്പ ്ഫയർ സംഘടിപ്പിക്കണം എന്നത് കൂടി ആയിരുന്നു. അതിനാൽ അതിനു കൂടി സൗകര്യമുള്ള സ്ഥലം നോക്കി ആയിരുന്നു ഞങ്ങൾ സ്റ്റേ ബുക്ക് ചെയ്തത്. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തിൽ നിന്നും കുറച്ചു മാറി ആയിരുന്നു ക്യാമ്പ് ഫയറിനുള്ള സ്ഥലം ഒരുക്കിയിരുന്നത്. അങ്ങനെ ഏകദേശം 7 മണിയോടെ ഞങ്ങൾ ഞങ്ങളുടെ ബസിൽ തന്നെ അവിടേക്ക് എത്തി.

ഞങ്ങളിൽ പലരും ഇത് ആദ്യമായിട്ടായിരുന്നു ഒരു ക്യാമ്പ് ഫയറിൽ പങ്കു കൊള്ളുന്നത്.

അതിനാൽ ഇതൊരു ഹൃദ്യമായ അനുഭവം തന്നെ ആയിരിക്കണം എന്ന് ഞങ്ങൾക്ക് എല്ലാവർക്കും നിർ സ്ധമുണ്ടായിരുന്നു. ഞങ്ങൾ വന്നപ്പോൾ തന്നെ അവർ വിറകൊക്കെ ഒരുക്കി തീ കൊളുത്തി. കുളിരുന്ന ആ തണുപ്പിൽ ആ ചൂടിന്റെ ആശ്വാസത്തിൽ ഞങ്ങൾ ആടാനും പാടാനും ആരംഭിച്ചു. എല്ലാവരും മതിമറന്നു ആസ്വദിച്ചു കൊണ്ടിരുന്ന ആ നിമിഷങ്ങൾക്ക് ഇടയിലും ഒരു ചെറിയ അട്ട പരിഭ്രാന്തി പരത്തി! ചുവടുകൾ വെച്ചും ഏറ്റു പാടിയും അതൊരു ആഘോഷ രാവാക്കി മാറ്റി ഞങ്ങൾ. ആ സന്തോഷ നിമിഷ ങ്ങൾക്കിടയിൽ ഞങ്ങൾക്കിടയിലെ സൗഹൃദം പൂത്തുലയുന്നത് ഞങ്ങൾ ഓരോരുത്തരും തിരിച്ച റിയുന്നുണ്ടായിരുന്നു. അങ്ങനെ ആഘോഷിച്ചു ക്ഷീണിതർ ആയ ഞങ്ങൾക്ക് ഇടയിലേക്ക് ഹോം സ്റ്റേയിലെ ജീവനക്കാർ ഭക്ഷണം കൊണ്ടുവന്നു. തമ്മിൽ വിളമ്പി കൊടുത്തും കഥകൾ പറഞ്ഞും ഞങ്ങൾ ആ ഭക്ഷണം പങ്കു വെച്ചു. ഇരുട്ടിൽ നിന്നും ഞങ്ങളോടൊപ്പം ആ ചൂട് ഏൽക്കാൻ ഒരു നായക്കുട്ടനും കൂടി. സമയം ഏകദേശം 12 മണി ആയപ്പോൾ അന്നത്തെ ദിവസത്തിന് വിരാമമിട്ടു കൊണ്ട് ഞങ്ങൾ തിരിച്ചു വാസസ്ഥലത്തേക്ക് മടങ്ങി.

മെയ് 18 യാത്രയുടെ രണ്ടാം ദിവസം. തലേദിവസത്തെ യാത്രയുടെ ആലസ്യം ഉണ്ടാ യിരുന്നെങ്കിലും ഞങ്ങളിൽ പലരും അതിരാവിലെ കോടമഞ്ഞിന്റെ ഭംഗി ആസ്വദിക്കുവാൻ ഇറങ്ങി. മൂന്നാറിൽ കോടമഞ്ഞിന്റെ തണുപ്പ് ഏറ്റുകൊണ്ടും ഒരു ചായ കുടിച്ചു കൊണ്ടും ഉള്ള ആ നടപ്പ് ഞങ്ങളെ കൂടുതൽ ഉന്മേഷവാന്മാരും ഉന്മേഷ വതികളും ആക്കി. അതിനു ശേഷം പല്ലുതേപ്പും കുളിയും നടത്തി കഴിഞ്ഞ് എത്തിയപ്പോഴേക്ക് ഹോംസ്റ്റേയിലെ ജീവനക്കാർ പ്രാതൽ ഒരുക്കി യിരുന്നു. അങ്ങനെ രാവിലെ ദോശയും ഇഡലി യും കഴിച്ചു ഞങ്ങൾ മടക്കയാത്രക്ക് ഒരുങ്ങി. ഇതിനിടയിലും യാത്രയുടെ വിശേഷങ്ങളും മറ്റും തമ്മിൽ പങ്കു വെയ്ക്കുന്നതിലും ഒരുപാട് തമാശ പാസ്സാക്കുന്നതിലും വ്യാപൃതർ ആയിരുന്നു ഞങ്ങൾ ഓരോരുത്തർക്കും. മൂന്നാറിന്റെ ആ കുളിരിനോട് വിട പറയാൻ ഏറെ ബുദ്ധിമുട്ടായി.

അങ്ങനെ രാവിലെ ഏകദേശം 9 മണി യോടെ ഞങ്ങളുടെ മടക്കയാത്ര ആരംഭിച്ചു. മടക്കയാത്രയിലും ഞങ്ങൾക്ക് കാണുവാൻ കുറച്ചു സുന്ദരമായ കാഴ്ചകൾ ഒരുക്കിയിരുന്നു മൂന്നാർ എന്ന സുന്ദരി. മൂന്നാറിൽ വന്നിട്ട് തേയില തോട്ടങ്ങളിൽ ഇറങ്ങാതെ എങ്ങനെ തിരികെ വരും ? അങ്ങനെ ഞങ്ങൾക്കും മനോഹരമായ ഒരു തേയില അനുഭവം ആസ്വദിക്കാനുള്ള അവസരം ലഭിച്ചു. വഴിവക്കിൽ തേയില തോട്ടങ്ങളുടെ ഇടയിൽ കയറുവാനും ചിത്രങ്ങൾ എടുക്കുവാനും ഉള്ള അവസരം ഞങ്ങൾക്കു ഏറെ കൗതുകം ഉണർത്തി. തികച്ചും ഒരു ഹരിത നദിയുടെ ഒഴുക്കിൽപ്പെട്ട പോലെ ഒരു അനുഭവം ആയിരുന്നു അത്. എവിടെ തിരിഞ്ഞാലും തേയില ചെടികൾ. അതിനിടയിൽ പല ഉയരങ്ങളിൽ നിൽക്കുന്ന പാറകൾ. ഞങ്ങളിൽ പലരും ആ പാറകളുടെ മുകളിൽ കയറുവാനുള്ള സാഹസത്തിനും മുതിർന്നു. കുറച്ചുസമയം അങ്ങനെ ചെലവഴിച്ച ശേഷം ഞങ്ങൾ അവിടുന്ന് മടക്കയാത്ര തുടങ്ങി. അതിനു ശേഷം ഞങ്ങളുടെ ബസ് വഴിയിൽ ഒരിടത്തു നിർത്തുകയുണ്ടായി. അവിടെ നിന്ന് നോക്കിയാൽ ആനയിറങ്കൽ ഡാം കാണാം എന്നതു കൊണ്ടായിരുന്നു അത്. അവിടെ നിന്ന് ആ ഡാമിന്റെ കാഴ്ച കുറച്ചു സമയം ആസ്വദി ച്ചതിനു ശേഷം ഞങ്ങൾ അവിടെ നിന്നും മടക്കയാത്ര തുടർന്നു.

ഏറ്റവും ഒടുവിലായി ഞങ്ങൾ സന്ദർശിച്ച സ്ഥലം ചതുരംഗപാറ എന്ന വ്യൂ പോയിന്റ് ആയിരുന്നു. അതിമനോഹരം എന്ന് തന്നെ വിശേഷിപ്പിക്കേണ്ടിയിരുന്നു ആ കാഴ്ച. അവിടെ നിന്ന് നോക്കിയാൽ താഴെ കമ്പം തേനി പട്ടണങ്ങളുടെ മനോഹരമായ കാഴ്ചകാണുവാൻ സാധിക്കും. അതുപോലെ തന്നെ അങ്ങിങ്ങ് ഉയർന്നു നിന്നിരുന്ന കാറ്റാടി മരങ്ങളും കാണു വാൻ സാധിച്ചു. ഒരു ഫ്ളൈറ്റിൽ വന്നു ഇറങ്ങുമ്പോൾ കാണുന്ന ഗംഭീരമായ കാഴ്ചയ്ക്കു സമാനം ആയിരുന്നു അത്. കണ്ണെടുക്കുവാൻ പറ്റാതെ ഞങ്ങൾ ആ കാഴ്ച ആവോളം ആസ്വദിച്ചു. അങ്ങനെ ഉച്ചയോടെ ഞങ്ങൾ കുമളി ടൗണിൽ എത്തി. യാത്രാ ക്ഷീണം എല്ലാവരെയും ബാധിച്ചെങ്കിലും ടൂർ അവസാനിക്കാൻ കുറച്ചു സമയമേ ഉള്ളു എന്ന് ആലോചിച്ചതു കൊണ്ടാകാം തുടക്കത്തിലേ ആവേശം ഞങ്ങൾ വീണ്ടും വാർത്തെടുത്തു.

കുമളിയിൽ ആയിരുന്നു ഞങ്ങളുടെ ഉച്ചഭക്ഷണം ഒരുക്കിയിരുന്നത്. അവിടെ ചെറിയ ഒരു താമസം ഉണ്ടായെങ്കിലും അതൊന്നും ഞങ്ങളുടെ ആവേശത്തെ ബാധിച്ചില്ല. പിന്നീട് അവിടെ നിന്നും യാത്ര തുടർന്നു. പിന്നെ അങ്ങോട്ട് മടക്കയാത്ര മാത്രം ആയിരുന്നു. അതിനിടയിൽ വഴിയിൽ നിർത്തി ഒരു ചായ കുടിക്കുവാനും ഞങ്ങൾ ശ്രദ്ധിച്ചു. അപ്പോഴേക്ക് മഴയുടെ വരവായി. ഉള്ളത് പറഞ്ഞാൽ ആ ചായക്ക് അതിലും പറ്റിയ ഒരു അന്തരീക്ഷം വേറെ കിട്ടുകയില്ലായിരുന്നു. മലനിരകളും താഴ്വാര ങ്ങളും ഒരുക്കിയ കാഴ്ച കണ്ടു കൊണ്ട് മഴയുടെ തണുപ്പ് ഏറ്റു കൊണ്ട് ഒരു ചായ. മറ്റെന്തു വേണം! 'ഉയരം കൂടും തോറും ചായയുടെ സ്വാദും കൂടും' എന്ന് ഒരു പരസ്യത്തിൽ പറഞ്ഞത് എത്ര അർത്ഥവത്താണെന്ന കാര്യം അപ്പോൾ ഞങ്ങൾ ഓർത്തു. അതിനു ശേഷം നീണ്ട മടക്കയാത്ര. വഴിയിൽ ഉടനീളം മഴ പെയ്യുന്നുണ്ടായിരുന്നു.

ഇടുക്കി ജില്ലയിൽ റെഡ് അലെർട് ആണെന്നുള്ള വാർത്ത എങ്ങുനിന്നൊക്കെയോ ഉയർന്നു. എന്നിട്ടും മൂന്നാറിന്റെ ഭംഗി ആസ്വദി ക്കുവാനുള്ള ഭാഗ്യം തന്നു കൊണ്ടു ഞങ്ങളെ പ്രകൃതി ദേവത കനിഞ്ഞു. യാത്ര അവസാനി ക്കുന്നതിനു മുൻപ് യാത്രയെ പറ്റിയുള്ള അഭിപ്രായങ്ങളും എല്ലാവരും പങ്കുവെച്ചു.

ഏകദേശം 7.30 മണിയോടെ മംഗളം ചൊല്ലി ഞങ്ങൾ ആ യാത്രക്ക് വിരാമമിട്ടു. ഈ മൂന്നാർ യാത്രയെ കുറിച്ച് എഴുതുമ്പോൾ ഒരു കുളിർക്കാറ്റു വന്നു തഴുകുന്ന പോലെയാണെനിക്ക് തോന്നുന്നത്. അത് മൂന്നാറിന്റെ പ്രകൃതി ഭംഗി കൊണ്ട് മാത്രമല്ല, ഞങ്ങൾ നെയ്തെടുത്ത സൗഹൃദത്തിന്റെ ഊഷ്മളത കൊണ്ട് കൂടിയാണ്. ടൂർ അവസാനിക്കാറായ നിമിഷങ്ങളിൽ അടുത്ത ടൂറിനെ പറ്റിയുള്ള ചർച്ചകൾ ആയിരുന്നു ഞങ്ങൾ നടത്തിയത് എന്ന് പറയുമ്പോൾ തന്നെ അതിന്റെ ആഴം മനസ്സിലാക്കാമല്ലോ. ഏതായാലും പങ്കെടുത്ത ഓരോരുത്തർക്കും അതീവ ഹൃദ്യമായ ഒരു അനുഭവം സമ്മാനിച്ച യാത്ര തന്നെയാ യിരുന്നു ഇത്. ഇനി മറ്റൊരു യാത്രക്കുള്ള കാത്തിരിപ്പ്.....!

ശുഭം..

# വാർത്തകൾ

## കേന്ദ്രവാർത്തകൾ



കേന്ദ്ര കൗൺസിൽ ഉത്ഘാടനം ഭദ്രദീപം കൊളുത്തി ബഹുമാനപ്പെട്ട കേന്ദ്ര പ്രസിഡന്റ് T V നാരായണ ശർമ അവർകൾ നിർവഹിക്കുന്നു.

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ ജൂലൈ മാസ യോഗം 2024 ജൂലൈ 28 നു ഹെഡ് ഓഫീസിൽ വച്ച് കേന്ദ്ര പ്രസിഡണ്ട് ടി വി നാരായണശർമ്മയുടെ അധ്യക്ഷതയിൽ നടന്നു. ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം എന്നിവയ്ക്ക് ശേഷം കേന്ദ്ര ജനറൽ സെക്രട്ടറി അജണ്ട വായിക്കുകയും തുടർന്ന് യോഗത്തിനു സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് കേന്ദ്ര പ്രസിഡണ്ട് അധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു. 2023-2024 വർഷത്തെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി യോഗത്തിൽ അവതരിപ്പിച്ച് കൗൺസിലിൽ അവതരിപ്പിക്കാനുള്ള അംഗീകാരം നൽകി. ശാഖാ ജില്ലാ റിപ്പോർട്ടിങ് ഫോം സമിതി അംഗീകരിച്ചു. ഈ വർഷത്തെ ഓണാഘോഷം ഓൺലൈനായി 15-09-2024 സെപ്റ്റംബർ 15 ന് നടത്തുവാൻ തീരുമാനിച്ചു. ആയതിന്റെ ചുമതല കേന്ദ്ര വൈസ് പ്രസിഡന്റ് ശ്രീമതി മായാ നാരായണനെ ഏൽപ്പിച്ചു. മലയാള ബ്രാഹ്മണ സമാജത്തിന്റ സംസ്ഥാന സമ്മേളനം 2025 മെയ്യ് മാസം 11-ാം തീയതി നടത്താം എന്ന് തീരുമാനിച്ചു. സമഗ്രവികസനസമിതിയുടെ പ്രവർത്തനത്തിലുള്ള നവതിസ്മാരകം എങ്ങനെ വേണമെന്ന് പുനർചിന്തനം നടത്തി റിപ്പോർട്ട് ചെയ്യുവാൻ ശാഖകൾക്ക് സർക്കുലർ അയയ്ക്കുവാൻ തീരുമാനിച്ചു. കേന്ദ്രസമിതിയംഗങ്ങൾക്ക് യാത്രാബത്ത യാത്രാക്കൂലി അടിസ്ഥാനത്തിൽ നൽകുവാൻ തീരുമാനിച്ചു. ടി കാര്യങ്ങൾ ഏകീകരിച്ച് റിപ്പോർട്ട് ചെയ്യാൻ അരുൺ കീച്ചേരിലിനെ ചുമതലപ്പെടുത്തി.

### തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയുടെ വാർഷിക പൊതുയോഗം ജൂൺ മാസത്തെ കുടുംബ സംഗമത്തോടൊപ്പം 17/06/24 തിങ്കളാഴ്ച ശ്രീ വിഷ്ണു നമ്പൂതിരിയുടെ (ചെറുകുടൽ ഇല്ലം) ഭവനത്തിൽ വെച്ചു നടത്തപ്പെട്ടു. ജില്ലയുടെ വാർഷിക റിപ്പോർട്ടും, കണക്കുകളും യഥാക്രമം സെക്രട്ടറി, ഖജാൻജി എന്നിവർ അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു . ജില്ലയിലെ രാമായണ മാസാചരണം 10 ദിവസങ്ങളിലായി വിവിധ ഭവനങ്ങളിൽ വെച്ച് ഭക്തിനിർഭരമായി നടത്തപ്പെട്ടു. സമാരംഭം ജൂലൈ മാസത്തെ കുടുംബ സംഗമത്തോടൊപ്പം ഭാഗവത ആചാര്യൻ ബ്രഹ്മശ്രീ. കെ കൃഷ്ണ ശർമ്മ (പെരുംമ്പൂഴിപ്പുറത്ത് ഇല്ലം), ശ്രീ കെ.ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ (ത്രയിക്കോട്ട് ഇല്ലം), വസതിയിൽ വെച്ചു നിർവഹിച്ചു. പുതിയ അംഗങ്ങളെ ചേർത്ത് ശാഖ പ്രവർത്തനങ്ങൾ വിപുലപെടുത്തി. വയനാട് പ്രകൃതി ദുരന്തത്തിൽ കൈത്താങ്ങായി ജില്ലാ തലത്തിൽ സഹായ നിധി സമാഹരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഓഗസ്റ്റ് മാസത്തെ കുടുംബ സംഗമവും രാമായണ പാരായണം സമർപ്പണവും ശ്രീ പി ദാമേദരൻ അവർകളുടെ (പാണ്ടിയാട്ട് ഇല്ലം) ഭവനത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ ഭാഗവത ആചാര്യൻ Dr.പ്രദീപ് വർമ്മയുടെ (സംസ്കൃത കോളേജ് തിരുവനന്തപുരം) പ്രഭാഷണം - 'രാമായണത്തിലൂടെ ജീവിത വിജയം' ശ്രദ്ധേയമായി. സമാജം പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ സജീവപങ്കാളിത്തം പ്രചോദനമായി. ജില്ലയുടെ വാർഷികം ഒക്ടോബർ മാസത്തിൽ നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

### എറണാകുളം ശാഖാ

മലയാള ബ്രാഹ്മണ സമാജം എറണാകുളം ശാഖയുടെ ആഭിമുഖ്യത്തിൽ 2024 ജൂലൈ 28 ഞായറാഴ്ച്ച ഇടപ്പിള്ളി കാരിക്കോട്ട് ഇല്ലത്ത് വച്ച് സമ്പൂർണ്ണ രാമായണ പാരായണ ദിനം ആഘോഷിച്ചു. എറണാകുളം ശാഖാ സെക്രട്ടറി സുനിൽ ഇല്ലം എല്ലാവരെയും സ്വാഗതം ചെയ്യുകയും. രുഗ്മിണി അന്തർജ്ജനം ദീപം കൊളുത്തി ആരംഭിച്ചു. ശാഖാ പ്രസിഡന്റ് മുകുന്ദൻ വെളത്തമശ്ശേരി ഇല്ലം. കേന്ദ്രസമിതി അംഗം VNTനമ്പൂതിരി, ശാഖാ വൈസ് പ്രസിഡന്റ് സിന്ധു സുനിൽ, ട്രഷറർ ഹരി കൈനിക്കര ഇല്ലം തുടങ്ങിയവർ നേതൃത്വം കൊടുത്തു. പ്രഭാഷണവും ബ്ലാവേലി വായനയും ക്വിസ്സ് മത്സരവും, മുത്തശ്ശി രാമായണീ



എന്നിവയും ഉണ്ടായിരുന്നു. വൈകിട്ട് ഔഷധകഞ്ഞിയും പുഴുക്കും (കർക്കിടക കഞ്ഞിയും) എല്ലാവർക്കും നൽകി.

## ഗുരുവായൂർ ശാഖ

മലയാള ബ്രാഹ്മണസമാജം ഗുരുവായൂർ ശാഖയുടെ യോഗം 2024 ജൂലൈ 7 നു ഞായറാഴ്ച ഉച്ചക്ക് 2.30ന് തൃപ്രയാർ ബ്ലാഹയിൽ ഇല്ലത്ത് നാരായണൻ (കുട്ടേട്ടൻ) ഇളയതിന്റെ ഇല്ലത്തു വച്ചു ചേർന്നു. ശാഖ സെക്രട്ടറി ദേവൻ ഇളയത് യോഗത്തിൽ സ്വാഗതം പറഞ്ഞു. ശാഖ പ്രസിഡന്റിന്റെ അഭാവത്തിൽ മുൻ ശാഖാ ഭാരവാഹിയും മുതിർന്ന അംഗവുമായ തളിക്കുളം കരുണാട്ടില്ലത്ത് ഉണ്ണികൃഷ്ണൻ ഇളയത് അധ്യക്ഷത വഹിച്ചു സംസാരിച്ചു. പ്രാർത്ഥനയ്ക്കും ആചാര്യവന്ദനത്തിനും ശേഷം അഗ്നിബാധ മൂലവും പ്രകൃതി ദുരന്തം മൂലവും ആകസ്മികമായി നമ്മോട് വിട്ടുപിരിഞ്ഞതായ എല്ലാവർക്കും അനുശോചനം രേഖപ്പെടുത്തി. തദവസരത്തിൽ കെമിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ച ശ്രീമതി രോഹിണി ശ്രീജിത്തിനെ പ്രത്യേകം അഭിനന്ദിച്ചു. മാത്രമല്ല, ശാന്തിനി കേതൻ സർവ്വകലാശാലയിൽ നിന്ന് കലാചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയ മൂക്കുതല ചിരട്ടപ്പുറത്ത് ഇല്ലത്ത് ശങ്കരനാരായണൻ മകൾ ശീതൾ സി.പി. അഭിനന്ദിക്കുകയും ചെയ്തു. അധ്യക്ഷന്റെ നിർദ്ദേശപ്രകാരം ശാഖാ സെക്രട്ടറി ചർച്ചകൾക്ക് തുടക്കം കുറിച്ചു. ശാഖാ സെക്രട്ടറിയായതിനുശേഷം കഴിഞ്ഞ ഒരു മാസം നടന്ന ശാഖാ പ്രവർത്തനങ്ങളുടെ ശാഖാ സെക്രട്ടറിയുടെ റിപ്പോർട്ട് വായിച്ചു രേഖപ്പെടുത്തി. ഇപ്രാവശ്യത്തെ രാമായണമാസാചരണം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്ന കുറ്റിക്കാട്ടുകാവ് ഇല്ലത്ത് രാമൻ ഇളയതിന്റെ വസതിയിലേക്ക് രാമായണമാസചരണത്തിൽ പങ്കെടുക്കുന്നതിന് എല്ലാവരെയും ഔദ്യോഗികമായി ക്ഷണിച്ചു. ഉച്ചവരെ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കൃതിയിലെ പ്രസക്തമായ ഭാഗങ്ങൾ എല്ലാവരുടെയും പങ്കാളിത്തത്തോടെ കൂടി വായിക്കുന്നതിനും, ഉച്ചയ്ക്കുശേഷം രാമായണ കഥയോടനുബന്ധിച്ചുള്ള പ്രശ്നോത്തരി സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചു. ഓണത്തോടനുബന്ധിച്ച് നടക്കുന്ന വാർഷികാഘോഷം 2024 ആഗസ്ത് 29 നു 10 മുതൽ ഗുരുവായൂർ ടൗൺ ഹാളിലെ ഫ്രീഡം ഹാളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ച വിവരം യോഗത്തിൽ അറിയിച്ചു. വാർഷികാഘോഷ വേളയിൽ ഡോക്ടറേറ്റ് നേടിയ രണ്ടുപേരെയും, സ്കൂൾ കോളേജ് തലത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കും, ഉപഹാരം നൽകി ആദരിക്കുന്നതിന് തീരുമാനിച്ചു. അടുത്ത മാസത്തെ ശാഖാ കുടുംബയോഗം, ആഗസ്റ്റ് നാലിന് 2–30 ന് കൈപ്പമംഗലം ബ്ളാഹയിൽ ഇല്ലത്ത് ഉണ്ണികൃഷ്ണൻ (ബാബു) ഇളയതിന്റെ വസതിയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു. ശാഖ ജോയിൻറ് സെക്രട്ടറി പുളിന്ത്ര ഇല്ലത്ത് വേണു യോഗത്തിൽ കൃതജ്ഞത രേഖപ്പെടുത്തി. ഐക്യമത്യസൂക്തത്തോടെ യോഗം സമാപിച്ചു.

മലയാള ബ്രാഹ്മണസമാജം ഗുരുവായൂർ ശാഖയുടെ കുടുംബയോഗം 2024 ആഗസ്ത് 5 നു വൈകിട്ട് 8 മണിക്ക് മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ ഓൺലൈനായി ചേർന്നു. പങ്കെടുത്തവരുടെ എണ്ണം താരതമ്യ കുറവായിരുന്നുവെങ്കിലും പങ്കെടുത്ത എല്ലാവരും സജീവമായ ചർച്ചകളിൽ പങ്കാളികളായി. വടക്കാഞ്ചേരി ശാഖാംഗമായ ചെമ്പുക്കാട്ട് ദേവകി അന്തർജ്ജനം യോഗത്തിൽ ജില്ലാ നിരീക്ഷകയായി പങ്കെടുത്തു. ബഹു ശാഖാ പ്രസിഡണ്ട് ശ്രീമതി ഗീത എസ് ഇളയത് അധ്യക്ഷത വഹിച്ചു. അവർ വയനാടു ദുരന്തത്തിലും മറ്റ് പ്രകൃതിദുരന്തത്തിലും ഉണ്ടായ കഷ്ടതകൾ വിവരിക്കുകയും, ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു. ശാഖ സെക്രട്ടറി ശ്രീ ദേവൻ ഇളയത് സ്വാഗതം പറയുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. സജീവമായ ചർച്ചകളെ തുടർന്ന് താഴെ കാണുന്ന തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു. ഈയിടെയുണ്ടായ മഴക്കെടുതിയിൽ ശാഖാതലത്തിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായില്ലെന്ന് വിലയിരുത്തി. നടപ്പ് വർഷത്തെ വാർഷികാഘോഷം സെപ്തംബർ 29ന് ആയതിനാൽ കാലാവസ്ഥ സ്ഥിതി അനുസരിച്ച് നിശ്ചയിച്ച സ്ഥലത്തും സമയത്തും ചുരുങ്ങിയ തോതിൽ വാർഷികം നടത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചു. അതിലെന്തെങ്കിലും ഭേദഗതികൾ തീരുമാനിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി .ഇപ്രാവശ്യം വേലൂർ കുറ്റിക്കാട്ടുകാവ് ഇല്ലത്തു വച്ച് നടന്ന രാമായണ മാസാചരണം കുറച്ചുപേരെ പങ്കെടുത്തുവെങ്കിലും ഭംഗിയായി നടന്നതായി അഭിപ്രായപ്പെട്ടു. ആയതിനു വേണ്ടി വന്ന ചെലവ് ശാഖ അംഗീകരിച്ച് തീരുമാനിച്ചു. കേന്ദ്ര കൗൺസിൽ അംഗങ്ങളുടെ യാത്ര ചെലവും കേന്ദ്ര സമിതിയിൽ അടയ്ക്കേണ്ട ശാഖയിലെ മൊത്തം കേന്ദ്ര സമിതി അംഗങ്ങളുടെ എൻട്രിഫീസും ശാഖാ ഫണ്ടിൽ നിന്ന് നൽകുന്നതിന് തീരുമാനിച്ചു. ബ്രഹ്മശ്രീ വിതരണം ശാഖയിലെ എല്ലാ പ്രദേശങ്ങളും എത്തിയതായി യോഗം വിലയിരുത്തി.വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും തരത്തിലുള്ള സഹായധനം നൽകുന്നതിന് കേന്ദ്ര സമിതികളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാകാമെന്ന് തീരുമാനിച്ചു. ക്ഷേത്രത്തിൽ നിന്ന് ഒരു പൂജാരിയെ അറസ്റ്റ് ചെയ്ത സംഭവം ഒരു പത്രകുറിപ്പിൽ മാത്രം ഒതുങ്ങി നിന്നു കൊണ്ട് പ്രതിഷേധം നടത്തിയാൽ മതിയോയെന്നത് കേന്ദ്ര സമിതിയിൽ ഉന്നയിക്കേണ്ടതാണെന്ന് ശാഖയിലെ അംഗങ്ങൾ അഭിപ്രായപ്പെട്ടു. കേന്ദ്ര കൗൺസിൽ യോഗത്തിൽ അക്കാര്യം ഉന്നയിക്കാമെന്ന് നിശ്ചയിച്ചു. ശാഖയിൽ അടുത്ത് നടക്കുന്ന വിവാഹങ്ങൾക്ക് മംഗളാശംസകൾ തയ്യാറാക്കുന്നതിന് ശാഖാ സംയോജകൻ ചേടപ്പുറം ഇല്ലത്ത് രാധാകൃഷ്ണൻ ഇളയതിനെ ചുമതലപ്പെടുത്തി. ശാഖാംഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ശാഖയുടെ മൈക്ക് സെറ്റ് ഉത്തരവാദിത്വത്തോട് കൂടി പരിപാലിച്ച് ഉപയോഗിക്കാമെന്ന് നിബന്ധനയിൽ എക്സിക്യൂട്ടീവ് യോഗത്തിന്റെ അനുമതിയോടെ നൽകുന്നതിന് തീരുമാനിച്ചു. തുടർന്ന്

ശാഖയിലെ ജില്ലാ നിരീക്ഷക ശ്രീമതി. ദേവകി ചെമ്പൂക്കാട് ഗുരുവായൂർ ശാഖ യോഗത്തിലെ ചർച്ചകൾക്ക് സന്തോഷം രേഖപ്പെടുത്തി. ശ്രീമതി ശാന്ത വാസുദേവൻ ഐക്യമത്യ സൂക്തം ചൊല്ലുകയും കേന്ദ്ര സമിതി അംഗം ശ്രീമതി ശ്രീജ പരമേശ്വരന്റെ കൃതജ്ഞതയോടു കൂടി ഏകദേശം യോഗം അവസാനിക്കുകയും ചെയ്തു

**ആണ്ടൂർ ശാഖ**

മലയാള ബ്രാഹ്മണ സമാജം ആണ്ടൂർ ശാഖയുടെ മാസ പൊതുയോഗവും രാമായണ മാസാചരണവും 2024 ആഗസ്റ്റ്4 നു വെള്ളിയേപ്പള്ളിൽ ഇല്ലത്ത് ശ്രീധരശർമ്മയുടെ ഭവനത്തിൽ വച്ചു നടന്നു. രാവിലെ ഗണപതിഹോമം, വിഷ്ണുസഹസ്രനാമജപം എന്നിവയ്ക്ക്ശേഷം അഖണ്ഡ രാമായണ പാരായണം ആരംഭിച്ചു. 55 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ സാരംഗി ഈശ്വര പ്രാർത്ഥന നടത്തി. ആചാര്യവന്ദനത്തിനു ശേഷം വി എൻ ദിവാകരൻ അംഗങ്ങൾക്ക് പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് വയനാട് ദുരന്തത്തിൽ അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് ജൂനിയേഴ്സ്, സീനിയർസ് എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി രാമായണം പാരായണ മത്സരം നടത്തി. വിജയികൾക്ക് കേന്ദ്ര സമിതി അംഗം ദീപ്തി കണ്ണൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഗൃഹനാഥ യോഗത്തിനു സ്വാഗതം ആശംസിച്ചു. ശാഖ പ്രസിഡണ്ട് എ എൻ മോഹൻകുമാർ അധ്യക്ഷൻ ആയിരുന്നു. വി എൻ ദിവാകരൻ രാമായണത്തെ അടിസ്ഥാനമാക്കി പ്രഭാഷണം നടത്തുകയുണ്ടായി. തുടർന്ന് സെക്രട്ടറി മുൻ യോഗ റിപ്പോർട്ടും, ട്രഷറർ കണക്കും അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ 2024 – 2025 വർഷത്തെ ശാഖാ ഫണ്ടിനെ പറ്റിയും ഓണാഘോഷത്തെ പറ്റിയും ചർച്ചകൾ നടന്നു. ഉച്ചഭക്ഷണത്തിനു ശേഷം രാമായണം പ്രശ്നോത്തരി നടന്നു. തുടർന്ന് ശാഖാ ജോയിന്റ് സെക്രട്ടറി നിർമ്മല ദിവാകരൻ യോഗത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. തുടർന്ന് ഐകമത്യ സൂക്തത്തോടെ യോഗം അവസാനിച്ചു.

ഉപ്പേരിയായിരുന്നെന്നോണം
ഉത്സാഹമായിരുന്നിന്നോണം
ഊഞ്ഞാലിലായിരുന്നന്നോണം
ഉത്രാടപ്പായസമെന്നോണം
പൂവിളിയായിരുന്നെന്നോണം
പുത്തനുടുപ്പിലാണെന്നോണം
പുത്രരോടൊപ്പമിന്നച്ഛനുമമ്മയും
പൊട്ടിച്ചിരിക്കുന്നൊരെന്നോണം
.....സെൻ

കവിത

# അഹല്യാമോക്ഷം

**വരുൺ. എം**
ഇടയാണത്തില്ലം, പാങ്കോട് പി.ഓ
എറണാകുളം, 9645132411

വരിക ദശരഥാത്മജാ,
കുളിർ നിലാവു പോലുമീയഹല്യയെ
സഹസ്രവർഷങ്ങളായ്
പൊള്ളിപ്പതറിവീലേ?
കല്ലായിപ്പോയൊരീ കായത്തിൽ
നീയെൻ ശാപമോക്ഷത്തിനായ്
നിൻകഴൽ പതിക്കുമോ,
തളിർക്കുമോ മമ യൗവ്വന സങ്കൽപ്പങ്ങൾ .

ഗംഗാതീരത്തിലുടജത്തിലീയിവൾ
ഗൗതമപത്നിയായ് വാണ കാലം,
താളമുറഞ്ഞ മണ്ണിൽ നിന്നൊരുവൾ
ഊഷരസ്വപ്നങ്ങൾ കാണുംനേരം,
തപിച്ചൊരാ പുതുമണ്ണിൽ ദേവകാമം
അറിയാതലിഞ്ഞതെൻ പാപമായീടുമോ?
വിപിനത്തിലുയരത്തിലെ കൊമ്പിൽ
ചേക്കേറുന്ന കൊടുങ്കാറ്റിനെ
തടയാൻ തളിരിലയിലൊന്നിനാകുമോ?
ഇന്ദ്രിയങ്ങളെ ജയിച്ചവനെങ്കിലും
ഇന്ദ്രീയ കൗശല,മറിഞ്ഞീല ഗൗതമനെന്നോ?

ആയിരം നാവുകളി,ലഹല്യ പതിതയായ്,
ആയിരത്താണ്ട് ശാപത്തിനും പാത്രമായ്
അഹല്യമായൊരീമൃതഭൂവിൽ തപസ്വിയായ്
പുനർജ്ജനി സ്പർശത്തിനായ്
കാത്തിരിക്കുന്നിവൾ.
ആണിന്റെ പാപത്തിനു മുക്തി സിദ്ധിക്കുവാൻ
മാർഗ്ഗമോതുന്നിതെത്രയും ലളിതമായ്
പെണ്ണിനൊരു ശാപമോക്ഷത്തിനായി
ത്രേതായുഗം വരെ കാത്തിരിക്കണമെന്നോ?
നൊന്തു പ്രസവിക്കാനവൾ വേണം,
നോവാറ്റി പാലൂട്ടാനവൾ വേണം.
പാപക്കറ പേറുന്ന കല്ലായി മഴയേറ്റ്,
വെയിലേറ്റ് നിർദ്ദയം
തപിക്കാനുമവൾവേണമെന്നോ?

ലോകാഭിരാമൻ നീ കണ്ടിടാമിനിയും
വരും യുഗ പാതയിൽ തവപാദസ്പർശത്തിനായ്
തപിച്ചുകിടക്കുന്നൊരഹല്യാശിലകളെ.
അന്നേരവും നീ വനചാരിയായ് വരിക,
ആൺകറകൾ മായിച്ചു മോക്ഷമേകീടുക.

## തുറവൂർ ശാഖ

മലയാളബ്രാഹ്മണ സമാജം തുറവൂർ ശാഖ രാമായണമാസാചരണവും വാർഷിക പൊതുയോഗവും പട്ടണക്കാട് മുല്ലശ്ശേരി ഇല്ലത്തു 15-8-24 ൽ ആഘോഷിച്ചു രാവിലെ 11 മണിക്ക് ഭദ്രദീപം തെളിയിച്ച് കർക്കിടകം 1-ാം തീയതി മുതൽ ഓൺലൈനിൽ ആരംഭിച്ച രാമായണ പാരായണത്തിന്റെ സമാപന പാരായണം ആരംഭിച്ചു ഉച്ചഭക്ഷണത്തിനു ശേഷം ക്വിസ് മത്സരവും തുടർന്ന് ശാഖാ പ്രസിഡന്റ് മുരളീധരൻ നമ്പൂതിരിയുടെ അദ്ധ്യക്ഷതയിൽ വാർഷികയോഗം ആരംഭിച്ചു. ഈശ്വര പ്രാർത്ഥന, ശാഖാസെക്രട്ടറി അരവിന്ദ് സ്വാഗതം ആശംസിച്ചു. യോഗം കേന്ദ്ര വൈസ് പ്രസിഡന്റ് രവീന്ദ്രൻ ജ ഇളയത് ഉൽഘാടനം നിർവ്വഹിച്ചു. കേന്ദ്ര സമിതി അംഗം ചന്ദ്രഗുപ്തൻ ഇളയത് , ആചാര്യൻ പരമേശ്വരൻ ഇളയത് തുടങ്ങിയ മഹത് വ്യക്തികൾ ആശംസ അറിയിച്ചു. മുൻ കേന്ദ്രപ്രസിഡന്റ് ബാലചന്ദ്രശർമ്മ വിദ്യാഭ്യാസ അവാർഡ് വിതരണത്തിനു ശേഷം കലാപരിപാടികൾ ഉണ്ടായിരുന്നു. തുറവൂർശാഖയുടെ നവതിവർഷ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് നവതിദീപത്തിൽ ആദ്യ ദീപം തെളിച്ച് കേന്ദ്ര വൈസ് പ്രസിഡന്റ് ആരംഭം കുറിക്കുകയും ശാഖ അംഗങ്ങൾ ചേർന്ന് 90 ദീപങ്ങൾ കൊളുത്തി പ്രകാശപൂരിതമാക്കി. ശേഷം സുധാകുമാരി ഏവർക്കും നന്ദി അറിയിച്ച് ഐകമത്യസൂക്തത്തോടെ യോഗം പര്യവസാനിച്ചു.



## കൊരട്ടി ശാഖ

കൊരട്ടി ശാഖയുടെ രാമായണോത്സവം 2024 ഇന്ന് രാവിലെ (15.08.2024 ) 8.30 ന് അന്നമനട തൈക്കാട്ട് ഇല്ലത്ത് ഇടപ്പിള്ളി കാരിക്കോട്ട് ഇല്ലത്ത് ശ്രീമതി രുഗ്മിണി അന്തർജ്ജനം ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത മിക്ക അംഗങ്ങളും പാരായണം ചെയ്തു. രുഗ്മിണി അന്തർജ്ജനവും തൃപ്പൂണിത്തുറ ചേന്ദമംഗലത്ത് ഇല്ലത്തെ ശ്രീമതി സിന്ധു സുനിലും ചേർന്ന് പ്രഭാഷണവും നടത്തി. ദീപാരാധനക്കുശേഷം 4 മണിയോടെ രാമായണ പാരായണം പര്യവസാനിച്ചു. തുടർന്ന് നമ്മുടെ ശാഖാ മീറ്റിംഗും ഉണ്ടായിരുന്നു. നമ്മുടെ ഓണാഘോഷം സെപ്റ്റംബർ 22ാം തീയ്യതി അന്നമനട വിവേകോദയം വിദ്യാമന്ദിർ സ്കൂളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. ഓണസദ്യ വിവിധ ഇല്ലങ്ങളിൽ വച്ചുണ്ടാക്കിയ വിഭവങ്ങൾ മതിയെന്ന് അഭിപ്രായം ഉണ്ടായി.ശേഷം നന്ദി പറഞ്ഞ് 6 മണിയോടെ യോഗം പര്യവസാനിച്ചു.



## പാലാ ശാഖ

മലയാള ബ്രാഹ്മണ സമാജം പാലാ ശാഖയുടെ പ്രതിമാസ യോഗവും രാമായണ മാസാചരണവും 2024 ഓഗസ്റ്റ് 4 ഞായറാഴ്ച രാവിലെ 9.30 മുതൽ പാലാ ഉരുളികുന്നം ഓണിയപ്പുലത്തില്ലത്ത് വിഷ്ണു നമ്പൂതിരിയുടെ (ശാഖാ ട്രഷറർ) ഇല്ലത്ത് വച്ച് സമുചിതമായി ആഘോഷിച്ചു. ഏകദേശം 40 ഓളം അംഗങ്ങൾ പങ്കെടുത്ത ആഘോഷം രാവിലെ 9.30 നു ആതിഥേയ ഇല്ലത്തെ മുതിർന്ന അംഗം ഭദ്രദീപം തെളിയിച്ചതോടു കൂടി ആരംഭമായി. തുടർന്ന് ശാഖ അംഗങ്ങളുടെ രാമായണ പാരായണം നടന്നു. 11 മണിക്ക് ആരംഭിച്ച പൊതുസമ്മേളനത്തിൽ പെരുമ്പുഴ ഇല്ലത്തു ശ്രീനന്ദ ഈശ്വര പ്രാർത്ഥനയും, ഓണിയപ്പുല ത്തില്ലത്ത് ഹൃഷികേശ് ആചാര്യവന്ദനവും നടത്തി. തുടർന്ന് നമ്മെ വിട്ടു പോയ സമാജ അംഗങ്ങൾക്കും വയനാട്ടിൽ പ്രകൃതി ദുരന്തത്തിൽ മരണമടഞ്ഞ എല്ലാവർ ക്കും ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഒരു മിനിറ്റ് നേരം മൗനപ്രാർഥന നടത്തി. ശാഖാ സെക്രട്ടറി അജീഷ് കീച്ചേരിൽ യോഗത്തിനു സ്വാഗതം ചെയ്തു. ശാഖാ പ്രസിഡന്റ് ഹരികൃഷ്ണൻ കൈപ്പള്ളി ഇല്ലം അധ്യക്ഷത വഹിച്ചു സംസാരിച്ചു. അതിനു ശേഷം ബ്രഹ്മശ്രീയുടെ മാനേജിങ് എഡിറ്ററും MBS ന്റെ ആചാര്യനുമായ ബ്രഹ്മശ്രീ ടി എൻ ബാബുകുമാർ യോഗം ഉത്ഘാടനം ചെയ്തു. തുടർന്ന് രാമായണത്തെ ഉദ്ധരിച്ച് അദ്ദേഹം നിരവധി പുതിയ അറിവുകൾ സമ്മാനിച്ച്മുഖ്യപ്രഭാഷണം നടത്തി. രാമായണത്തിന്റെ ആനുകാലിക പ്രസക്തിയെ കുറിച്ചും രാമായണത്തിന്റെ വേറിട്ട വകഭേദങ്ങളെ കുറിച്ചും അദ്ദേഹം സംസാരിച്ചു .തുടർന്നു കേന്ദ്ര കൗൺസിൽ അംഗം അരുൺ കീച്ചേരിൽ ജില്ലാ /കേന്ദ്ര അറിയിപ്പുകൾ നൽകി. തുടർന്ന് ഓണിയപ്പുലത്തു ഇല്ലത്തു മാസ്റ്റർ ഹൃഷികേശ് രാമായണത്തെ ആസ്പദമാക്കി അവതരിപ്പിച്ച പ്രശ്നോത്തരി വ്യത്യസ്തമായ അനുഭവം ആയി. എല്ലാ അംഗങ്ങളും പങ്കെടുത്ത പ്രശ്നോത്തരിയിൽ ആദ്യ മൂന്ന് സ്ഥാനം ലഭിച്ചവർക്ക് ഉള്ള സമ്മാനവും ഹൃഷികേശ് തന്നെ സമ്മാനിച്ചു. തുടർന്ന് ഗൃഹനാഥൻ യോഗത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. ഐക്യമത്യസൂക്തത്തോടെ യോഗം അവസാനിച്ചു. തുടർന്ന് അംഗങ്ങൾ തന്നെ വിവിധ ഇല്ലങ്ങളിൽ നിന്ന് തയ്യാറാക്കി കൊണ്ട് വന്ന രുചികരമായ സദ്യയ്ക്ക് ശേഷം 2 മണിയോടെ എല്ലാവരും സന്തോഷത്തോടെ പിരിഞ്ഞു.

### പള്ളിക്കര ശാഖ

മലയാള ബ്രാഹ്മണ സമാജം പള്ളിക്കര ശാഖയിൽ 2024 ജൂലൈ മാസം 14 ന് വെമ്പിള്ളി മഠപ്പിള്ളിക്കാവ് ക്ഷേത്ര ഓഡിറ്റോയിത്തിൽ വച്ച് ന്തർജ്ജനങ്ങൾക്കായി നിവേദ്യ പഠന ക്ലാസ്സ് നടത്തുകയുണ്ടായി ക്ലാസ്സുകൾ നടത്തിയത് ബ്രഹ്മശ്രീ രാജേഷ് കെ എൻ കറുത്ത മേശ്ശേരി ഇല്ലം ആയിരുന്നു. 18 അംഗങ്ങളോളം ക്ലാസ്സിൽ പങ്കെടുത്തു. യുവജനങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്ന ശാഖയിൽ പൂജാ പഠനത്തിനായി വന്നതും കൂടുതൽ യുവതികളായിരുന്നു എന്നുള്ളത് സന്തോഷത്തോടെ എല്ലാവരെയും അറിയിക്കട്ടെ.



## ആസ്തികാലയം



നമ്പൂതിരിമാർക്കും മറ്റ് ബ്രാഹ്മണർക്കും ഉപനയനം, സമാവർത്തനം,പിണ്ഡം, ശ്രാദ്ധം, തുടങ്ങിയ ക്രിയാദികൾ നടത്തുന്നതിന് എല്ലാവിധ സൗകര്യങ്ങളുമായി ഗുരുവായൂരിനടുത്ത് അഞ്ഞൂർ പൂങ്ങാട്ടു മനയിൽ ആസ്തികാലയം പ്രവർത്തനമാരംഭിച്ചു. കുന്നംകുളത്തു നിന്ന് 5 കിലോമീറ്ററും ഗുരുവായൂരിൽ നിന്ന് 6 കിലോമീറ്ററും യാത്ര ചെയ്താൽ ഇവിടെ എത്താനാവും. വിശാലമായ ഇല്ലപ്പറമ്പിൽ കുളം, പാർക്കിംഗ് സൗകര്യം, ക്രിയാദികൾക്കാവശ്യമായ സാധനങ്ങൾ, പാത്രങ്ങൾ, തുടങ്ങി എല്ലാവിധ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ ക്രിയക്ക് വേണ്ട നമ്പൂതിരിമാർ, ഓതിക്കൻമാർ തുടങ്ങിയവരുടെ സേവനവും ലഭ്യമാണ്. ദൂരസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് താമസ, ഭക്ഷണ സൗകര്യവും ഉണ്ടായിരിക്കും. ഭാവിയിൽ സന്ധ്യാവന്ദനം, ഹോമ പൂജാദികൾ, വേദമന്ത്രങ്ങൾ തുടങ്ങിയവ പഠിക്കുന്നതിനുള്ള ക്ലാസുകൾ ആരംഭിക്കുവാനും ഉദ്ദേശ്യമുണ്ട്. യോഗക്ഷേമ സഭയുടെ ഗുരുവായൂർ, വടക്കേക്കാട് ഉപസഭകളിൽ നിന്നുമായി 7 പേരടങ്ങുന്ന ഒരു സമിതിയും ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ ആസ്തികാലത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം തന്ത്രി മുഖ്യൻ ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് നിർവ്വഹിച്ചു. സർവ്വശ്രീ കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്, ഗുരുവായൂർ ക്ഷേത്രത്തിലെ മുൻ മേൽശാന്തിമാരും, ക്ഷേത്രം ഓതിക്കന്മാരുമായ പൊട്ടക്കുഴി ഭവദാസൻ നമ്പൂതിരി, കക്കാട് ദേവദാസ് നമ്പൂതിരി, K.P. നമ്പൂതിരീസ് ഉടമ കൊളത്താപ്പിള്ളി ഭവദാസൻ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. ആസ്തികാലയത്തിന്റെ ബുക്കിംഗിനും, കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക.

**പൂങ്ങാട് മാധവൻ നമ്പൂതിരി**
**944 66 24387, 807 88 14387**

Whatsapp വഴി വിവാഹപൊരുത്തം, മുഹൂർത്തം എന്നിവ നോക്കി കൊടുക്കുന്നു
**80788 14387**

# കേദാർ ബദരി യാത്ര ഒരു പുണ്യമഹായനം

**സുമംഗലാ ജാതേവദൻ**, മഴുവഞ്ചേരി ഇല്ലം, അങ്കമാലി



യാത്ര പലരുടേയും സ്വപ്നമാണ്. അതു ഭാഗ്യമാണ്. സന്തോഷമാണ്, നിറവാണ്, അറിവുമാണ്. ആഗ്രഹവും ഇച്ഛാശക്തിയും ഏറെ പ്രധാനമായി ആരോഗ്യവും ഉണ്ടാവണമെന്നു മാത്രം.

തീർഥയാത്രയാണെങ്കിൽ അതു പകരുന്ന ഉൾസുഖം വേറെതന്നെ. ഇത്തരം ഒരു യാത്രാസൗഭാഗ്യം കൈവന്നതിന്റെ, കേദാർ ബദരി ദർശനം സാധിച്ചതിന്റെ നിറവിലാണ് ഇതെഴുന്നത്.

ഇടയ്ക്കിടെ സമയം കണ്ടെത്തി ചില യാത്രകൾ ചെയ്യാറുണ്ട്, അടുത്തകാലത്തായി. ഏതോ ഒരു പുണ്യനിമിഷത്തിൽ പല പരിഗണനകളിൽ നിന്നും കേദാർ ബദരി യാത്രയ്ക്കാണ് ഇത്തവണ നറുക്കു വീണത്.

യാത്ര തീരുമാനിച്ചുവെങ്കിലും അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ആദ്യമൊന്നും കാര്യമായ ഗ്രാഹ്യമുണ്ടായില്ല. പക്ഷേ അന്വേഷിയ്ക്കവേ ഇതൊരു സാധാരണ സഞ്ചാരമല്ലെന്നു തോന്നിത്തുടങ്ങി. എന്തറിയാനും ഇന്നിപ്പോൾ സൗകര്യങ്ങൾ വിരൽത്തുമ്പിലുണ്ടല്ലോ. അറിഞ്ഞുതുടങ്ങിയപ്പോൾ താത്പര്യേമറി. അതിലെ സാഹസികത ബോധ്യമായി. പിന്നെ കാത്തിരിപ്പായി.

**പുറപ്പാട്**

അങ്ങനെ ആ മഹദ്ദിനം എത്തിച്ചേർന്നു, ജൂൺ 5, 2024. ഞങ്ങൾ 19 പേർ, പത്തു പുരുഷന്മാരും ഒമ്പതു സ്ത്രീകളും എല്ലാവരും ബന്ധുക്കൾ. യാത്രപുറപ്പെട്ട് തീവണ്ടിയാപ്പീസിലെത്തി. കയ്യിൽ എടുപ്പതുണ്ട് സാധനങ്ങൾ. പത്തു ദിവസത്തെ പരിപാടിയാണ്. തണുപ്പിനുള്ള പ്രതിരോധകങ്ങളും മലമ്പാത താണ്ടാനുള്ള ഉപാധികളുമാണ് കുറേയെറെയും.

എല്ലാവർക്കും തീവണ്ടിയിൽവച്ചു കഴിയ്ക്കാനുള്ള ഭക്ഷണം മുൻതീരുമാനപ്രകാരം ടീമംഗങ്ങൾ തന്നെ തയ്യാറാക്കിക്കൊണ്ടുവന്നു. സ്വാദിഷ്ഠമായ ആ കൂട്ടായ്മ നാവിനും മനസ്സിനും ഒരുപോലെ വിരുന്നായി. ആരോഗ്യപ്രശ്നമൊന്നുമില്ലാതെ യാത്രയുടെ ആദ്യഭാഗം പിന്നിടാനും സാധിച്ചു.

തീവണ്ടിയ്ക്കൊപ്പം യാത്രാദിനങ്ങളും അതിവേഗം പാഞ്ഞു. നല്ല നിമിഷങ്ങൾ അങ്ങനെയാണല്ലോ. ദൈർഘ്യം തോന്നില്ല. യാത്രയിലെ വരുംദിനങ്ങളെക്കുറിച്ചും മറ്റും സമൃദ്ധമായി സംസാരിച്ചും ഭാവന ചെയ്തും സ്ത്രീകളും, ബഹുകാര്യങ്ങൾ ചർച്ചചെയ്തും ചീട്ടുകളിച്ചും പുരുഷന്മാരും സമയം ആസ്വദിച്ചു. എല്ലാവരും കൂടിയിരുന്നു നർമസംഭാഷണത്തിലേർപ്പെട്ട അവസരവും ഏറെയുണ്ടായിരുന്നു.

എന്തിലും തമാശ കണ്ടെത്തുന്ന സരസന്മാരും ടീമിലുണ്ടായിരുന്നതിനാൽ ആകെ ഉല്ലാസകരമായി തീവണ്ടിയാത്ര. മൂന്നാം ദിവസം അതിരാവിലെ ഞങ്ങൾ ഡെൽഹിയിലിറങ്ങി.

ഓടിയെത്തുന്ന തീവണ്ടികൾ പുറന്തള്ളിയ ജനത്തിരക്കു നെഞ്ചിലേറ്റി നിസ്സംഗതയിലാണ്ടു നില്ക്കുന്ന തലസ്ഥാനനഗരിയിലെ തീവണ്ടിയാപ്പീസും പരിസരവും.

ആരു വന്നു.. ആരു പോയി.. ആർക്കറിയാം..!! തന്നത്താനറികയേ വേണ്ടൂ, അതേ സാധിയ്ക്കൂ താനും. ഇനി ഞങ്ങളുടെ സാരഥി വരണം. പത്തുദിവസം വിശ്വസിച്ചു സ്നേഹിച്ചു കൂടെ പോകാനുള്ളവൻ.

കാത്തുനിന്നു. അധികം വൈകാതെ അയാൾ വന്നു. പരിചിതഹസ്തനായ ഒരു ട്രാവലർ ഡ്രൈവർ. രാംകുമാർ സിങ്ങ്. ഞങ്ങൾക്ക് അപരിചിതനായ ദൂതൻ. അയാൾ ലഗ്ഗേജ് ഓരോന്നായി വണ്ടിയുടെ മുകളിലെത്തിച്ചു. ഉള്ളുതിങ്ങിയ പെട്ടികൾ ചെറിയ പരിഭവത്തോടെ ഇരുമ്പു കാരിയറിനുള്ളിൽ ഞെരുങ്ങിക്കൂടി. ഡ്രൈവർ സ്വന്തം സീറ്റിൽ വന്നിരുന്നു, ഹരിദ്വാർ ലക്ഷ്യമാക്കി വണ്ടി നീങ്ങി.

**ഹരിദ്വാറിലേയ്ക്ക്**

ഇതാ തുടങ്ങിക്കഴിഞ്ഞു ഞങ്ങൾ ഉറ്റുനോക്കിയിരുന്ന പുണ്യമഹായനം. ഉത്തരാഖണ്ഡിലൂടെയുള്ള ആകാംക്ഷ നിറഞ്ഞ യാത്ര. ഉച്ചയ്ക്ക് ഏതാണ്ട് 1.30 നു ഹരിദ്വാറിലെത്തി. ഹോട്ടൽ മുൻകൂട്ടി ബുക്ക് ചെയ്തിരുന്നതായിരുന്നു. യാത്രയ്ക്കിടയിലെ താമസസൗകര്യങ്ങളെല്ലാം അങ്ങനെതന്നെ.

ഉച്ചഭക്ഷണം കഴിച്ചു ഞങ്ങൾ ഹരിദ്വാറിലെ മനസാദേവി ക്ഷേത്രത്തിലേയ്ക്കാണ് പോയത്.

അഞ്ചുമണിയോടെ അവിടെയെത്തി. ശിവാലിക് കുന്നിന്റെ നെറുകയിലാണ് ക്ഷേത്രം. നീണ്ട വരിയാണ് ദർശനത്തിന്. റോപ് വേയിലൂടെയും ക്ഷേത്രത്തിലെത്താം. ക്യൂവിൽപ്പെട്ടാൽ വളരെ നേരം പിടിയ്ക്കും.

ഞങ്ങൾക്കാണെങ്കിൽ ദർശനംകഴിഞ്ഞു ഗംഗാ ആരതി കാണണമെന്നുണ്ട്. അപ്പോൾ അധികം സമയം പാഴാക്കാനില്ല. എന്നാൽ റോപ് വേ തന്നെ



ആവട്ടെ എന്നായി എല്ലാവരും. അങ്ങനെ, ടിക്കറ്റെടുത്ത്, ഞാണിന്മേൽക്കളിപോലെ കൂറ്റൻ വടത്തിൽ തൂക്കിയിട്ട പല യന്ത്രപ്പെട്ടികളിൽ ഓരോരുത്തരായി കയറി. നാലാളാണ് ഓരോന്നിലും. ഇതൊരു പുതിയ കാര്യമോ അനുഭവമോ അല്ല. നാട്ടിലും പലേടത്തും ഉണ്ടല്ലോ ഇതൊക്കെ. പക്ഷേ പേടകത്തിലിരുന്നുള്ള ആ കാഴ്ച ഹാ! കാണേണ്ടതുതന്നെ. പ്രകൃതി സൗന്ദര്യം കാല്ക്കീഴിലായതുപോലെ. എത്ര കൗതുകകരമായ ഭൂപ്രകൃതി!! എത്ര സുഭഗമായ വശ്യത!!! അനുപമമായ മലമടക്കുകൾ. താഴെ ഒഴുകുന്ന പുണ്യഗംഗ. ശരീരവും മനസ്സും ഒരുപോലെ താഴെനിന്നു പറന്നുയരുകയായിരുന്നു. കുന്നും താഴ്വാരത്തിലൊഴുകുന്ന ഭാഗീരഥിയും ഒരുപോലെ ഹൃദ്യമായ ദൃശ്യമായി ആകാശഗാമികളായ ഞങ്ങൾക്ക്.

**ഗംഗാദേവീ നമസ്തുഭ്യം**

മനസാദേവീദർശനം കഴിഞ്ഞു കുന്നിറങ്ങി ഞങ്ങൾ നേരെ നീങ്ങിയതു ഗംഗാ ആരതി കാണാനാണ്. അത്യന്തകൗതുകപൂർവമാണ് ഞങ്ങൾ ഗംഗാതീരത്തെത്തിയത്. ഉത്തരേന്ത്യക്കാർക്കു ഗംഗ വെറും നദിയല്ല, ഗംഗാമയ്യാ'അഥവാ ഗംഗാമാതാവ് ആണ്. മറ്റു പലതും പോലെ മനുഷ്യനു ചോദിയ്ക്കാതെ കിട്ടിയ വരദാനമാണ് ജീവജലം. ഒരു നാടിന്റെ നനവാണത്. അതിനെ മാനിയ്ക്കാൻ അവർ പണ്ടേ പഠിച്ചു.

പകൽ മങ്ങിത്തുടങ്ങി. എല്ലാവരും കൗതുകപൂർവം ഗംഗയിലെത്താൻ തിരക്കിട്ടു നടന്നു. അവിടെയെത്തിയപ്പോൾ കണ്ടത് ആരതി ദർശിയ്ക്കാനെത്തിയ വലിയ പുരുഷാരത്തെയാണ്. കുറച്ചകലെ കാണാം, പൂജ നടക്കുന്ന കരയിൽ പടവുകളും മാളികയുംമറ്റും കെട്ടി പുരോഹിതന്മാർക്ക് ആരതി ചെയ്യാനും മറ്റുള്ളവർക്ക് അതു കാണാനുമുള്ള സൗകര്യങ്ങളൊരുക്കിയിരിയ്ക്കുന്നു.

മറുകരയിലുമുണ്ട് നെടുനീളൻ പടവുകൾ. നേരത്തേ ചെന്ന് അവിടെ സ്ഥാനം പിടിച്ചാലേ ആരതി കാണാനാകൂ എന്നുമാത്രം. ദൂരെനിന്നേ കേൾക്കാം ദിവ്യവും ഭക്തിനിർഭരവുമായ ജയ ഗംഗേ മാതാ..' എന്ന ആരതി സംഗീതം.

പുരോഹിതർ നിരന്നുനിന്ന് നിറയെ ദീപം കൊളുത്തിയ ദീപാരാധനത്തട്ടുകൾ പ്രത്യേക താളത്തിൽ ചലിപ്പിച്ചാണ് ആരതി ഉഴിയുന്നത്. ഒപ്പം സംഗീതാത്മകമായ മന്ത്രോച്ചാരണവുമുണ്ട്.

ഒരു സംസ്കാരത്തിന്റെ സ്വരമാണത്. ജീവജലത്തെ പൂജിയ്ക്കുന്ന വിവേകത്തിന്റെ നാദമാണത്. ഞങ്ങളുടെ സ്വരവും അതിൽ ലയിച്ചു. ആഹാ.. ക്രേമണ അതൊരു ഹരമായി, അലിവും ആവേശവുമായി. അവസാനം അതിന്റെ ഉച്ചാവസ്ഥയിൽ മനസ്സ് ആ സ്വരതാളങ്ങളുമായി ലയിച്ച് ഗംഗയുമായി ഇഴുകിച്ചേരവേ അതാ കാണാം നെറുകയിൽ ഇലയും ദീപനാളങ്ങളും പൂക്കളുമായി തുള്ളിക്കളിയ്ക്കുന്ന കുഞ്ഞോളങ്ങൾ. ഭക്തർ ഗംഗയിൽ സമർപ്പിയ്ക്കുന്ന ആരതി കളാണത്. ഒന്നല്ല നൂറുകണക്കിനു നുറുങ്ങു ദീപങ്ങൾ. പുണ്യഭാഗീരഥി പ്രകാശശകലങ്ങൾ ചൂടി അതിമനോഹരിയായി.

ഒന്നിനുപിറേക ഒന്നായി നൂറുകണക്കിന് ആരതിദീപങ്ങൾ ഗംഗയുടെ മാറിൽ ഒഴുകിക്കൊണ്ടേയിരുന്നു.

ആരതി ദർശിച്ച് ഞങ്ങളും മറുകരയിലേയ്ക്കു നീങ്ങി. പാലം കടന്നുവേണം പോകാൻ. അതാ പാലത്തിൽ നിന്നാൽ കാണാം നീണ്ടുനിവർന്ന് ആഴവും പരപ്പുമായി നിരന്നൊഴുകുന്ന ഗംഗ. നിറയെ ഇലത്താലങ്ങളും പൂവിതൾപ്പൊട്ടുകളും ദീപാങ്കുരങ്ങളും തെന്നി നീങ്ങുന്ന ജലോപരിതലം.

ആരതിത്താലത്തെ കൗതുകത്തോടെ ഗംഗയിൽ സമർപ്പിച്ചു നിർവൃതിപൂണ്ടുനില്ക്കുന്ന ഭക്തവൃന്ദം. അന്യാദൃശമായിരുന്നു പാലത്തിന്മേൽ നിന്നുള്ള ആ ദൃശ്യം. ശരിയ്ക്കും കണ്ണുകൾക്ക് ഉത്സവംതന്നെ.

ഇങ്ങെനയൊന്ന് ലോകത്തിൽ മറ്റെവിടെ കാണും!

തുടർന്നു ഞങ്ങൾ പാപനാശിനിയായ ഗംഗയിൽ പുണ്യസ്നാനം ചെയ്തു. ആരതിയും സമർപ്പിച്ചു. തിരികെ ഹരിദ്വാറിലെ താമസസ്ഥലത്തെത്തി. അത്താഴം കഴിഞ്ഞ് സുഖമായുറങ്ങി.

**കേദാറിലേയ്ക്ക്**

പിറ്റേന്നു പോകേണ്ടതു കേദാറിലേയ്ക്കാണ്. വെളുപ്പിനുണർന്നു. ആറുമണിയ്ക്ക് ഇതാ പത്തൊമ്പതുപേരും യാത്രപുറപ്പെടാൻ ഉത്സുകരായി തയ്യാറായിക്കഴിഞ്ഞു. ഓരോരുത്തരുടേയും മുഖത്തറിയാം ഉൾപ്രസാദം, ആകാംക്ഷ, ഉത്സാഹം, സന്തോഷം, പരസ്പരസ്നേഹം എല്ലാം. അതുതന്നെയായിരുന്നു യാത്രയിലുടനീളം ഉണ്ടായിരുന്ന അതിപ്രധാനമായ തീരാത്ത ഇന്ധനം.

ഗുപ്ത്കാശിയിൽനിന്ന് ഒരു നടയ്ക്കു കേദാറിൽ എത്തില്ല. ഗുപ്ത്കാശിയിൽ ഒരു രാത്രി തങ്ങി ഗൗരീകുണ്ഡലെത്തണം. അവിടെ നിന്നാണ് കയറാൻ തുടങ്ങുക. ഗൗരീകുണ്ഡിനു മൂന്നു കിലോ മീറ്റർമുമ്പു സോൻപ്രയാഗ് വരെ ഞങ്ങളുടെ ട്രാവലർ എത്തും. അവിടുന്നു ട്രെക്കറുകളുണ്ട് ഗൗരീകുണ്ഡിലേയ്ക്ക്.

ഇടവിടാതെ സർവീസ് നടത്തുന്ന ഇത്തരം അനേകം ട്രെക്കറുകളാണ് ഗൗരീകുണ്ഡി ലേയ്ക്ക് എത്താൻ കേദാർതീർത്ഥാടകരുടെ ഏകാശ്രയം.

ഗുപ്ത്കാശിയിലെത്തിയപ്പോൾ രാത്രി ഏതാണ്ട് പതിനൊന്നുമണി. പിറ്റേന്നു വളെര നേരത്തേ ഗൗരീകുണ്ഡിലെത്തണം. എങ്കിലേ സർക്കാർ രജിസ്ട്രേഷൻ വെരിഫൈ ചെയ്ത് നേരത്തേ കയറിത്തുടങ്ങാനാകൂ.

ഉത്തരാഖണ്ഡിലെ പരിപാവനമായ ശിവ ക്ഷേത്രത്തിലേയ്ക്കാണ് പോകേണ്ടത്.

അതെ, കേദാർനാഥ് ! പരമശിവൻ, എല്ലാവ രേയും അവനവന്റെ ഉള്ളിലെ ശാന്തത അനുഭ വിയ്ക്കാൻ അനുഗ്രഹിയ്ക്കുന്ന പരമമംഗളമൂർ ത്തി, വാണരുളുന്ന ധാമം !

ദേവതാത്മാ ഹിമാലയം. ഹിമാലയത്തിലൂടെ വേണം അവിടേയ്ക്കെത്താൻ.

ഹിമാലയം എന്നതു കേട്ടുകേൾവിയേയുള്ളു നമ്മിൽ പലർക്കും. നേരിൽ കണ്ടാലേ അറിയൂ, അതിന്റെ സൗന്ദര്യവും ദുർഗമത്വവും. ഒരു ക്രമവും താളവുമില്ലാത്ത, അനന്തവിസ്തൃതിയിൽ പരന്നുകിടക്കുന്ന ആകാശംമുട്ടുന്ന മലനിരകൾ. കാഴ്ചയിലും ഉറപ്പിലും വിവിധ സ്വഭാവമുള്ള പാറക്കെട്ടുകളാണ് എങ്ങും. ചെറുതും വലുതു മായ മരക്കൂട്ടങ്ങളുമുണ്ട്. പുൽപ്രേദശങ്ങളും കാണാം. ഹരിതാഭയാർന്ന എണ്ണമറ്റ കുന്നുകൾ. ഇരുണ്ട പച്ചനിറംകൊണ്ട് ചക്രവാളത്തെ അലങ്കരിയ്ക്കുന്ന അതിവിസ്മയകരമായ പർവതപ്പടർപ്പ്. ഇവയ്ക്കിടയിൽ ഭയാനകമായ ഗർത്തങ്ങൾ. അവ്യക്തമായ വിദൂരദൃശ്യങ്ങൾ.

അന്തരീക്ഷത്തിൽ സഹജമായ മഞ്ഞും കുത്തിത്തുളയ്ക്കുന്ന കുളിരും. ചിത്രങ്ങളിൽ ക്കാണുമ്പോലെ, മഞ്ഞുകൊണ്ടു വെള്ളിക്കുപ്പായ മണിഞ്ഞ കൊടുമുടികൾ. വനത്തിന്റെ സുന്ദരവും നിഗൂഢവുമായ മൗനം. ആരും തൊടാത്ത പർവതസാനുക്കൾ. അനിർവചനീയമായ ഭൂപ്ര കൃതി. ഇടയ്ക്കിടെ പാറക്കെട്ടുകൾക്കിടയിലൂടെ ഒലിച്ചിറങ്ങുന്ന, വെള്ളിച്ചാർത്തുപോലെയുള്ള കുളിർജല പ്രവാഹങ്ങൾ. അതിൽ ചിലതു താഴ്‌വാരത്തിലെ മുനകൂർത്ത പാറകളിലൂടെ ഒഴുകിവരുന്നുമുണ്ട്. മഞ്ഞുപോലെ തണുത്ത വെള്ളം നമുക്കു കൈക്കുമ്പിളിൽ വാങ്ങാം. ഇത്ര നിർമലമായ ജലം വേറെ കിട്ടാനുണ്ടോ..! ആ ഹിമവത്തീർഥം പലതവണ കൈക്കുമ്പിളിലാക്കി പാനം ചെയ്ത് പൂർവാധികം ഉന്മേഷത്തോടെ ഞങ്ങൾ യാത്ര തുടർന്നു.

മലമടക്കുകൾക്കിടയിൽ ജനിച്ച് അതിലൂടെ വളരുന്ന അളകനന്ദ തുള്ളിത്തകർത്ത്, നുരഞ്ഞു പതഞ്ഞ് നോക്കെത്താദൂരം താഴെ ഒഴുകിക്കൊ ണ്ടേയിരിയ്ക്കുന്നത് പലേടത്തും കാണാം. ആകെക്കൂടി സൗന്ദര്യവും ഗാംഭീര്യവും മുറ്റി അഴകാർന്ന് മിഴിവോടെ നമ്മുടെ അതിർത്തി കാക്കുന്ന ഹിമവാൻ മറക്കാനാവാത്ത അനുഭവ മാണ് സമ്മാനിയ്ക്കുക, ആർക്കും.

(തുടരും....)

## ചെറുകഥ - കവിതാ-സമസ്യാപൂരണ മത്സരങ്ങൾ.

മലയാള ബ്രാഹ്മണ സമാജം 2025ൽ നടത്തുന്ന നവതി ആഘോഷങ്ങളുടെ ഭാഗമായി സമാജാംഗങ്ങൾക്കായി ബ്രഹ്മ ശ്രീ ചെറുകഥ, കവിതാ, സമസ്യാ പൂരണ മത്സരങ്ങൾ നട ത്തുന്നു. രണ്ടു വിഭാഗങ്ങൾ ആയി നടത്തുന്ന മത്സര വിവരങ്ങൾ താഴെ കൊടുക്കുന്നു.

കാറ്റഗറി 1 - പ്രായം -

18 വയസിനു താഴെ

കാറ്റഗറി 2 - പ്രായം -

18 വയസിനു മുകളിൽ

**ചെറുകഥകൾ**

4 പുറത്തിൽ കവിയരുത്.

വിഷയം എന്തുമാകാം.

**കവിതകൾ**

ഭാഷാ/സംസ്കൃതവൃത്തത്തിൽ

എഴുതിയത് ആകണം.

പരമാവധി 32 വരികൾ .

വിഷയം എന്തുമാവാം.

വിജയികൾക്കുള്ള സമ്മാനം

സംസ്ഥാന സമ്മേളന വേദിയിൽ

വച്ച് നൽകുന്നതായിരിക്കും.

സമ്മാനാർഹമായതും നിലവാരമു ള്ളതുമായ രചനകൾ ബ്രഹ്മശ്രീ സ്മരണി കയിൽ ഉൾകൊള്ളിക്കുന്നതായിരിയ്ക്കും.

കൂടുതൽ വിവരങ്ങൾ വരും ലക്കങ്ങളിൽ.

-പത്രാധിപസമിതി

# വായനക്കാർക്ക് ബ്രഹ്മശ്രീയുടെ ഓണാശംസകൾ

## ഉപനയനം - പ്രണീത് ദിലീപൻ





എറണാകുളം ശാഖ മഞ്ഞുമ്മൽ താമരപ്പിള്ളി ഇല്ലത്ത്
ബ്രഹ്മശ്രീ ദിലീപന്റെയും രമ്യയുടെയും പുത്രൻ പ്രണീതിന്റെ ഉപനയനവും
സമാവർത്തനവും 15-04-2024 തിങ്കളാഴ്ച സ്വഗൃഹത്തിൽ വെച്ച് മംഗളകരമായി നടന്നു.







തൃശ്ശൂർ എങ്ങണ്ടിയൂർ കൊണഞ്ചേരി ഇല്ലത്ത് ശ്രീ ദാമോദരൻ ഇളയതിന്റെയും ശ്രീമതി ജീജ ദാമോദരന്റെയും പുത്രി **നയന**യും എറണാകുളം മഞ്ഞുമ്മൽ താമരപിള്ളി ഇല്ലത്ത് യശ: ശരീരനായ ബ്രഹ്മശ്രീ വാസുദേവൻ ഇളയതിന്റെയും ശ്രീമതി സുഷമാദേവി അന്തർജനത്തിന്റെയും പുത്രൻ **ഉണ്ണി**യും തമ്മിലുള്ള വേളി 2024 ജൂൺ 1 ന് എങ്ങണ്ടിയൂർ സൗപർണ്ണിക ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. തദവസരത്തിൽ കൊണഞ്ചേരി ഇല്ലം കുടുംബാംഗങ്ങൾ

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)